www.malankaralibrary.com






കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. സ്വീകാര്യമായ സമയത്തു നിന്റെ ദാസ്യതയും കന്യാത്വവും അവിടുന്നു മാനിച്ചു ഫലവത്താക്കി. അതിനാൽ രക്ഷയുടെ ദിവസം പാപികളായ ഞങ്ങൾക്കു വന്നുചേർന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com



www.malankaralibrary.com

# ക്രൈസ്തവ കാഹളം



ജൂലൈ 2025 വാല്യം 86 ലക്കം 7




## ഉള്ളടക്കം

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

എഡിറ്റോറിയൽ 05
പിതൃമൊഴി 07
കുരിശിൽ വസന്തമണിഞ്ഞ പുനരൈക്യവും പുനരൈക്യത്തിൽ വിടർന്ന പൗരോഹിത്യവും 10
ശതാബ്ദിയിൽ നിന്ന് ധന്യൻ മാർ ഈവാനിയോസ് പിതാവിലേക്ക് നോക്കുമ്പോൾ 18
പുനർവിചാരം 22
അനന്തമായ പ്രേഷിത മേഖലയിലേക്കുള്ള പടിയേറ്റം 23
എല്ലാവർക്കും എല്ലാമാകാൻ 26
വിവേകിയായ വികാരി ജനറാൾ 30
ദൈവനിയോഗത്തിന്റെ സുകൃത വഴികൾ 33
വി. ബീഡ് 37
അവാർഡിന്റെ ന്യായാന്യായങ്ങൾ 48
ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്) 52

www.malankaralibrary.com





# ഓർമപ്പെരുന്നാളിൽ മറന്നുപോകരുതാത്തത്!

ധന്യൻ ആർച്ചുബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 72-ാം ഓർമപ്പെരുനാൾ ആഗതമായിരിക്കുന്നു. ഇത്തവണ മറ്റൊരു പ്രത്യേകത കൂടിയുണ്ട് - അദ്ദേഹത്തിന്റെ മെത്രാഭിഷക ത്തിന്റെ നൂറാം വർഷം കൂടിയാണിത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് ധന്യൻ ആർച്ചുബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജീവിതം ഒരു പരിശുദ്ധാത്മ നിറവുള്ള പാഠപുസ്തകമാണ്. പിൻതിരിഞ്ഞു നോക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളിലെല്ലാം ദൈവത്തിന്റെ അനന്തപരിപാലനയുടേയും ദൈവനടത്തിപ്പിന്റെയും വെളിച്ചം കാണാൻ കഴിയും. മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു (ജറെമിയാ 1 : 5) എന്ന ജറമിയാ പ്രവചനം അക്ഷരാർത്ഥത്തിൽ നിറവേറി ക്കൊണ്ടിരിക്കുന്നതിന് നാം സാക്ഷികളാണ്.

നൂറു വർഷം മുമ്പ് സംഭവിച്ച പിതാവിന്റെ മെത്രാഭിഷേകവും അത്തരത്തിൽ നാം കാണേണ്ടുന്ന ദൈവിക ഇടപെടലിന്റെ ഒരടയാളമാണ്. അദ്ദേഹത്തിന്റെ മെത്രാഭിഷേക ശതാബ്ദിയുടെ ഈ അവസരം നമുക്ക് അദ്ദേഹത്തിന്റെ ജീവിതത്തിലെ ദൈവിക ഇടപെടലുകളെ കൂടുതൽ കണ്ടെത്താനുള്ള അവസരമാകണം. അദ്ദേഹത്തിന്റെ ജീവിതത്തെ അധികരിച്ച് കൂടുതൽ പഠനങ്ങൾ നടക്കണം. വൈകാരിക തലത്തിൽ തിരുമേനിയെ ഹൃദയത്തോടു ചേർത്തു പിടിക്കുന്നതിനൊപ്പം ബൗദ്ധികമായ ഗവേഷണങ്ങളും വിശകലനങ്ങളും നമ്മുടെ ഭാഗത്തുനിന്നുണ്ടാവണം. വരുംതലമുറയ്ക്ക് കൈമാറാൻ ഓർമകളുടെ സുഗന്ധം മാത്രം പോരാ - സത്തയുള്ള തിരിച്ചറിവുകളും അനിവാര്യമാണ്. അങ്ങനെ കൂടിയാണ് ഈ ശതാബ്ദി ആഘോഷിക്കപ്പെടേണ്ടത്.

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമപ്പെരുനാൾ ജൂലൈ പതിനഞ്ചിന് നാമാചരിക്കുമ്പോൾ അത് അദ്ദേഹത്തെ കൂടുതൽ അറിയാനുള്ള അവസരമാകട്ടെ. കൂടുതൽ അറിയുന്തോറും ഉള്ളിൽ അത്ഭുതത്തിന്റെ പുതിയ തിരികളാണ് അദ്ദേഹത്തിന്റെ ജീവിതം നമ്മിൽ തെളിക്കുന്നത്. അതാണ് മാർ ഈവാനിയോസ് തിരുമേനി. നാമറിയുന്ന മാർ ഈവാനിയോസ് തിരുമേനി എം. എ. അച്ചൻ, പി. റ്റി. ഗീവർഗ്ഗീസ് എന്ന പ്രഗൽഭ വൈദികൻ, എം. ഡി. സെമിനാരി സ്കൂൾ പ്രിൻസിപ്പൽ, സെറാമ്പൂരിലെ പ്രൊഫസർ, ബഥനിയുടെ സ്ഥാപകൻ, ബഥനി മെത്രാപ്പോലീത്ത, പുനരൈക്യ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ എന്നിവയാണ്. 1930 വരെ അഭിവന്ദ്യ പിതാവ് ഇതെല്ലാമായിരുന്നു. എന്നാൽ ഇതെല്ലാം ആയിരുന്നത് തന്നെ സ്നേഹിച്ച, പ്രോത്സാഹിപ്പിച്ച, അനേകായിരം ആളുകളുടെ നടുവിലായിരുന്നു. സ്വന്തം സമുദായത്തിന്റെ പിൻബലം പിതാവിനെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ 1930-ൽ പുനരൈക്യ സംഭവത്തിനുശേഷം തിരുവനന്തപുരത്തെത്തിയ തിരുമേനിയെ പിന്നീടു കാണുന്നത് വിശ്രമമില്ലാതെ അത്യദ്ധ്വാനം ചെയ്യുന്ന അജപാലകനായിട്ടാണ്. പകലിന്റെ ദൈർഘ്യം സ്വയം കൂട്ടി, രാത്രിയെ പകലാക്കി മാറ്റി പിതാവ് അത്യദ്ധ്വാനം ചെയ്യുന്നതാണ് നാം കാണുന്നത്. ഒരു പക്ഷേ പിതാവിന്റെ ജീവിതത്തെക്കുറിച്ച് എഴുതപ്പെട്ട ചരിത്രങ്ങളിൽ ഇനിയും വേണ്ടത്ര ഗൗരവമായി പരാമർശിക്കപ്പെട്ടിട്ടില്ലാത്തതോ, ചർച്ച ചെയ്യപ്പെടാത്തതോ ആയ ചില

www.malankaralibrary.com


ഏടുകളാണിവ. കഠിനാധ്വാനത്തിന്റെയും ത്യാഗത്തിന്റെയും കനൽ വഴികൾ താണ്ടിയപ്പോൾ പലപ്പോഴും പിതാവ് തന്റെ പ്രിയപ്പെട്ടവരുടെയിടയിൽ ഏറെ ഒറ്റപ്പെട്ടുപോയി. എന്നാൽ ദൈവത്തിന്റെ കൈകളിലെ ഉപകരണമാണെന്നു തിരിച്ചറിഞ്ഞപ്പോൾ, ഒരു അനാഥബാലനെപ്പോലെ താൻ പരിത്യക്തനായ സന്ദർഭങ്ങളിലൊന്നും പിതാവ് പതറിപ്പോയില്ല. ഏറ്റവും പ്രിയപ്പെട്ടവർ 'വഞ്ചകൻ' എന്ന് പരിഹസിച്ചപ്പോൾ, പിതാവിനറിയാമായിരുന്നു താൻ ആരേയും വഞ്ചിച്ചിട്ടില്ലായെന്ന്. തന്നോടുള്ള സ്നേഹത്തിന്റെ പാരമ്യത്തിൽ നഷ്ടദുഃഖത്താലായിരുന്നു അവർ അങ്ങനെ വിളിച്ചതെന്നും പിതാവിനറിയാമായിരുന്നു.

നീണ്ട ഇരുപത്തിരണ്ടു വർഷക്കാലം സഭയെ, പ്രത്യേകിച്ച് തിരുവനന്തപുരം മേജർ അതിരൂപതയെ കെട്ടിപ്പടുക്കുവാൻ പിതാവ് ഏറ്റെടുത്ത ത്യാഗം നമുക്കു മറക്കുവാൻ കഴിയില്ല. എം.ഡി. സെമിനാരി സ്കൂളിന്റെ പ്രിൻസിപ്പൽ ആയിരിക്കുമ്പോൾ ആ സ്കൂളിനെകുറിച്ച് പിതാവിന് ഒരു സ്വപ്നമുണ്ടായിരുന്നു. എന്നാൽ ആ സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടത് പിൽക്കാലത്ത് മാർ ഈവാനിയോസ് കോളേജ് സ്ഥാപിക്കപ്പെട്ടതോടുകൂടിയാണ്. ഒരു സർവ്വകലാശാലയുടെ തലത്തിലേക്ക് വളരുവാൻ പ്രാപ്തയായി ആ കലാലയം വളർന്നിരിക്കുന്നു. തിരുവനന്തപുരം അതിരൂപതയുടെ മുക്കിലും മൂലയിലും ചെറുതും വലുതുമായ അനേകം സ്കുളുകൾ പിതാവ് സമാരംഭിച്ചു. മദ്രാസ്, തിരുവിതാംകൂർ സർവ്വകലാശാലകളില പൗരസ്ത്യഭാഷാ സമിതിയുടെ അദ്ധ്യക്ഷ സ്ഥാനം മരണംവരേയും പിതാവ് വഹിച്ചിരുന്നു.

തിരുവനന്തപുരം നഗരത്തിൽ തന്റേതെന്നു പറയുവാൻ ആളും അർത്ഥവുമില്ലാതിരുന്ന കാലഘട്ടത്തിലാണ് പിതാവ് അതിരൂപതക്ക് അടിസ്ഥാനമിട്ട് ചുവടുറപ്പിച്ചത്. ഇന്ന് നാം ഈ നഗരത്തിൽ അനുഭവിക്കുന്ന അനേകം സൗകര്യങ്ങളുടെ നടുവിൽ നിൽക്കുമ്പോൾ നമുക്ക് മറക്കാനാകില്ല, മാർ ഈവാനിയോസ് തിരുമേനിയെ. ഭരണാ സിരാകേന്ദ്രം കൂടിയായ തിരുവനന്തപുരത്ത് ഒരു രാഷ്ട്രീയ ചിന്തകൻ എന്ന നിലയിൽ കൂടി പിതാവ് പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു. സർ സി.പി.യെ പോലുള്ള രാഷ്ട്ര തന്ത്രജ്ഞൻമാർക്ക് തിരുമേനിയോട് വ്യക്തിപരമായി വളരെ അടുപ്പമുണ്ടായിരുന്നു. വ്യക്തിപരമായ അടുപ്പങ്ങളെയൊക്കെ സഭയുടെ വളർച്ചക്കായി പിതാവ് മാറ്റിയെടുത്തു. അതിരൂപത വ്യാപിച്ചു കിടന്ന വിശാലമായ ഭൂപ്രദേശത്ത് ധാരാളം ഇടവക സമൂഹ ങ്ങൾ രൂപീകരിക്കുന്നതിന് പിതാവ് ഏറെ ക്ലേശങ്ങൾ സഹിച്ചു. അല്പം പോലും വിശ്രമിക്കാതെ ശക്തമായ അടിത്തറയിട്ട് സ്വന്തം കാലിൽ നിൽക്കുവാൻ അതിരൂപതയെ പ്രാപ്തമാക്കിയിട്ടാണ് പിതാവ് വിടവാങ്ങിയത്.

പുനരൈക്യ സംഭവത്തിനുശേഷം പിതാവ് ജീവിച്ചത് തിരുവനന്തപുരത്താണ്. സഭയെ കെട്ടിപ്പടുക്കുവാൻ അത്യദ്ധ്വാനം ചെയ്തത് ഇവിടെയാണ്. പ്രേഷിത ആഭിമുഖ്യത്തിലേക്ക് അതിരൂപതയെ നയിച്ചു. ഇന്നും ആ ചൈതന്യം നഷ്ടപ്പെടാതെ മിഷനുകളിൽ ശുശ്രൂഷ ചെയ്യുവാൻ കഴിയുന്നത്, അതുപോലെ ശക്തമായ അടിത്തറ പിതാവ് നൽകിയതുകൊണ്ടാണ്. എണ്ണിയാൽ തീരാത്ത നന്മകളാണ് പിതാവ് നമുക്കു നൽകിയത്. ആരുടെയും മുന്നിൽ തല കുനിക്കാതെ നേരെ നിൽക്കുവാൻ നമുക്കു കഴിയുന്നുവെങ്കിൽ അതിനു പിന്നിൽ രാത്രിയുടെ യാമങ്ങളിൽ നെഞ്ചത്തടിച്ച് നിലവിളിച്ചു പ്രാർത്ഥിച്ച മാർ ഈവാനിയോസ് തിരുമേനിയും തിരുമേനിയുടെ വിശ്രമമില്ലാത്ത കഠിനാദ്ധ്വാനവും ഉണ്ട്. അതിനു മുകളിലാണ് നാം നില്ക്കുന്നത്. ഈ പുണ്യപിതാവിനായി ദൈവത്തിനു നന്ദി പറയാം.





ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com



## പിതൃമൊഴി

# ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമപ്പെരുന്നാളും മെത്രാഭിഷേക ശതാബ്ദിയും



മലങ്കര സഭയുടെ വിഭജനത്തിന്റെ മുറിവുണക്കാനും അനേകായിരങ്ങളെ സത്യവിശ്വാസത്തിന്റെ പാതയിലേക്ക് നയിക്കാനും ദൈവത്താൽ നിയോഗിതനായ ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 72-ാം ഓർമ്മപ്പെരുന്നാൾ 2025 ജൂലൈ 15ന് പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ ആചരിക്കുന്നു. അതോടൊപ്പം പുണ്യപിതാവിന്റെ മെത്രാഭിഷേക ശതാബ്ദിയും നാം ആഘോഷിക്കുന്നു. ജൂലൈ 1 മുതൽ 14 വരെ ഓർമ്മപ്പെരുന്നാളിന് ഒരുക്കമായി കബറിങ്കൽ ഒരുക്ക ശുശ്രൂഷകൾ നടക്കുന്നതാണ്. ജൂലൈ 1 മുതൽ 15 വരെ നമ്മുടെ സഭയിൽ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിത മാതൃകയും ദർശനവും സ്വാംശീകരിക്കുന്നതിന്റെ ഭാഗമായി നോമ്പ് അനുഷ്ഠിക്കുന്നതിനുള്ള അവസരം കൂടിയാണിത്. നിർബന്ധപൂർവമല്ലെങ്കിലും ഏവരേയും ഇക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കേണ്ടത് ഏവരുടെയും കടമയാകുന്നു. നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവർ ജീവിച്ചിരിക്കുമ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ ഓർക്കുന്നത് സഭാമക്കളായ നമ്മെ സംബന്ധിച്ച് അനുഗ്രഹവും പുണ്യവുമാണ്. ധന്യമായ ഈ ഓർമ്മയാചരണം നമ്മുടെ സഭയ്ക്ക് പുത്തൻ ഉണർവ് പകരുന്നതിനും കൂടുതൽ ദൈവാനുഗ്രഹം പ്രാപിക്കുന്നതിനുമുള്ള അവസരമാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഇതോടനുബന്ധിച്ച് ക്രമീകരിക്കുന്ന ആത്മീയ ശുശ്രൂഷകളിൽ പങ്കുചേർന്ന് ദൈവാനുഗ്രഹം പ്രാപിക്കുവാൻ സഭാമക്കളേവരെയും ഹൃദയപൂർവം ഞാൻ സ്വാഗതം ചെയ്യുന്നു.

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തെ അത്ഭുതാദരവോടെ മാത്രമേ നോക്കികാണുവാൻ സാധിക്കൂ. കാലം കഴിയുന്തോറും ആ ജീവിത ദർശനത്തിന്റെയും നിലപാടുകളുടെയും പ്രസക്തി വർദ്ധിക്കുകയാണ്. തലമുറകൾ കാത്തിരുന്ന ഐക്യത്തിന്റെയും സമാധാനത്തിന്റെയും പാത തിരിച്ചറിയുവാനും ആ പാതയിലൂടെ എല്ലാ പ്രതികൂലങ്ങളെയും അതി

www.malankaralibrary.com



ജീവിച്ച് മുന്നേറുവാനും മാർ ഈവാനിയോസ് തിരുമേനിക്ക് കഴിഞ്ഞു. സത്യാന്വേഷണത്തിലൂടെയും അഗ്നി അനുഭവങ്ങളിലൂടെയും തിരിച്ചറിഞ്ഞ നേരിന്റെ വാതായനങ്ങൾ തലമുറകൾക്കായി അദ്ദേഹം തുറന്നിട്ടു. പിന്നിട്ട ഗദ്സമെൻ അനുഭവങ്ങൾ തന്റെ വ്യക്തിത്വത്തെ പ്രഭാപൂരിതമാക്കി. നടന്നുനീങ്ങിയ വഴികളിൽ സ്വർഗീയ അംഗീകാരത്തിന്റെയും സംരക്ഷണത്തിന്റെയും മുദ്ര പതിച്ചു. വന്ദ്യ പിതാവ് തെരഞ്ഞെടുത്ത പാത ദൈവഹിതാനുസരണമായിരുന്നു എന്നതിന് ഏറ്റവും വലിയ തെളിവാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സമസ്ത മേഖലകളിലുള്ള വളർച്ചയും സഭയ്ക്ക് സാർവത്രികമായി ലഭിച്ചുകൊണ്ടിരിക്കുന്ന അംഗീകാരവും.

### മെത്രാഭിഷേക ശതാബ്ദി ആഘോഷങ്ങൾ

ധന്യൻ മാർ ഈവാനിയോസ് തിരുമേനി ശ്രേഷ്ഠാചാര്യ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിട്ട് നൂറുവർഷങ്ങൾ പിന്നിടുന്നു. മലങ്കര സഭയിൽ സമാധാനത്തിന്റെയും ശാന്തിയുടെയും സൂര്യതേജസാകുവാൻ വിളിക്കപ്പെട്ടതായിരുന്നു ആ മേല്പട്ട ശുശ്രൂഷ. സന്യാസജീവിതത്തിൽ രൂഢമൂലമാക്കപ്പെട്ട ആ ജീവിതം വേറിട്ടതും മറ്റുള്ളവർക്ക് വെല്ലുവിളികൾ പകർന്നു നൽകുന്നതുമായിരുന്നു. 1925 മെയ് 1-ന് നിരണം പള്ളിയിൽവെച്ചു അദ്ദേഹം മെത്രാഭിഷേകം സ്വീകരിച്ചു. തദ്അവസരത്തിൽ വന്ദ്യ പിതാവ് ചെയ്ത പ്രസംഗം സത്യവിശ്വാസത്തിന്റെ മാർഗം സഭ സ്വീകരിക്കണമെന്നും ദൈവവിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് സഭാമക്കൾ കടന്നുവരണമെന്നും ആഹ്വാനം ചെയ്തു: "കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെല്ലാവരും പഴയകാലത്ത് ഒരു സഭയായിരുന്നപ്രകാരം യഥാർത്ഥമായ പുനരൈക്യം സാധിച്ച്, 'ഒരു സഭയും ഒരു ഇടയനും' എന്ന വേദോക്തിയെ കേരളീയ സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും യാഥാർഥ്യമാക്കാൻ പരിശ്രമിക്കണം". "നമ്മുടെ ഇടയിൽ സർവപ്രധാനമായ കുറവ് ദൈവഭക്തിയുടെ അഭാവമാണെന്ന് ഞാൻ വിശ്വസിക്കുന്നു''. ദൈവീക പദ്ധതികളോട് എന്നും എപ്പോഴും 'ഇതാ ഞാൻ' എന്ന് സമ്മതിച്ചേറ്റു പറഞ്ഞ മേല്പട്ട ശുശ്രൂഷ കനൽവഴികൾ താണ്ടിയുള്ളതായിരുന്നു. വെറുംകൈയോടെ മുണ്ടൻ മലയിറങ്ങിയപ്പോഴും മുന്നോട്ടുള്ള വഴി ഇരുളടഞ്ഞതായിരുന്നില്ല, 'ദൈവം നോക്കിക്കൊള്ളും', എന്ന ബോധ്യമായിരുന്നു വന്ദ്യ പിതാവിന്റെ കൈമുതൽ. ദൈവിക പദ്ധതികളോടു ചേർന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് രൂപം നൽകി വളർത്തി വലുതാക്കിയ പുണ്യജീവിതം നമുക്ക് മാതൃകയും പ്രചോദനവുമാണ്. ശ്ലൈഹിക ശുശ്രൂഷ സുവിശേഷത്തിന് കാവലും കൂട്ടായ്മയ്ക്ക് കരുത്തും നൽകുകയാണെന്ന പാഠം നൽകിയ ജീവിതമാണ് ധന്യൻ മാർ ഈവാനിയോസ് പിതാവിന്റേത്. മലങ്കര സഭയുടെ പുനരേകീകരണം ഈ ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ സ്വപ്നമായിരുന്നു. പുണ്യപിതാവിന്റെ ധന്യമായ ശ്രേഷ്ഠാചാര്യ ശുശ്രൂഷയിലൂടെ ലഭ്യമായ നിരവധി അനുഗ്രഹങ്ങൾക്ക് ഓർമ്മതിരുനാളിൽ സഭയായി ദൈവതിരുമുമ്പാകെ നമുക്ക് നന്ദി പറയാം.

### ഓർമ്മപ്പെരുന്നാൾ-2025

2025 ജൂലൈ 1 മുതൽ 14 വരെ ദിവസങ്ങളിൽ വന്ദ്യപിതാവ് കബറടങ്ങിയിരിക്കുന്ന പട്ടം, സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ ഓർമ്മപ്പെരുന്നാൾ പ്രത്യേകമായി ആചരിക്കുന്നു. ഈ ദിവസങ്ങളിൽ വി. കുർബാന, ധൂപപ്രാർത്ഥന, പ്രഭാഷണം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ജൂലൈ 10-ന് പെരുന്നാട്ടിൽ നിന്നാരംഭിക്കുന്ന തീർത്ഥാടന പദയാത്ര 14-ന് വൈകുന്നേരം 5.00 മണിക്ക് കബറിൽ എത്തിച്ചേരുന്നതാണ്. വൈകുന്നേരം 6.30-ന് സന്ധ്യാപ്രാർത്ഥനയും തുടർന്ന് ആഘോഷമായ മെഴുകുതിരി പ്രദക്ഷിണവും ഉണ്ടായിരിക്കുന്നതാണ്. ഓർമ്മപ്പെരുന്നാൾ ദിനമായ 15-ന് ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും ബഹു. വൈദികരും സഹകാർമ്മികത്വം വഹിക്കുന്നതാണ്.

### മുഖ്യാതിഥി

ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷത്തിലും 72-ാം ഓർമ്മപ്പെരുന്നാളിലും മുഖ്യാതിഥിയായി എത്തുന്നത് തിരുസിംഹാസനത്തിന്റെ അന്തർദേശീയ കാര്യാലയത്തിലെ മുഖ്യകാര്യദർശി (സെക്രട്ടറി) ആർച്ചുബിഷപ്പ് പോൾ ഗല്ലഗർ തിരുമേനിയാണ് എന്ന വിവരം സസന്തോഷം

www.malankaralibrary.com





ഏവരേയും അറിയിക്കുന്നു. തിരുസിംഹാസനത്തോട് നമ്മുടെ സഭയ്ക്കുള്ള ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

**പദയാത്ര – 2025**

ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചു റാന്നി പെരുന്നാട്ടിൽനിന്നും ആരംഭിക്കുന്ന പ്രധാന തീർത്ഥാടന പദയാത്ര 2025 ജൂലൈ 10–ന് വ്യാഴാഴ്ച രാവിലെ 6.30–ന് വി. കുർബാനയോടെ ആരംഭിക്കുന്നതാണ്. ഇതോടൊപ്പം നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളിൽ വിവിധ ഭദ്രാസനങ്ങളിൽനിന്നും പദയാത്രകൾ ആരംഭിക്കുന്നതും ജൂലൈ 14–ന് വന്ദ്യ പിതാവിന്റെ കബറിങ്കൽ എത്തിച്ചേരുന്നതുമാണ്.

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തോടു ചേർന്നുനിൽക്കാനും അതിലൂടെ യേശുക്രിസ്തുവിന് സജീവ സാക്ഷ്യം വഹിക്കാനുമുള്ള അവസരമാണ് പദയാത്ര. ഈ പുണ്യയാത്രയെ സ്വയം വിശുദ്ധീകരണത്തിനും സഭയുടെ വിശുദ്ധീകരണത്തിനുള്ള അവസരമാക്കി മാറ്റാം. പ്രാർത്ഥനയോടും നോമ്പനുഷ്ഠാനത്തോടുംകൂടെ പദയാത്രയിൽ പങ്കുചേരുവാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. തീർത്ഥാടന പദയാത്രയിൽ സംബന്ധിക്കുന്നവർ ആത്മീയ ഒരുക്കത്തോടെ ആയിരിക്കണം എന്നത് സ്നേഹത്തോടെ ഓർമ്മപ്പെടുത്തുന്നു. അച്ചടക്കവും പ്രാർത്ഥനാപൂർവമായ പങ്കാളിത്തവും നിർബന്ധമായി കാത്തുസൂക്ഷിക്കണം. ധന്യൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധരുടെ ഗണത്തിൽ ചേർത്ത് മധ്യസ്ഥനായി നൽകണമെന്നു പദയാത്രയിലൂടനീളം പ്രാർത്ഥിക്കാം.

ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചു 15 ദിവസത്തെ ശുശ്രൂഷകളുടെ ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ നേർച്ചയായി സമർപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. വിവിധ ശുശ്രൂഷകളുടെ സാമ്പത്തിക ചിലവുകൾ ഭാഗികമായോ പൂർണമായോ നേർച്ചയായി നൽകാവുന്നതാണ്. ഇതു സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം പട്ടത്തുള്ള നാമകരണ നടപടികാര്യാലയത്തിലെ 9447429520 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ഈ ആവശ്യങ്ങൾക്കായി സമർപ്പിക്കുന്ന തുക നാലാഞ്ചിറ സൗത്ത് ഇന്ത്യൻ ബാങ്കിൽ ആരംഭിച്ചിരിക്കുന്ന അക്കൗണ്ടിലേക്ക് അയക്കാവുന്നതാണ്. (Accounting Name - Mar Ivanios Day Celebrations Major Archdiocese of Trivandrum. Account No. 0483053000020740. IFSC Code: SIBL0000483. The South Indian Bank, Nalanchira, Trivandrum.)

ഇക്കാര്യത്തിൽ ഏവരുടെയും ശ്രദ്ധയും സമർപ്പണവും പ്രത്യേകം ഉണ്ടാകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ കാല്പാടുകൾ പിന്തുടർന്ന് നമ്മുടെ സഭയെ കൂടുതൽ സ്നേഹിക്കാനും സഭയ്ക്കുവേണ്ടി പ്രവർത്തിക്കാനും നമ്മെതന്നെ സമർപ്പണം ചെയ്യാം. ദൈവപരിപാലനയിൽ ആശ്രയിച്ച് പുണ്യപിതാവിനോട് മധ്യസ്ഥം അപേക്ഷിക്കാം: ധന്യൻ മാർ ഈവാനിയോസ് പിതാവേ, ഞങ്ങൾക്കായി അപേക്ഷിക്കണമേ.

ദൈവം നിങ്ങളെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്

www.malankaralibrary.com



# കുരിശിൽ വസന്തമണിഞ്ഞ പുനരൈക്യവും പുനരൈക്യത്തിൽ വിടർന്ന പൗരോഹിത്യവും





ബ്ര. റൂബൻ പള്ളിപ്പറമ്പിൽ

*Silere non possam!* ഈ വാക്കുകൾ എനിക്ക് ആദ്യം കൗതുകമായിരുന്നു. ഒരു പക്ഷേ ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽ നിന്ന് എന്ന പുസ്തകം ആവേശത്തോടെ വായിക്കാൻ അനേകരെ പ്രചോദിപ്പിച്ച ഒരു വാക്യം ഇതായിരിക്കണം. അലയടിക്കുന്ന തിരമാലകൾക്കപ്പുറം ശാന്തതയുടെ സമുദ്രം എന്നപോലെ ദൈവഹിതം അന്വേഷിക്കുകയും അതു ശ്രവിക്കുകയും ചെയ്യുന്ന ധ്യാനാത്മകതയും തീക്ഷമായ പ്രാർത്ഥനാജീവിതവും കൈമുതലായുള്ള രണ്ടും വ്യക്തിത്വങ്ങൾ– പരി. പിതാവ് ബനഡിക്റ്റ് പതിനാറാമൻ പാപ്പയും, കർദ്ദിനാൾ റോബർട്ട് സറായും– പൗരോഹിത്യ ജീവിതാന്തസ്സിനു നേരെ ആഞ്ഞടിക്കുന്ന ആപേക്ഷിതയുടെ തിരമാലകൾ കണ്ടിട്ട് പറഞ്ഞ വാക്കുകളാണിവ, “മൗനമായിരിക്കാൻ ഞങ്ങൾക്ക് കഴിയില്ല.”

കത്തോലിക്കാ പൗരോഹിത്യത്തിന്റെ ഭാവിയെക്കുറിച്ച് സഭയ്ക്കുള്ളിൽ വ്യത്യസ്ത ചിന്തകൾ ചർച്ച ചെയ്യപ്പെടാൻ ഇടയാക്കിയ സുനഹദോസായിരുന്നു 2019 ഒക്ടോബറിൽ ആമസോണിയൻ ഭൂപ്രദേശത്തിന്റെ ഭാവിയെക്കുറിച്ച് ആലോചന നടത്താൻ കൂടിയ ആമസോൺ സുനാഹദോസ്. മനസ്സിൽ കാണാൻ സാധ്യതയുള്ളവ മാനത്തു കണ്ട് വൈകുന്നേരം അപ്പത്തോടൊപ്പം എരിവും പുളിയും ചേർത്ത് വിളമ്പുന്ന നവമാധ്യമ സിനഡ്



ഈ സുന്നഹദോസിന് മാസങ്ങൾക്ക് മുന്നേ ചേർന്നിരുന്നു. തീർത്തും അപലനീയവും ശോചനീയവുമായ കാഴ്ച്ചപ്പാടുകൾ പ്രമുഖ സ്ഥാനങ്ങൾ കരസ്ഥമാക്കുന്നതു കണ്ട രണ്ട് ഹൃദയങ്ങൾ പരസ്പരം സംസാരിച്ചതിന്റെ ഫലമായി രൂപം പ്രാപിച്ച രചനയാണ്. 'ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽനിന്ന്' എന്ന ഗ്രന്ഥം. പൗരോഹിത്യത്തെക്കുറിച്ചുള്ള ആഴമായ ദൈവശാസ്ത്രവും, സഭാവിജ്ഞാനീയവും, അജപാലന ദർശനവും പങ്കുവയ്ക്കുന്ന ഈ ഗ്രന്ഥം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ പൗരോഹിത്യം അന്യമായ കുപ്പയല്ല അനന്യമായ കൃപയാണ് എന്ന് വ്യക്തമാക്കുന്നു.

'യഥാർത്ഥത്തിൽ ആർക്കുവേണമെങ്കിലും ഇതിനെ പൂർത്തീകരിക്കുകയോ വിമർശന വിധേയമാക്കുകയോ ചെയ്യാം' എന്ന് രണ്ടു ഗ്രന്ഥകർത്താക്കളും ചേർന്ന് ഈ പുസ്തകത്തിന്റെ ആമുഖത്തിൽ എഴുതിയിരിക്കുന്ന വരികളാണ് എന്നെ ഈലേഖനം എഴുതാൻ നിർബന്ധിച്ചത്. പുനരൈക്യാനന്തര കാലഘട്ടത്തിൽ ജീവിക്കുന്ന എനിക്ക്, മലങ്കര സഭയുടെ പ്രത്യേകിച്ചും ആഗോള സഭയോടു പൊതുവായും പുനരൈക്യത്തിൽ വിടർന്ന ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ പൗരോഹിത്യ ജീവിതം കാട്ടിക്കൊണ്ട് പറയാതിരിക്കാൻ വയ്യ. *Silese non possum*- ഈ ലേഖനം അതിനാൽ ഒരു പുനർവായനയാണ് ലക്ഷ്യം വയ്ക്കുന്നത്.

### ലൂക്കാ 15: യേശുവിന്റെ പൗരോഹിത്യ യാത്ര

വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തെ ഒരു വിശ്വാസി കണ്ടെത്തുന്നത് യേശു എന്ന വ്യക്തിയിലാണ്. അവൻ വാഗ്ദാനങ്ങളുടെ പൂർത്തീകരണവും വെളിപാടിന്റെ പ്രകാശവും രക്ഷയുടെ പാലനവുമാണ്. അവനിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് എത്തുന്നില്ല. ഇപ്രകാരം ദൈവ മനുഷ്യ ബന്ധത്തിൽ പഴയതെല്ലാം പൂർത്തീകരിച്ച് പുതിയ അദ്ധ്യായനം തുറന്ന യേശുവിന്റെ മനുഷ്യാവതാരവും പെസഹാരഹസ്യങ്ങളും ആഘോഷിക്കപ്പെടുന്ന ജീവിതമാണ് പൗരോഹിത്യ ജീവിതം. പൗരോഹിത്യ വംശത്തിലല്ല യേശു പിറന്നത്. പക്ഷെ അവൻ മെക്കിസദേക്കിന്റെ ക്രമപ്രകാരം



എന്നന്നേക്കും പുരോഹിതനാകുന്നു. അവൻ ഒരേ സമയം ബലിയർപ്പകനും, ബലിയും അത് കൈക്കൊള്ളുന്നവനുമാകുന്നു. അവന്റെ പൗരോഹിത്യം അവൻ ആഘോഷമാക്കിയത് പെസഹയുടെ വിരുന്നിൽ തുടങ്ങി കാൽവരിയിൽ കുരിശിന്റെ വിരിമാറ് വരെയുള്ള സമയങ്ങളിലായിരുന്നു. അതിനാൽ തന്നെ കത്തോലിക്കാ പൗരോഹിത്യം മനസ്സിലാക്കണമെങ്കിൽ കുരിശിന്റെ രഹസ്യം മനസ്സിലാക്കിയെ മതിയാകൂ.

പൗരോഹിത്യ പ്രയാണം നടത്തുന്നത് ജീർണ്ണിച്ചു നിലംപരിശായ ഇസ്രോയേൽ സമൂഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷകളുടെ പശ്ചാത്തലത്തിലാണ്. അർപ്പിക്കുന്നവന്റെ അന്ത:കരണത്തെപ്പോലും വിശുദ്ധീകരിക്കാൻ കെൽപില്ലാത്ത ബലികളും കാഴ്ചകളും, അർപ്പിച്ചുകൊണ്ട് ആചാരാനുഷ്ഠാനങ്ങളിൽ മാത്രം കുടുങ്ങിപ്പോയ ഒരു സമൂഹം. നിയമങ്ങളുടെ ഊരാക്കുരുക്കിൽ ശ്വാസംമുട്ടി കഴിഞ്ഞിരുന്നവർ. അതുകൊണ്ട് അവർക്ക് കണ്ണുണ്ടായിട്ടും കാണാനോ കാതു

www.malankaralibrary.com



ണ്ടായിട്ട് കേൾക്കാനോ, അനുതപിച്ച് മാനസാന്തരപ്പെടാനോ രക്ഷ പ്രാപിക്കാനോ കഴിഞ്ഞില്ല എന്നത് വാസ്തവമാണ്. ഈ ആത്മീയാന്ധതയാണ്, അവരെ യേശു ആരെന്നും അവന്റെ പൗരോഹിത്യ സ്വഭാവമെന്തെന്നും മനസ്സിലാക്കാൻ അവർക്കു തടസ്സമായി നിന്ന ഘടകം. ഈ പശ്ചാത്തലത്തിൽ ലൂക്കാ 15 ൽ യേശു പറഞ്ഞ മൂന്ന് ഉപമകളെ ചേർത്തുവച്ച് യേശുവിന്റെ പൗരോഹിത്യ പ്രയാണം കാലാതീതമായി നിലനിൽക്കുന്നത് ഹ്രസ്വമായി വരച്ചുകാട്ടികൊണ്ട് പുനരൈക്യത്തിൽ വിടർന്ന ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ പൗരോഹിത്യത്തെ ഒരു പുനർവായന നടത്തുവാൻ ആഗ്രഹിക്കുകയാണ്.

ലൂക്കാ 15 ൽ യേശുവിനെതിരെ ഉയരുന്ന പരാതി 'അവൻ പാപികളെ സ്വീകരിക്കുകയും അവരോടുകൂടെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നു' എന്നതാണ്. ഈ പരാതിക്കുള്ള മറുപടിയാണ് മൂന്ന് ഉപമകളും. പരാതിയിൽ രണ്ട് ഭാഗങ്ങൾ ഉണ്ട്. 1. പാപികളെ സ്വീകരിക്കുന്നു, 2. അവരോടുകൂടെ ഭക്ഷണം കഴിക്കുന്നു. യേശുവിന്റെ പൗരോഹിത്യ പ്രയാണത്തിൽ ഈ പരാതിക്ക് ഗണ്യമായ സ്ഥാനമുണ്ട്. കാരണം. അവൻ വന്നത് പാപികളെ വിളിക്കാനാണ്, നഷ്ടപ്പെട്ടതിനെ കണ്ടെത്താനാണ്. അവനോടുകൂടെ നമ്മളെയും അവകാശികളാക്കാനും അങ്ങനെ പുതിയ ജറുസലേമിൽ അവന്റെ മേശയ്ക്ക് ചുറ്റും ഭക്ഷണത്തിന് ഇരുത്താനുമാണ്. അവൻ അനുതാപത്തിന്റെ ജലവും, രക്ഷയുടെ പാനപാത്രവും തന്റെ വിലാവിൽ നിന്നൊഴുക്കി തന്റെ പൗരോഹിത്യ ആഘോഷം പൂർത്തിയാക്കുമ്പോൾ യഥാർത്ഥത്തിൽ പാപികൾ സ്വീകരിക്കപ്പെടുകയും സ്വർഗരാജ്യത്തിൽ നവമായ വിരുന്നിൽ പങ്കുകാരാകുകയും ചെയ്യുകയായിരുന്നു.

ആദ്യത്തെ ഉപമയിൽ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ച് കണ്ടെത്തി അതിനെ തോളിലേറ്റുന്ന ഇടയനെ നാം കാണുന്നു. യേശു തന്റെ പൗരോഹിത്യ യാത്രയിൽ തോളിലേറ്റിയ സ്ലീബായിൽ മാനവരാശി മുഴുവനും ഉണ്ടായിരുന്നു. അവൻ കുരിശിൽ ഒരു പടി മുമ്പോട്ട് പോയി ഞാൻ വരിക്കേണ്ട മരണം രുചിച്ച് പിതാവിന് എന്നെ തന്നിലൂടെ സമർപ്പിച്ചു. രണ്ടാമത്തെ




ഉപമയിൽ നഷ്ടപ്പെട്ട നാണയം കണ്ടെത്തുന്ന സ്ത്രീയെയാണ് കാണുക. ഒരു സ്ത്രീയുടെ കരത്തിൽ നഷ്ടപ്പെട്ട ദൈവീക ജീവനാകുന്ന നാണയം മറ്റൊരു സ്ത്രീയിലൂടെ ലോകത്തിന് നൽകാൻ നിശ്ചയിച്ചു. ദൈവം യേശു എന്ന തന്റെ ഏകജാതനെ മരണത്തിനു വിട്ടുകൊടുത്തുകൊണ്ട് പരി. റൂഹാ ആകുന്ന ജീവനെ സഭയ്ക്ക് പ്രദാനം ചെയ്യുന്നു. യേശുവിന്റെ ഇഹലോകത്തിലെ അവസാനത്തെ പ്രവൃത്തി അതിന് നിദാനമായി 'ഞാൻ പോകുന്നില്ലെങ്കിൽ, സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരുകയില്ല' (യോഹ15:7). ഈ രണ്ട് ഉപമകളിലും യേശുവിന്റെ പൗരോഹിത്യ പ്രവൃത്തികളെ പ്രതിനിധാനം ചെയ്യുമ്പോൾ മൂന്നാമത്തേത് അതിലൂടെ സീമാതീതമായി നിലനിൽക്കുന്ന രക്ഷയിലേക്ക് ഒരു വ്യക്തി പ്രവേശിക്കുന്നതിനെ സൂചിപ്പിക്കുന്നു. പിതാവിന്റെ ഭവനത്തിൽ നിന്ന്

സ്വയം പുറത്തു പോയവൻ എല്ലാം നഷ്ടപ്പെട്ട് പന്നിക്കൂട്ടിലായിരിക്കുന്നു. ഇനി സ്വയം രക്ഷപ്പെടാൻ കഴിയില്ല. ആത്മാവ് അവന്റെ മേൽ വീശി. അവന് സുബോധമുണ്ടായി. അനുതാപത്തിന്റെ കണ്ണീരുകൊണ്ട് അവൻ തന്റെ പൗരോഹിത്യ സമർപ്പണത്തിൽ യേശു വെട്ടിയൊരുക്കിയ വഴിയിലൂടെ തിരികെ നടക്കുന്നു. പിതാവിനോട് ദാസനായി സ്വീകരിക്കേണമേ എന്നപേക്ഷിച്ചു അവനെ പിതാവ് പുത്രനായി സ്വീകരിക്കുന്നു.



'തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി.' അങ്ങനെ കുരിശിൽ വസന്തമണിഞ്ഞ പുനരൈക്യം സഭയിലൂടെ കാലാകാലങ്ങളിൽ വിടരാൻ തുടങ്ങി. ഇത് ദൈവത്തിന്റെ തെരഞ്ഞെടുപ്പും പ്രവർത്തിയും തന്നെ. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട്, കാലഹരണപ്പെടാത്ത മിശിഹായുടെ പൗരോഹിത്യത്തെ കുരിശിൻ വസന്തമണിഞ്ഞ പുനരൈക്യത്തിൽ വിടർന്ന മാർ ഈവാനിയോസ് തിരുമേനിയുടെ പൗരോഹിത്യത്തെ 'ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽ നിന്ന്' എന്ന ഗ്രന്ഥത്തിന്റെ വീക്ഷണത്തിലൂടെ നോക്കിക്കാണാം.

### പൗരോഹിത്യം ഒരു ജീവിതാവസ്ഥയാണ്.

തന്റെ ലേഖനത്തിന്റെ പ്രാരംഭത്തിൽ തന്നെ പരി. പിതാവ് ബനഡിക്റ്റ് പതിനാറാമൻ പറയുന്ന ഈ വാക്കുകൾ ശ്രദ്ധേയമാണ്. 'പൗരോഹിത്യം ഇന്ന് എത്തിനിൽക്കുന്ന ഗൗരവതരമായ സ്ഥിതി വിശേഷത്തിന് അടിസ്ഥാനകാരണം ബൈബിൾ പണ്ഡിതരുടെ വ്യഖ്യാനരീതിയിലെ ഒരു പിഴവാണ്, വിശുദ്ധ ഗ്രന്ഥത്തെ ദൈവവചനമായി സ്വീകരിക്കുന്നതിൽ വന്ന ന്യൂനതയാണ്.' ഈ വാക്കുകൾ അദ്ദേഹത്തിന്റെ ലേഖനത്തെ സംഗ്രഹിക്കുന്നു. പഴയനിയമത്തിന്റെ മിശിഹാകേന്ദ്രീകൃതമായ വ്യാഖ്യാനം കൈവിട്ടപ്പോൾ പുതിയനിയമത്തിൽ യേശുവിന്റെ പൗരോഹിത്യസത്തയെ മനസ്സിലാക്കാൻ കഴിയാതെ പോയി. പഴയനിയമ പൗരോഹിത്യത്തിന്റെ പൂർത്തീകരണം യേശു എന്ന ദൈവ-മനുഷ്യ വ്യക്തിയിലാണ്. ബലിയർപ്പകന്റെ ചുമതല വഹിക്കുന്ന ഒരു വ്യക്തി മാത്രമല്ല പുരോഹിതൻ പിന്നെയോ അവിടുത്തെ പിൻചെന്ന്, സ്നേഹത്താൽ പ്രേരിതമായി തന്നെ തന്നെ ബലിയർപ്പിക്കുന്നവനാണ്. പുരോഹിതൻ ഒരു പൂജാരിയല്ല. നേരത്തെ നാം കണ്ടതുപോലെ അനന്യമായി തുടരുന്ന മിശിഹായുടെ പൗരോഹിത്യ പ്രവൃത്തിയിൽ പരുശുദ്ധാത്മാവിന്റെ സ്വരമനുസരിച്ച് തന്നെത്തന്നെ ബലിയായി ഏകാനും അങ്ങനെ പാപത്തിന്റെ പന്നിക്കൂട്ടിൽ കഴിയുന്നവരെ പിതാവിന്റെ ഭവനത്തിലേക്ക് കൊണ്ടുവരാനും അവന് കടമയുണ്ട്. ഇപ്രകാരം ദൈവത്തിനും മനുഷ്യർക്കുമായി അവൻ തന്നെത്തന്നെ സമർപ്പിക്കുന്നതിന്റെ പ്രകാശനമാണ്

അവന്റെ ബ്രഹ്മചര്യം. ഇത് ഒരു രക്തസാക്ഷിത്വ മാണ്.

ഈ ജീവിതാവസ്ഥ തന്റെ പിതൃസഹോദര നായ തര്യതു സ്കറിയാ കത്തനാരിൽ കണ്ടെ ത്തിയ കീവറീച്ചൻ (മാർ ഈവാനിയോസ് തിരുമേനി) എന്ന ബാലന് കാലാന്തരത്തിൽ ബഥനി മെത്രാപ്പോലിത്തയായി പുനരൈക്യപ്പെടു മ്പോൾ ഒന്നുകൂടി ഉറപ്പിക്കുന്നുണ്ട്. ദൈവത്തിന് നൂറു ശതമാനവും കൊടുക്കോണ്ടവനാണ് പുരോഹിതൻ എന്ന് ആ പിതാവിന് ഉറച്ചബോധ്യ മുണ്ടായിരുന്നു. മൂന്ന് കാര്യങ്ങൾ ഇവിടെ ശ്രദ്ധേയ മാണ്.

1. ദൈവസമ്പാദനം: 'ദൈവം മാത്രം ഓഹരി യായിട്ടുള്ളവനാണ് പുരോഹിതൻ' എന്ന പതി നാറാം സങ്കീർത്തനം ഉദ്ധരിച്ചുകൊണ്ട് പുരോഹി തരോട് അവരുടെ ഓഹരി സമ്പാദിക്കാൻ ആവശ്യപ്പെടുന്ന ബനഡിക്റ്റ് പതിനാറാമൻ പാപയെ ഈ ഗ്രന്ഥത്തിൽ നമുക്ക് കണ്ടുമുട്ടാ നാകും. ഇതിനും 100 വർഷം മുന്നേ ദൈവ സമ്പാദനമാണ് അത്യുത്തമം എന്ന് പറഞ്ഞ് ദൈവാശ്രയത്വത്തിൽ അഭയം പ്രാപിച്ച ഒരു പുരോഹിത സന്ന്യാസിയുടെ ജീവിതം നാം മലങ്കരയിൽ കണ്ടു, മാർ ഈവാനിയോസ് തിരുമേനിയുടെ ആകെ സമ്പാദ്യം ദൈവം മാത്രമായിരുന്നു.

2. നിൽക്കുക-പരിചരിക്കുക: ഒന്നാം വത്തിക്കാൻ സുന്നഹദോസിനു ശേഷം ലത്തീൻ കുർബാന യിൽ, നിയമാവർത്തനം 10,8; 18,5-8 അടിസ്ഥാന ത്തിൽ 235 AD -ഓടുകൂടി മരണമടഞ്ഞ ഹിപ്പോളി റ്റിസിന്റേതായ പ്രാർത്ഥന ഉദ്ധരിച്ചുകൊണ്ട് പാപ്പ പറയുന്നു, ദൈവത്തിന്റെ മുമ്പിൽ നിൽക്കുക. ശുശ്രൂഷിക്കു നിൽപ്പ് അവകാശമാണ്. കാരണം ഓഹരി ദൈവം മാത്രമാണ്. ഇത് ഒരു കടന്നു പോകലാണ്. പുരോഹിതൻ ഒരു പൂജാരിയല്ല. ദൈവം മാത്രം ഓഹരിയായിട്ടുള്ളതാണ് അവന്റെ ജീവിതം. വി. ബലിയിൽ കേന്ദ്രീകരിക്കപ്പെട്ട ജനങ്ങളിലേക്ക് പെയ്തിറങ്ങുന്ന അനുഗ്രഹ മഴയാണത്. ശുശ്രൂഷിക്കാൻ കടന്നുവന്ന ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ തുടർച്ച. ഇവിടെ രണ്ട് തലങ്ങളുണ്ട്. 1. അനുസരണം വഴി ആചാരാനുഷ്ഠാനങ്ങളിലെ ആത്മാവ് ഗ്രഹിച്ച് അവ കൃത്യമായും വ്യക്തമായും ആഘോഷി



ക്കുക. 2. ആഘോഷത്തിൽ നിന്ന് ഭക്ഷണം സമ്പാദിച്ച് അപരനിലേക്ക് ഉപവിയോടെ കരങ്ങൾ നീട്ടുക. ഒരേ സമയം മറിയവും മർത്തയുമാകാ നുള്ള വിളി. യേശുവിന്റെ മനോഭാവം. അവൻ അനുസരണയുള്ള ദാസനായിരുന്നു. പിതാവിന്റെ ഇഷ്ടമായിരുന്നു അവന്റെ ആഹാരം. അവിടുത്തെ ഓഹരി പിതാവ് മാത്രമായിരുന്നു. പിതാവ് നൽകിയവരെല്ലാം അവിടുന്ന് പരിചരിച്ചു. ഇതു തന്നെ മാർ ഈവാനിയോസ് പിതാവിന്റെ ജീവിത ത്തിലും ദർശിക്കാൻ കഴിയും. വി.കുർബാന യായിരുന്നു പിതാവിന്റെ പൗരോഹിത്യ ജീവിത ത്തിന്റെ ശക്തി സ്രോതസ്സ്. കൂദാശകളിലും വി.കുർബാനയിലുമുള്ള പിതാവിന്റെ നിഷ്ഠയും കൃത്യതയും ഇന്നും മലങ്കര സഭയിൽ തുടരു ന്നുണ്ട്. ഈ ക്രമം തന്നെയാണ് ഉപവയിലൂടെ കൈ നീട്ടുന്നതിന് പിതാവിനും തുടർന്ന് പിതാവിന്റെ മലങ്കരയിലെ സന്താനങ്ങൾക്കും ലഭിക്കാൻ ഇടയായിട്ടുള്ളത്. ബഥനിയിലെ പിതാവിന്റെ പ്രവർത്തനങ്ങൾ വിവരിക്കുന്ന 'ഗിരിദീപ'ത്തിൽ ഇത് വ്യക്തമായി നമുക്ക് കാണാൻ കഴിയും.

3. വിശുദ്ധീകരണം: ശിഷ്യന്മാർക്കായി തന്നെ വിശുദ്ധീകരിക്കാൻ ഈശോ പ്രാർത്ഥിക്കുന്നത് യോഹ 17 ൽ നാം കാണുന്നുണ്ട്. മാർ ഈവാനി യോസ് പിതാവിന്റെ ജീവിത ദർശനമതായിരുന്നു.

അതാണ് നിരന്തരം തന്റെ സന്ന്യാസികളോടും മറ്റുള്ളവരോടും പിതാവ് ജീവിതം വഴിയിലും ധ്യാനം വഴിയും പറഞ്ഞുകൊണ്ടിരുന്നത്. ഇതാ ഞാൻ എന്നെ തന്നെ വിശുദ്ധീകരിക്കുന്നു. ഈ വിശുദ്ധീകരണം പിതാവ് നേടിയെടുത്തത് ദൈവവചനത്തിലൂടെയായിരുന്നു. ദൈവവചനവുമായുള്ള നിരന്തര സമ്പർക്കം പിതാവിനെ വിശുദ്ധീകരിച്ചു. ഈ വിശുദ്ധീകരണമാണ് സത്യത്തെ വരിക്കാൻ പിതാവിന് പ്രേരകമായി നിന്ന ശക്തിസ്രോതസ്സ്. ബനഡിക്റ്റ് പാപ്പ തന്റെ ലേഖനത്തിൽ അവസാനഭാഗത്തിൽ തന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ തലേ ദിവസം ഹൃദയത്തിൽ പതിഞ്ഞ വചനം: യോഹ 17,17 വ്യാഖ്യാനിച്ചുകൊണ്ട് ഇപ്രകാരമാണ് പറയുക, മനുഷ്യൻ വിശുദ്ധനാകുന്നത് ദൈവത്തോടുകൂടെ ആയിരിക്കുന്നതിന്റെ അളവനുസരിച്ചാണ്. മനുഷ്യനെ വിശുദ്ധീകരിക്കുന്ന ക്ഷാളനം നൽകുന്നത് ക്രിസ്തുവാണ്. അവനെ നാം കണ്ടുമുട്ടുന്നത് വചനത്തിലുമാകയാൽ ഏതാണെളുപ്പം? വചനത്തെ സമ്പാദിക്കുകയല്ലേ!

പൗരോഹിത്യജീവിതം അതിനാൽ തന്നെ ഒരു ജീവിതാവസ്ഥയാണ്, ഉദ്യോഗമല്ല. ദൈവഹിതപ്രകാരം അവിടുത്തേക്ക് മാത്രമായി നാം ജീവിക്കുന്ന അവസ്ഥ. സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ട് അവനെ ശുശ്രൂഷിക്കുന്ന അനുസരണയുള്ള ദാസനായി അവന്റെ മുന്നിൽ നിൽക്കുവാനും ഓഹരിയും പാനപാത്രവും അവൻ മാത്രമാണെന്ന് തിരിച്ചറിഞ്ഞ് അവനിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുവാനും അങ്ങനെ ആരാധനാക്രമം അതിന്റെ തനിമയിൽ അനുഷ്ഠിച്ച് അതിൽ നിന്ന് ശക്തി സ്വീകരിച്ച് ക്രിസ്തുവിന്റെ കുരിശിൽ വിലയം പ്രാപിച്ച് ദൈവസ്നേഹത്താൽ പ്രചോദിതനായി മറ്റുള്ളവരോട് ഇടപെടാൻ ദൈവത്തിന്റേതായി തന്നെത്തന്നെ ഒരു വ്യക്തി സമർപ്പിക്കുന്ന അവസ്ഥയാണ് പൗരോഹിത്യം. ഇത് ആനന്ദമാണ്. സുവിശേഷത്തിന്റെ ആനന്ദം. അത് ആവോളം ആസ്വദിച്ച മാർ ഈവാനിയോസ് എന്ന മഹാപുരോഹിതന്റെ സഭയിൽ നാം ആയിരിക്കുമ്പോൾ പൗരോഹിത്യം ഇരട്ടി മധുരമാണ്.

## മനസ്സിലാക്കപ്പെടാതെ പോകുന്ന സ്നേഹം

ഇപ്രകാരം നമ്മെ വിളിക്കുന്ന ക്രിസ്തുവിന്റെ



ഹൃദയത്തിലെ സ്നേഹമാണ് പൗരോഹിത്യമെന്ന് പറഞ്ഞാണ് കർദ്ദിനാൾ റോബർട്ട് സാറാ തന്റെ ലേഖനം ആരംഭിക്കുന്നത്. മനസ്സിലാക്കപ്പെടാതെ പോകുന്ന ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള വിതുമ്പൽ അദ്ദേഹത്തിന്റെ എഴുത്തിൽ വ്യക്തമാണ്. വിവാഹം കഴിച്ചവർക്കും പൗരോഹിത്യം നൽകണമെന്നും എന്തുകൊണ്ട് സ്ത്രീകൾക്ക് നൽകുന്നില്ല എന്നുമുള്ള രണ്ട് വാദങ്ങൾക്കിടയിലാണ് അദ്ദേഹം ഈ ഗ്രന്ഥ രചനയിൽ ഉൾപ്പെടുന്നത്. മാർ ഈ വാനിയോസ് പിതാവിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി മൂന്ന് കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. വി. ബലി പുരോഹിതന്റെ അസ്തിത്വമാണ്

മലങ്കരയിൽ നിന്ന് പുനരൈക്യപ്പെടുമ്പോൾ ബ്രഹ്മചാരിത്വം പുരോഹിതർ തന്റെ സഭയിൽ പാലിക്കുമെന്ന ഉറപ്പ് മാർ ഈവാനിയോസ് പിതാവ് നൽകുന്നുണ്ട്. സമ്പൂർണ്ണമായ സുവിശേഷവത്കരണത്തിന്റെ സമർപ്പണത്തിന് വിവാഹ ജീവിതം തടസ്സമാണെന്ന് ഗ്രഹിച്ചതുകൊണ്ടുതന്നെയാണ് പിതാവ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടത്. പുരോഹിതന്റെ

www.malankaralibrary.com



അസ്തിത്വം യേശുവിന്റേതും അതാകട്ടെ പരി. കുർബാനയിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതു മാണ്. അതിനാൽ പുരോഹിതന് തന്റെ അസ്തിത്വം ഗ്രഹിച്ച് പ്രവർത്തിക്കണമെങ്കിൽ വി. കുർബാനയിലധിഷ്ഠിതമായിരിക്കണം അവന്റെ ജീവിതം. കൂടാതെ സുവിശേഷത്തിന്റെ ആനന്ദം മറ്റുള്ളവരിലേക്ക് എത്തിക്കാൻ ബ്രഹ്മചാരിയായ പുരോഹിതനുമാത്രമേ കഴിയൂ എന്ന് തന്റെ അജപാലനപരമായ അനുഭവങ്ങളിലൂടെ വ്യക്തമായി പ്രസ്താവിക്കുന്ന കർദ്ദിനാൾ സാറായുടെ ലേഖനത്തിന്റെ ഒന്നാം ഭാഗം ഒരു സഭയുടെ സുവിശേഷവത്ക്കരണത്തിൽ മാർ ഈവാനിയോസ് തിരുമേനി കൈക്കൊണ്ട തീരുമാനങ്ങൾ എത്രമാത്രം അനുരൂപമായിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. സഭയാകുന്ന വധുവിന് സ്വയം നൽകുന്നതിന്റെ ആനന്ദം ബ്രഹ്മചാരിയായ പുരോഹിതനു മാത്രമേ അനുഭവിക്കാനും കാണിച്ചുകൊടുക്കാനും കഴിയൂ. കുടുംബ പാരമ്പര്യമായി നിലനിന്ന പൗരോഹിത്യ വിധികളെ സാർവത്രികമാക്കിയ ക്രിസ്തുവിന്റെ പ്രവൃത്തിയിൽ സുവിശേഷവത്ക്കരണത്തിന്റെ പ്രബലമായ ചാലകശക്തി അടങ്ങിയിട്ടുള്ളത് ബ്രഹ്മചര്യ ജീവിതത്തിലാണ്. അവിടെ ക്രിസ്തുവിന്റെ വ്യക്തിത്വത്തോട് ഒരു പുരോഹിതൻ അനുരൂപനാകുമ്പോൾ അച്ചനെ കാണുന്നവർ ക്രിസ്തുവിനെ കണ്ടുമുട്ടുന്നു. രണ്ടാം തരം പുരോഹിതരെ നൽകിയാൽ പോരാ എന്ന കർദ്ദിനാൾ സാറായുടെ വാക്കുകളുടെ പ്രസക്തിയും ഇവിടെയല്ലേ! മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവും ഇതു തന്നെയല്ലേ കാട്ടുന്നത്.

### 2. ഒരായുസ്സും രണ്ടു ജീവിതവും

ഈ വാക്യം അതിൽ തന്നെ വൈരുദ്ധ്യമാണ്. ഒരു ആയുസ്സിൽ ഒരു ജീവിതം. അതാണ് പൂർണ്ണത. എല്ലാ ദൈവവിളികളും യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ നമ്മെ ക്ഷണിക്കുന്നു. മുന്നേ സൂചിപ്പിച്ചതുപോലെ സഭയെ യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ വിളിക്കപ്പെട്ട പുരോഹിതൻ അതിലേക്ക് പ്രവേശിക്കുന്നത് ബ്രഹ്മചര്യത്തിലൂടെയാണ്. ആദ്യം അജപാലനപരമായ ഒരു ദുരന്തത്തെ നാം അഭിമുഖീകരിച്ചെങ്കിൽ ഇവിടെ സഭാവിജ്ഞാനീയമാണ് പ്രശ്നം. ദൈവവിളികളുടെ അന്തഃസത്ത ഇത് ചോദ്യം ചെയ്യുന്നു. വിവാഹം ഒരു ആത്മദാനമാണ്. അത് പറഞ്ഞുകൊടുക്കണമെങ്കിൽ പുരോഹിതൻ തന്റെ പൗരോഹിത്യം സമ്പൂർണ്ണദാനമായി നൽകണം. ഈ ഒരാശയം മാർ ഈവാനിയോസ് പിതാവിന്റെ പഠനങ്ങളിലും, എഴുത്തിലും, ജീവിതത്തിലും ദർശിക്കാൻ കഴിയും. പ്രയോജനം ഗ്രഹിച്ചല്ല പിതാവ് തീരുമാനങ്ങൾ എടുത്തിരുന്നത്. സഭാപഠനത്തിന്റെ ആഴമായ അറിവിൽ നിന്നും ദൈവസ്നേഹത്തിൽ നിന്നുമാണ്. പുനരൈക്യലും മലങ്കരാ സഭയുടെ വളർച്ചയും ഇത് വ്യക്തമാക്കുന്നുണ്ട്. പുനരൈക്യം തന്നെയും ഇതിന് ഉദാഹരണമാണ്. പിതാവിന്റെ ജീവിതത്തിലെ ഓരോ ഓരോ പിൻവാങ്ങലും ഈ സത്യത്തിന്റെ പ്രലോഭനം തന്നെ. ഒരു ജീവിതം - ഒരായുസ്സ്. അത് പുരോഹിത്യത്തിന്റെ സന്തോഷം ആസ്വദിച്ച് ജീവിക്കാൻ കഴിയണം.

### 3. കുരിശില്ലാതെ സന്തോഷമില്ല

ഇവിടെയാണ് മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം നമുക്ക് മാതൃകയാകുന്നത്. പൗരോഹിത്യ ജീവിതത്തിൽ അദ്ദേഹം ആനന്ദിക്കുമ്പോഴും കുരിശില്ലാത്ത ദിവസങ്ങൾ വിരളമായിരുന്നു. അതു തന്നെയായിരുന്നു അദ്ദേഹത്തിന്റെ ആനന്ദവും. ദൈവരാജ്യത്തെ പ്രതിഷണ്ഡനായി, കഴുതയായി, ഒറ്റപ്പെട്ടവനായി മുറിക്കപ്പെട്ടവനായിത്തീർന്നതിലുള്ള സന്തോഷം. ഒരുടത്തും പരാതിയും പരിഭവും പറയാതെ മുണ്ടൻ മല വിട്ട് ഇറങ്ങേണ്ടിവന്നപ്പോൾ 'ദൈവം തന്നു ദൈവം എടുക്കുന്നു ദൈവനാമം മഹത്വപ്പെടട്ടെ' എന്നു പറഞ്ഞ് ഇറങ്ങിത്തിരിച്ച ബഥനി മെത്രാപ്പോലീത്തയെ ആരാണ് ഓർക്കാത്തത്. തന്റെ ലേഖനവും പുസ്തകവും കർദ്ദിനാൾ സാറാ അവസാനിപ്പിക്കുന്നത് ഈ ആശയങ്ങൾ അവരുദ്ധരിച്ചുകൊണ്ടാണ്. സ്ലീബാ മാത്രമേ നമ്മളെ പുരോഹിതരായിരിക്കാൻ പഠിപ്പിക്കുകയുള്ളൂ. അവിടെ നാം മാർ ഈവാനിയോസ് പിതാവിനെപോലെ അവസാനം വരെ സ്നേഹിക്കാൻ പരിശ്രമിക്കണം.

### പിതാവിന്റെ ഭവനത്തിലേക്ക് : ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു.

ഇതാണ് രണ്ടു പിതാക്കന്മാരെ silese non pos-

sum എന്നു പറയാൻ പ്രേരിപ്പിച്ചത്. തങ്ങൾ ജീവിച്ചുകൊണ്ടിരിക്കുന്ന പൗരോഹിത്യത്തിന്റെ ആനന്ദം അവർ പങ്കുവച്ചു. ലൂക്കായുടെ സുവിശേഷത്തിന്റെ പതിനഞ്ചാം അദ്ധ്യായത്തിൽ നാം എന്താണ് കണ്ടത്. മാർ ഈവാനിയോസ് തിരുമേനി നമ്മോട് പുനരൈക്യം വഴി പറഞ്ഞതെന്താണ്. തങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽ നിന്ന് ബനഡിക്റ്റ് പാപ്പയും, റോബർട്ട് സാറായും എഴുതിയതെന്താണ്? എല്ലാം ഒന്നുതന്നെ! പൗരോഹിത്യത്തിന്റെ ആനന്ദം യേശുവുമായുള്ള കൂട്ടായ്മയിലാണ്. മാർ ഈവാനിയോസ് തിരുമേനിയിൽ പുനരൈക്യത്തിനു മുമ്പുതന്നെ ദൈവസമ്പാദനത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ബ്രഹ്മചര്യത്തിന്റെയും സുവിശേഷ വത്ക്കരണത്തിന്റെയും ആ സന്തോഷവുമുണ്ടായിരുന്നു എങ്കിലും അത് ആനന്ദമായി മാറിയത് പുനരൈക്യത്തിലാണ്. അതായത് ഭവനത്തിൽ മടങ്ങി എത്തിയപ്പോഴാണ്. യേശു കുരിശിൽ ലോകത്തെ പിതാവുമായി പുനരൈക്യപ്പെടുത്തി. മാർ ഈവാനിയോസ് തിരുമേനി ചെയ്തത്, പിതൃഭവനത്തിൽ നിന്ന് അകലെയായിരുന്ന അനേകരുമായി ഭവനത്തിലേക്ക് മടങ്ങി എന്നതാണ്. അതുകൊണ്ടാണ് തന്നെത്തന്നെ ധൂർത്തനായി പീയൂസ് പതിനൊന്നാമൻ പാപ്പയുടെ പക്കൽ അവതരിപ്പിച്ചതും. ക്രിസ്തുവിന്റെ വികാരിക്ക് പക്ഷേ പന്നിക്കൂട്ടിന്റെ നാറ്റമല്ല, വി. പൗരോഹിത്യത്തിന്റെ സുഗന്ധമാണ്. അതാണ് മാർ ഈവാനിയോസ് പിതാവിൽ ആസ്വദിക്കാൻ കഴിഞ്ഞത്. അതുകൊണ്ട് വീണ്ടുമൊരു സ്നാനത്തിന്റെ ആവശ്യകത അവിടെ ഉദ്ധരിക്കപ്പെട്ടില്ല. ഒരു വലിയ സ്വാഗതം മാത്രം. ക്രിസ്തുവിന്റെ സ്നേഹത്താൽ മാർ ഈവാനിയോസ് തിരുമേനി നടത്തിയ ഈ ചുവടുവയ്പ്പ് യഥാർത്ഥത്തിൽ മലങ്കര ഓർത്തഡോക് സഭയിൽ വച്ചു മൊട്ടിട്ട തന്റെ പൗരോഹിത്യത്തെ പുഷ്പിക്കാൻ അനുവദിച്ചു. ഇന്ന് അനേകായിരങ്ങൾ അത് ഗ്രഹിക്കുന്നു. കാൽനടയായി ഭാഗ്യങ്ങളുടെ കലവറയിൽ എത്തി അവർ അനുഗ്രഹം പ്രാപിക്കുന്നു.

### ഉപസംഹാരം

യേശുവിന്റെ പൗരോഹിത്യ യാത്രയെ ലൂക്കായൂടെ സുവിശേഷത്തിന്റെ പതിനഞ്ചാം അദ്ധ്യായത്തിലൂടെ വിവരിച്ചു തുടങ്ങിയ ഈ ലേഖനത്തിന്റെ അന്ത്യത്തിൽ ഒരു ഹ്രസ്വ രൂപരേഖ നൽകുന്നതിനപ്പുറം ഒരു മാർഗരേഖ നൽകാൻ ആഗ്രഹിക്കുകയാണ്. യേശുവിന്റെ പൗരോഹിത്യം ഈ നൂറ്റാണ്ടിൽ ജീവിക്കാൻ കഴിയുമോ? ഇത് കാലഹരണപ്പെട്ടോ? എന്താണ് ഇതിന്റെ ഭാവി? ഇതിനെല്ലാം ഉത്തരം മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിലുണ്ട്. അവിടെയാണല്ലോ പൗരോഹിത്യം വിടർന്നത്. കുരിശില്ലാതെ ആനന്ദം ക്രിസ്ത്യനിയുടെ ജീവിതത്തിലില്ല എന്ന പറയുമ്പോൾ, കുരിശിൽ ജനിച്ച പൗരോഹിത്യത്തിന്റെ ആനന്ദം മറ്റെന്തിലാണ്. പുനരൈക്യത്തിന്റെ ശതാബ്ദിയിലേക്ക് ഒരുങ്ങുന്ന സഭാമാതാവിന് ഹൃദയത്തിനിണങ്ങിയ പുരോഹിതരെ വാർത്തെടുക്കാൻ സ്വർഗം നൽകിയിരിക്കുന്ന മാർഗ്ഗരേഖ പുനരൈക്യത്തിൽ വിടർന്ന പൗരോഹിത്യമാണെന്ന് സന്തോഷത്തോടും, പ്രത്യാശയോടും, വിശ്വാസത്തോടും പറഞ്ഞുകൊള്ളട്ടെ!

## ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com





# ശതാബ്ദിയിൽ നിന്ന് ധന്യൻ മാർ ഈവാനിയോസ് പിതാവിലേക്ക് നോക്കുമ്പോൾ



**ഡീക്കൻ ഡാനി പുതുമന**

വിളിച്ചവൻ വിശ്വസ്തനാണെന്നും അവന്റെ പദ്ധതിക്ക് മുമ്പിൽ വേറൊന്നിനും സ്ഥാനമില്ല എന്ന് കരുതുകയും വിശ്വസിക്കുകയും ജീവിക്കുകയും ചെയ്ത പുണ്യവാനായിരുന്ന ധന്യൻ മാർ ഈവാനിയോസ് പിതാവ്. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ജീവിതത്തിലെ എല്ലാ തീരുമാനങ്ങളും കൈക്കൊണ്ട വ്യക്തിയാണ് പിതാവ്. ഇരുപതാം നൂറ്റാണ്ടിലെ സഭാകൂട്ടായ്മ പ്രസ്ഥാനത്തിൽ

അഗ്രഗണ്യനായ വ്യക്തി. 1653 ജനുവരി മൂന്നാം തീയതി നടന്ന കൂനൻകുരിശ് സത്യത്തോടെ രണ്ടായി പിളർക്കപ്പെട്ട മാർത്തോമ്മാ നസ്രാണി സമൂഹത്തിന്റെ അനൈക്യവും ചേരിതിരിവുകളും, മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ വളരെയേറെ അസ്വസ്ഥനാക്കി. വിഭജിച്ചു നിൽക്കുന്ന സഭകൾക്ക് ഒരിക്കലും ക്രിസ്തുവിന്റെ സുവിശേഷത്തിന് സാക്ഷികളാകാൻ സാധിക്കില്ല എന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. സഭകളുടെ കൂട്ടായ്മയാണ് സഭ എന്ന ദർശനം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നതിന് മുമ്പു തന്നെ, മലങ്കര സഭയുടെ വ്യക്തിത്വവും സ്വായധികാരവും നിലനിർത്തിക്കൊണ്ട്, സഭകളുടെ കൂട്ടായ ക്രിസ്തുവിന്റെ ഏകസഭയിൽ ഒന്നാകുന്നതിനെക്കുറിച്ച് മാർഈവാനിയോസ് പിതാവ് സ്വപ്നം കണ്ടിരുന്നു. നിരണം പള്ളിയിൽ നടന്ന തന്റെ മെത്രാഭിഷേകത്തെത്തുടർന്ന് നടത്തിയ




പ്രസംഗത്തിൽ തന്റെ സഭൈക്യ സ്വപ്നം അദ്ദേഹം പരസ്യപ്പെടുത്തുകയുണ്ടായി. കേരളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളെല്ലാവരും പഴയകാലത്ത് ഒരു സഭയായിരുന്ന പ്രകാരം, വീണ്ടും യഥാർഥമായ പുനരൈക്യം പ്രാപിച്ച് നാം ഒരു സഭയും ഒരു ഇടയനുമാകണം. നമ്മുടെ ഈ തലമുറയിൽ മലങ്കര സുറിയാനി സമുദായം രണ്ടായി ഭിന്നിച്ച് പോകാൻ നാം അനുവദിക്കരുത്. കർത്താവിന്റെ പരിശുദ്ധ ബലിപീഠത്തിൽ നാം ഒരുമിച്ച് ഏക മനസ്സോടെ വി. കുർബാനയർപ്പിച്ച് കൃതജ്ഞതയർപ്പിക്കുന്ന സുദിനത്തിനായി പരിശ്രമിക്കാം.

ദൈവപരിപാലനയുടെ വിശാലമായ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ സഭയുടെ ഐക്യം മനുഷ്യ പരിശ്രമമെന്നതിനേക്കാൾ ഉപരി മഹത്തായ ഒരു ദൈവികദാനമാമെന്ന് തിരിച്ചറിവിലേക്ക് കൂടിയാണ് ധന്യൻ നമ്മെ നയിക്കുന്നത്. പുനരൈക്യത്തിന്റെ ശതാബ്ദിയിൽ നിന്ന് 1930 സെപ്തംബർ 20 എന്ന, മാർ ഈവാനിയോസ് പിതാവും കൂട്ടരും കത്തോലിക്കാ സഭയെ പുൽകിയ പുണ്യദിനത്തിലേക്ക് നോക്കുമ്പോൾ മനസ്സിൽ ഏറെ സന്തോഷം തോന്നുന്നു. ആ പുണ്യശ്ലോകന്റെ പുനരൈക്യത്തിന്റെ വഴിയിൽ ഞാനും ഇന്ന് ഒരു ദൈവശാസ്ത്ര വിദ്യാർത്ഥിയായി പൗരോഹിത്യത്തിനായി ഒരുങ്ങുമ്പോൾ ആ പുണ്യവാന്റെ പുനരൈക്യസ്വപ്നത്തിലേക്കാണ് ഞാനും പങ്കുചേരുന്നത്.

'അവരെല്ലാവരും ഒന്നായിരിക്കുന്നതിന് പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു' (യോഹ 17-21). അതുകൊണ്ട് ക്രൈസ്തവ ഐക്യം ഒരു ദൈവികദാനവും ദൈവിക കൃപാവരത്തിന്റെ അനന്തരഫലവുമാണ്. ക്രൈസ്തവർക്കിടയിൽ ഭിന്നതകളും വ്യവഹാരങ്ങളും നടമാടുമ്പോൾ ഈ കൃപാവരത്തിന്റെ ശോഷണമാണ് സംഭവിക്കുക. മാർ ഈവാനിയോസ് മെത്രാപ്പോലീത്ത സുവേഷാധിഷ്ഠിത മാർഗ്ഗത്തിലൂടെയാണ് സഭയിലെ ഐക്യത്തിനുവേണ്ടി പ്രയത്നിച്ചത്. അതിൽ ഏറ്റവും പ്രധാനമാണ് പത്രോസിന്റെ പിൻ

www.malankaralibrary.com





ഗാമിയായ റോമിന്റെ മെത്രാനുമായുള്ള കൂട്ടായ്മയ്ക്കുവേണ്ടിയുള്ള പരിശ്രമം. ഒരു വ്യക്തിസഭയെയും ബലഹീനമാക്കുവാനുള്ളയാളല്ല ഓരോ സഭയെയും ശക്തിപ്പെടുത്തുന്ന ക്രിസ്തുവിന്റെ വികാരിയാണ് റോമിലെ മെത്രാൻ എന്ന ബോധ്യം പിതാവിനുണ്ടായിരുന്നു. 'എല്ലാവരും ഒന്നാകണം' എന്ന ക്രിസ്തുവിന്റെ പ്രാർത്ഥനയും സ്വപ്നവും തന്നെയായിരുന്നു മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്നത്. ഒന്നാം മാർത്തോമ മുതലുള്ള പുത്തൻകൂർ സമുദായ നേതാക്കന്മാർ പുനരൈക്യത്തിനുവേണ്ടി ശ്രമിച്ചവരാണ്. ഒരു സ്വതന്ത്രസഭ എന്നുള്ള രീതിയിൽ നമ്മുടെ ആരാധനാ പാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളുമൊക്കെ അംഗീകരിച്ചുകൊണ്ട് ഭരണ അധികാരത്തോടുകൂടി മലങ്കസഭയെ സ്വീകരിക്കുന്നത് 1930 മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യ പരിശ്രമത്തിന്റെ ഭാഗമായിട്ടാണ്. ഇതിന് പിതാവിനെ സഹായിച്ചത് സെറാമ്പൂർ കാലഘട്ടത്തിലെ ചിന്തകളും ദർശനങ്ങളുമാണ്. തലമുറകളിലൂടെ പകർന്നുകിട്ടിയ സ്വന്തം സഭാ പൈതൃകങ്ങളോട് അൽപംപോലും വിട്ടുവീഴ്ച ചെയ്യാതെ ആത്മാഭിമാനത്തോടെ പാത്രിയാർക്കീസിനടുത്ത സ്വയാധികാരം കയ്യാളുന്ന ഒരു വ്യക്തിസഭയായി മലങ്കര സുറിയാനി കത്തോലിക്കാ സഭ വളർന്നിരിക്കുന്നു. വ്യക്തിത്വം നിലനിർത്തുന്നതോടൊപ്പം പതിനായിരങ്ങൾക്ക് സുവിശേഷ വെളിച്ചം എത്തിച്ചുകൊടുക്കുന്ന മിഷനറി സഭയാകുവാനും ഈ സഭയ്ക്കായി. മിഷൻ വേല ചെയ്ത് അവിടുത്തെ ദൈവജനത്തെ വളർത്തി സ്വയം പര്യാപ്തതയിലേക്കുയർത്തി ഭാരതത്തിലെ ആദ്യത്തെ സ്വയാധികാരസഭ എന്ന പെരുമയും ഇന്ന് സീറോ മലങ്കര കത്തോലിക്കാ സഭയ്ക്ക് സ്വന്തമാണ്.

ഈ സഭയുടെ വ്യക്തിത്വം അനന്യമായി കാത്തുപരിപാലിച്ചുകൊണ്ട്, പൂർണ്ണമായ സ്വയാധികാരത്തിലേക്ക് വളരുന്നതിന്റെ ചരിത്രത്തിനാണ് ഇരുപത്തിയൊന്നും നൂറ്റാണ്ടിന്റെ ആരംഭം സാക്ഷ്യം വഹിച്ചത്. ഈ വ്യക്തിത്വ വളർച്ചയിലേക്ക് സഭയെ നയിച്ചത് ഈ സഭയുടെ പുണ്യപിതാക്കന്മാരുടെ ത്യാഗനിർഭരമായ നേതൃത്വവും തീക്ഷണമതികളായ മിഷനറിമാരുടെ അശ്രാന്ത പരിശ്രമവും ദൈവജനത്തിന്റെ-കൂട്ടായ്മാജീവിതവുമായിരുന്നു. ഈ സഭയ്ക്കുമുന്നിൽ ഇനിയും വെല്ലുവിളികളുണ്ട്. ധാർമ്മികതയിലടിയുറച്ച സമർപ്പിത ജീവിത സാക്ഷ്യം കേരളത്തിലനിവാര്യമായിരിയിരിക്കുന്ന ഒരു കാലയളിവിലാണ് നാം ജീവിക്കുന്നത്. അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന സഭ എന്ന പ്രശംസ പരിശുദ്ധ ജോൺപോൺ രണ്ടാമൻ മാർപ്പാപ്പയിൽ നിന്നും ഏറ്റുവാങ്ങിയ സഭയ്ക്ക്, പൈതൃകമായി ലഭിച്ചിട്ടുള്ള ആത്മാഭിമാനവും വ്യക്തിത്വവും മൂല്യങ്ങളും കാത്തു പരിപാലിച്ച് സംരക്ഷിക്കുന്നതിൽ വിമുഖത കാട്ടാതെ, അവയെ അമൂല്യസമ്പാദ്യങ്ങളാക്കി കരുതി തലമുറകളിലേക്ക് കൈമാരുവാൻ നമുക്ക് കഴിയട്ടെ.

1932-ൽ ഫീദ്സ് എന്ന അന്താരാഷ്ട്ര പത്രത്തിനായി മാർ ഈവാനിയോസ് പിതാവ്

അനുവദിച്ച അഭിമുഖത്തിൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ ഭാവി പരിപാടികളെപ്പറ്റി പിതാവിന് പറയാനുള്ളത് ഇപ്രകാരമായിരുന്നു. 'തിരുവിതാംകൂറിലും മലബാറിലും പനരൈക്യത്തിനായി ധാരാളം വിശ്വാസികൾ മുന്നോട്ടു വരുന്നു. ഭാരതമാനസാന്തരം ഞങ്ങളുടെ ലക്ഷ്യമാണ്. അതിനുവേണ്ടി ആവുന്നത്ര ഞങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. സാമൂഹ്യപരവും സാംസ്കാരികപരമായും ക്രൈസ്തവരെ ഉയർത്താനും അവരെ രാഷ്ട്രത്തിന്റെ പുരോഗതിയിൽ ഭാഗമാക്കാനും വേണ്ട പരിശ്രമങ്ങളും ഞങ്ങൾ ആവിഷ്ക്കരിക്കുന്നു. പരിശുദ്ധ മാർപ്പാപ്പയുടെ കീഴിൽ സാർവ്വത്രികസഭാ കൂട്ടായ്മയിൽ ഒത്തൊരുമിച്ച് പ്രാർത്ഥിക്കുന്ന ഒരു സമൂഹമായി ഞങ്ങൾ മുന്നോട്ടുപോകും. ക്രിസ്തുവിന്റെ സുവിശേഷം മറ്റുള്ളവരെ അറിയിക്കുവാൻ ഞങ്ങൾ ജീവിതാവസാനം വരെ പരിശ്രമിക്കും.' (ഐക്യദീപം, ജൂലൈ 2024. ജ.19)

ഈ കാലഘട്ടത്തിൽ പുനരൈക്യം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത് പുനരൈക്യത്തിന്റെ പ്രഭയിൽ മാർ ഈവാനിയോസ് പിതാവ് കണ്ട സ്വപ്നങ്ങൾ നമ്മിൽ പ്രാവർത്തികമാകണം എന്നതാണ്. ഈ പരിശുദ്ധാത്മ ചൈതന്യം എന്നിലൂടെ ജ്വലിച്ച് സഭയിലും സമൂഹത്തിലും നിറഞ്ഞൊഴുകണം. പിതാവ് എപ്രകാരം ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രവാചകനായി കാണപ്പെട്ടുവോ, അതുപോലെ ഞാനും, നാമോരോരുത്തരും രൂപാന്തരപ്പെടണം. സ്വയം വിശുദ്ധീകരിച്ച് ക്രിസ്തുസ്നേഹവാഹകരായി മാറണം. ജീവിതംകൊണ്ടും, പ്രവൃത്തികൊണ്ടും, വാക്കുകൊണ്ടും മാർ ഈവാനിയോസ് പിതാവ് പറയുന്നതുപോലെ ഭിന്നത തടയുവാനും പരസ്പരം സ്നേഹം വർദ്ധിപ്പിക്കുവാനും വേണ്ടി ക്രൈസ്തവമായ എന്തെല്ലാം ശ്രമങ്ങൾ ചെയ്യുന്നതിനും നമ്മെക്കൊണ്ടു കഴിയുമോ അതെലാം നാം ചെയ്യണം.

നമ്മുടെ ജനനം മുതൽ ഇന്നുവരെ അനവധി പുനരൈക്യം സ്മരണകളിലൂടെ നാം ഓരോരുത്തരും കടന്നുപോയിട്ടുണ്ട്. അവ ഓരോന്നും ഓരോ ഓർമ്മപ്പെടുത്തലുകളായിരുന്നു. ആ ഓർമ്മപ്പെടുത്തലുകൾ നമ്മുടെ ജീവിതത്തെ സ്വീധീനിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ ധന്യൻ മാർ ഈവാനിയോസ് തിരുമേനിയും പുനരൈക്യവും എന്റെ ജീവിതത്തിൽ വെറുമൊരു അനുസ്മരണമോ ഓർമ്മപ്പെടുത്തലോ മാത്രമായി ഒതുങ്ങാതെ, എന്നിലെ യാഥാർത്ഥ്യമായി മാറണം. അപ്രകാരം, മാർ ഈവാനിയോസ് പിതാവ് ആഹ്വാനം ചെയ്യുന്നതുപോലെ, 'നിങ്ങൾ കത്തോലിക്കരായിത്തീർന്നിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ. നിങ്ങളുടെ ജീവിതവിശുദ്ധിയും സന്മാതൃകകളും അകത്തോലികർക്ക് മാർഗ്ഗദീപമായി ഭവിക്കട്ടെ... എന്റെ മരണശേഷം സ്വർഗ്ഗത്തിലിരുന്നും മലങ്കര സഭാമക്കളുടെ പുനരൈക്യത്തിനായി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കും' എന്ന വാഗ്ദാനം നൽകിക്കൊണ്ടാണ് മാർഈവാണിയോസ് മെത്രാപ്പോലീത്ത തന്റെ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടത്. ഈ ധന്യന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് പുനരൈക്യ സ്വപ്നങ്ങൾ ഇനിയും പൂവണിയാനായി പ്രയത്നിക്കാം.

## ഉപകാരസ്മരണ



**ഒരു വിശ്വാസി**

www.malankaralibrary.com





# പുനർവിചാരം

പ്രണവനാദംപോൽ പ്രതിധ്വനിച്ചതാം
പുനർജനിസ്വരം – 'പുരോഗമകവി'

ഒരുമയ്ക്കരുമയായിക്കരെയാർന്ന
പെരുമീനാമീവാനിയോസ് പ്രമഥിതം

നേർമ്മയാം താഴ്‌വാരം കണ്ടിറങ്ങി ശൈലം
'നീലവാനം മേളിൽ ചോന്ന ഭൂമി താഴെ'

'കുഴൽകണ്ണാടി'യെന്നുപമിച്ചൊരുവൻ
'ഭൂതക്കണ്ണാടി'യെന്നാക്ഷേപിച്ചപരൻ

പണ്ടൊരു 'വൈരുദ്ധ്യരാട്ട'രുളി: 'സഭാ-
മാറിലൊട്ടിയതരചനോ? യോഗിയോ?'

ലോകമേ താപസം, താപസ്യം ജീവിതം
ലോപനം കൂടാതൊഴുകിയ താപസൻ

വേദപ്രമാണദ്വയമിഹത്യർക്കേകി
വാക്കായ്, കർമ്മമായീ ഗിരിദീപധ്വജം

അറിവാകാനറിയാത്തോരീന്നു വിത്തം
അറപ്പില്ലാതേറ്റ വിജ്ഞാനഭിക്ഷുകൻ

മുപ്പതല്ലഞ്ഞൂറു കാശിനൊറ്റി,ക്കൊല്ലാൻ
കോപ്പുകൂട്ടി ശത്രുവെന്നറിഞ്ഞിളിച്ചോൻ

മൺമറഞ്ഞെങ്കിലും മണ്ണടിയാ ദർശം
മണ്ണോരുള്ളിലമൃതായ് നിറച്ച മഹാൻ

ചന്ദിരൻ വാരിദം നീക്കിത്തെളിയും പോൽ
ചന്തമായ് മേവുന്നു പട്ടം കബറതിൽ.



റവ. ഫാ. ബിജോയ് ഊരാളിവിള

www.malankaralibrary.com







# അനന്തമായ പ്രേഷിത മേഖലയിലേക്കുള്ള പടിയേറ്റം

**മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷസ്ഥാനത്തു നിന്ന് വിരമിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് കൃതജ്ഞതാ നിർഭരമായ പ്രാർത്ഥനകൾ**



**റൈറ്റ് റവ. മോൺ. ഡോ. ജോൺസൺ കൈമലയിൽ കോറെപ്പിസ്കോപ്പ**

1995 ഡിസംബർ 14-ന് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ, തിരുവനന്തപുരം അതിരൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്തു. ഉടൻ തന്നെ അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ അജപാലന ഊന്നലുകൾ വിലയിരുത്തുവാൻ ഒരു വൈദിക സമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട, പാറശാല എല്ലാം ഒത്തുചേർന്ന അവിഭക്ത അതിരൂപത. പുറപ്പാട് പുസ്തകം പതിനെട്ടാം അധ്യായം 14 മുതൽ 26 വരെയുള്ള വാക്യങ്ങൾ പിതാവ് വായിച്ചത് ഓർക്കുന്നുണ്ട്. മോശയ്ക്ക് തന്റെ അമ്മായിയപ്പൻ ജത്രോ നൽകിയ ഉപദേശം.

ഒരു ഭരണ സംവിധാനത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ സാംഗത്യം എടുത്തു കാണിക്കുന്ന വേദഭാഗം. ഈ മാർഗ്ഗ നിർദ്ദേശത്തെ പിൻചെന്ന്, പിതാവ് തന്റെ പ്രവർത്തന ശൈലി വ്യക്തമാക്കി. തുടർന്ന് തനിക്ക് സഹകാരികളാകുവാൻ സജ്ജരായ വൈദികരെ സംബന്ധിച്ച ഒരു അഭിപ്രായ സർവ്വേ നടത്തുകയുണ്ടായി. മഹാഭൂരിഭാഗം വൈദികരും കുറിച്ചത് ‘‘ഫാദർ കോശി വർഗീസ് കിഴക്കേവീട്ടിൽ” എന്ന പേരായിരുന്നു.

തെക്കൻ പ്രദേശത്ത് പ്രേഷിത ചൈതന്യത്തിൽ ജ്വലിച്ച യുവ വൈദികൻ. തുടർന്ന് മദ്രാസിൽ മലങ്കരയുടെ സാന്നിധ്യംവാനോളം ഉയർത്തിയ കർമ്മനിരതൻ. വിദ്യാഭ്യാസ മേഖലയെപ്പറ്റി ഈടുറ്റ ഗവേഷണം നടത്തി നേടിയെടുത്ത സുവർണ്ണപ്പതക്കം. മദ്രാസിൽ നിന്നും തിരുവനന്തപുരം അതിരൂപതയുടെ വികാരി ജനറലായി പറിച്ചു നടപ്പെട്ടപ്പോൾ അത് മലങ്കര സഭാ ചരിത്രത്തിലെ ഒരു പുതിയ ഏടായി.

അദ്ദേഹത്തെ അനുധാവനം ചെയ്ത കോർ-എപ്പിസ്കോപ്പാ, തിരുവന ന്തപുരം അതിരൂപതയുടെ സഹായമെത്രാൻ എന്നീ പദവികൾ സ്വാഭാവികമായ പരിണാമമമായി കരുതപ്പെട്ടു. കാലം തന്നെ തേടിയെത്തിയ വിവിധ ഉത്തരവാദിത്തങ്ങൾ, സഭയേയും സമൂഹത്തെയും കെട്ടിപ്പടുക്കുവാനുള്ളചാലക ശക്തിയായി അദ്ദേഹം വിനിയോഗിച്ചു.

മാവേലിക്കര രൂപതയുടെ പ്രഥമ മെത്രാൻ, വത്തിക്കാന്റെ പ്രവാസികൾക്ക് വേണ്ടിയുള്ള കാര്യാലയത്തിലെ ഉപദേഷ്ടാവ്, CBCI ഒന്നാം വൈസ് പ്രസിഡന്റ്, ലേബർ കമ്മീഷൻ, വിദ്യാഭ്യാസ കമ്മീഷൻ, സഭൈക്യ സംവാദ കമ്മീഷനുകളുടെ അധ്യക്ഷൻ, ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജ് മാനേജിങ് കമ്മിറ്റി അംഗം, KCBC പ്രസിഡൻറ്,

www.malankaralibrary.com



വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജാഗ്രത കമ്മീഷൻ അധ്യക്ഷൻ, ഫാമിലി കമ്മീഷൻ അധ്യക്ഷൻ, വിദ്യാഭ്യാസ കമ്മീഷൻ അധ്യക്ഷൻ, കേരള മദ്യവിരുദ്ധ ജനകീയ മുന്നണി ചെയർമാൻ, ധർമ്മരാജ്യ വേദി കേരള റീജിയൻ ചെയർമാൻ, നിലക്കൽ എക്യൂമെനിക്കൽ ട്രസ്റ്റ് വൈസ് പ്രസിഡന്റ്, മദ്രാസ് മിത്ര ട്രസ്റ്റ് ചെയർമാൻ, വട്ടപ്പാറ ഷാലോം ട്രസ്റ്റ് അംഗം തുടങ്ങി വിവിധ സാമൂഹിക സംഘടനകളുടെ നേതൃത്വം-ഇങ്ങനെ അഭിവന്ദ്യ പിതാവ് നേതൃത്വം കൊടുത്ത മേഖലകൾ എണ്ണമറ്റവയാണ്.

അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ മുഖമുദ്ര ഈ വാക്കുകളിൽ സംഗ്രഹിക്കാം: സഹൃദയത, സമചിത്തത, സംല ഭ്യത സമഭാവന. തന്റെ തനതായ പെരുമാറ്റത്തി ലൂടെ വളരെ വേഗം ആരുടെയും ഹൃദയം കവരുവാൻ അഭിവന്ദ്യ പിതാവിന് പ്രത്യേക സിദ്ധിയുണ്ട്. ഔദ്യോഗികതകൾ കൂടാതെ അപരനെ സ്വീകരിക്കാനും അകലം സൂക്ഷി ക്കാതെ അവരോട് ഇടപെടാനും അദ്ദേഹത്തിന് അനാ യാസം സാധിച്ചു. പിതാവിന്റെ സരസമായ സംസാര ശൈലി ശരിക്കും ആകർഷകം തന്നെ.

വികാരവും വിചാരവും സമഞ്ജസമായി സമന്വയിക്കുന്നതാണ് ഒരുവന്റെ ജീവിതവിജയം. വികാര വിക്ഷോഭം കൂടാതെ സമചിത്തതയോടെ ഉത്തമമായ തീരുമാനങ്ങൾ എടുക്കുവാൻ പിതാവിന് എല്ലായ്പ്പോഴും സാധിച്ചു. ഏൽപ്പി യ്ക്കപ്പെട്ട ഉത്തരവാദിത്തങ്ങളെല്ലാം അതിന്റെ പൂർണ്ണതയിൽ നിറവേറ്റാൻ സാധിച്ചത് ആ നിശ്ചയദാർഢ്യവും കഠിനാധ്വാനവും കർമ്മനിര തയും കൊണ്ടാണ്.

തന്റെ സാന്നിധ്യം ആവശ്യമുള്ള എല്ലാ വേദികളിലും പിതാവ് സന്നിഹിതനാണ്. അനിതര സാധാരണമായ വേഗത പ്രവർത്തന ങ്ങളിലും തീരുമാനമെടുക്കുന്നതിലും പിതാവി നുണ്ട്. അലസതയും നിഷ്ക്രിയത്വവും പിതാവി ന്റെ നിഘണ്ടുവിൽ ഇല്ല. ഏവർക്കും സംലഭ്യനായ മഹാപുരോ ഹിതൻ. മറ്റുള്ളവർക്ക് അർഹമായ പരിഗണന കൊടുക്കുന്നതിൽ ഇഗ്നാ ത്തിയോസ് പിതാവ് എല്ലായ്പ്പോഴും ശ്രദ്ധാലുവായിരുന്നു. പക്ഷപാത ത്തിന്റെയും ഉച്ചനീചത്വത്തിന്റെയും കറപുരളാത്ത വ്യക്തിത്വം.മലങ്കര കത്തോലിക്കാ സഭയുടെ നെറുകയിൽ തിളക്കമാർന്നതിലകം ചാർത്തിക്കൊണ്ടാണ് പിതാവ് രൂപതാ ഭരണ ത്തിൽ നിന്ന് വിരമിക്കുന്നത്. എന്നെ വ്യക്തിപര മായി ഏറ്റവും അധികം ആകർഷിച്ചത്, “സഹന ത്തിന്റെ വഴിത്താരയിൽ ചരിക്കുന്നവരുടെ ഉറ്റതോഴൻ”, എന്ന തലത്തിലുള്ള പിതാവിന്റെ വ്യക്തി പ്രാഭവമാണ്. സഹന സുവിശേഷ ത്തിന്റെ പ്രചാരകനായ ‘നല്ല ശമറായൻ” എന്ന വിളിപ്പേര് പിതാവിന് അനുയോജ്യമാണ്.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1984 ഫെബ്രുവരി 11 ന് പുറപ്പെടുവിച്ച ‘Salvifici doloris’ എന്ന അപ്പസ്തോലിക പ്രബോധനം അവ സാനിക്കുന്നത് നല്ല ശമറായക്കാരന്റെ ചിത്രം വരച്ചുകാട്ടിക്കൊണ്ടാണ്.

സഹിക്കുന്ന സഹോദരനോട് സ്നേഹത്തിന്റെ പ്രമാണം പ്രാവർത്തിക മാക്കുന്നവനാണ് യഥാർത്ഥ അയൽക്കാരൻ. വേദന അനുഭവിക്കുന്ന മനുഷ്യന് സഹായം എത്തിക്കുന്ന തരത്തിലേക്ക് ഈ സ്നേഹം വളരണം. സഹനത്തിന്റെ ലോകം നിരന്തരമായി സ്നേഹത്തിന്റെ ലോകത്തെ തിരയുന്നു. ഓരോരുത്തരുടെയും തൊഴിലിട ങ്ങളിൽ ഈ നല്ല ശമറായക്കാ രന്റെ പ്രവർത്തനം എത്ര ഫലവത്തായി പ്രാവർത്തികമാക്കാൻ സാധിക്കും എന്ന് ഓരോരുത്തരും ചിന്തിക്കേണ്ട തുണ്ട്. നല്ല ശമറായക്കാരന്റെ ഉപമ മാനവ ചരിത്രത്തിൽ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുക യാണ്. പ്രമാണരേഖ ആഹ്വാനംചെയ്യുന്ന ‘ആർ ദ്രതയുള്ള കണ്ണുകൾ’ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ വ്യക്തിത്വത്തിന്റെ ഭാഗമാണ്.

വേദനിക്കുന്നവരോടൊപ്പം സമയം ചിലവഴി ക്കുക പിതാവിന്റെ പ്രത്യേക തയാണ്. രോഗികൾ, മരണാസന്നർ, മരിച്ചവർ, മരിച്ചവരെ ഓർത്ത് സങ്കടപ്പെടുന്നവർ എന്നിവിടങ്ങളിലായിരിക്കാൻ പിതാവ് ദൂരങ്ങൾ താണ്ടുന്നത് സാധാരണമാണ്. മരണം, രോഗം, എന്നീ വാർത്തകൾ അറിഞ്ഞാ ലുടൻ, അഥവാ ഏറ്റം അടുത്ത അവസരത്തിൽ അവിടെ എത്തിച്ചേരും. വിവരങ്ങൾ എല്ലാം ചോദിച്ച് മനസിലാക്കും, പ്രാർത്ഥിക്കും. ഏറെ സമയം ചിലവഴിക്കും. സാമ്പത്തിക സഹായം ആവശ്യമെങ്കിൽ ബന്ധപ്പെട്ടവർക്ക് ആരും അറിയാതെ തന്നെ പിതാവ് അത് നൽകും. മരണ വീടുകളിലും സാധിക്കുമെങ്കിൽ പള്ളിയിലും പിതാവ് ശുശ്രൂഷയിൽ പങ്കെടുക്കും. ഏറ്റവും അടുത്ത ബന്ധുവിനെപോലെ സെമിത്തേരി യിലും പിതാവ് സംബന്ധിക്കും. വേണ്ട മാർഗ്ഗ

www.malankaralibrary.com



നിർദ്ദേശങ്ങൾ നൽകും. അവിടെ ആയിരുന്ന് എല്ലാവരെയും കണ്ട് ആശ്വസിപ്പിക്കും. തിരക്കുള്ള ദിവസങ്ങളിൽപ്പോലും, ദൂരം നോക്കാതെ, സമയം നോക്കാതെ, പിതാവ് മരണവീടുകളിൽ എത്തിച്ചേരും. പാതിരാത്രിയും വെളുപ്പാൻ കാലവും എല്ലാം പിതാവിന് ഒരുപോലെ തന്നെ.

രോഗികളെ സന്ദർശിക്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജ്, R.C.C, കൊട്ടിയം ഹോളി ക്രോസ്സ്, പെരുമ്പുഴ അസ്സിസി അറ്റോൺമെൻറ്, അടൂർ ഹോളി ക്രോസ്സ്, പന്തളം C.M, പുഷ്പഗിരി മെഡിക്കൽ കോളേജ്, പരുമല മാർ ഗ്രിഗോറിയോസ്, ബിലീവേഴ്സ് തിരുവല്ല, കല്ലിശ്ശേരി KMC, പുത്തൂർ ബഥനി, തുവയൂർ വിൻസെൻഷ്യൻ ഉൾപ്പെടെ നിരവധി ആശുപത്രികളിൽ പിതാവ് പതിവ് സന്ദർശകനാണ്.

വയോധികരായ വൈദികർ അധിവസിക്കുന്ന വൈദിക മന്ദിരങ്ങൾ, സന്യാസാശ്രമങ്ങൾ എന്നിവിടങ്ങളിൽ പിതാവ് തന്റെ സാന്നിധ്യം സദാ അറിയിച്ചു പോന്നു. ആശുപത്രി സന്ദർശന വേളയിൽ വൈദികർ, സിസ്റ്റേഴ്സ്, പരിചയമുള്ള വ്യക്തികൾ എന്നിങ്ങനെ അസുഖ ബാധിതരായി ആരെങ്കിലും ഉണ്ടോ എന്ന് ചുമതലയിലുള്ളവരോട് പ്രത്യേകം തിരക്കുന്ന പതിവും പിതാവിനുണ്ട്. ആരെങ്കിലും രോഗാവസ്ഥയിൽ ഉണ്ടെങ്കിൽ അത് അറിയണമെന്ന് പിതാവിന് നിർബന്ധമുണ്ട്. ഭൂമിശാസ്ത്രപരമായ പരിമിതി പിതാവിന്റെ കാരുണ്യ ശുശ്രൂഷയെ ബാധിക്കാറില്ല. വേദനിക്കുന്നവരെ സന്ദർശിക്കുവാൻ, മരിച്ചവരെ ഉചിതമായി സംസ്കരിക്കുവാൻ ദേശത്തിന്റെയോ, രൂപതയുടെയോ, പ്രൊവിൻസുകളുടെയോ അതിർത്തികൾ സൂക്ഷിക്കാറില്ല.

വേദനിക്കുന്ന വ്യക്തികൾക്ക് സമീപം നിൽക്കണം, അവരോടൊപ്പം സമയം ചിലവഴിക്കണം, അവർക്ക് സംലഭ്യനാകണം എന്ന മാർപ്പാപ്പയുടെ ആഹ്വാനം അക്ഷരാർത്ഥത്തിൽ ജീവിതത്തിൽ പകർത്തുന്ന ശ്രേഷ്ഠ വ്യക്തിയാണ് അഭിവന്ദ്യ ജോഷ്വാ പിതാവ്. സഹിക്കുന്നവർക്ക് വേണ്ടിയുള്ള പ്രാർത്ഥനാ നിയോഗങ്ങൾ കൃത്യമായും ആദരവോടും പ്രാർത്ഥിച്ച് സമർപ്പിക്കുന്ന അനേകം മിണ്ടാമഠങ്ങളുണ്ട്. യാത്രകളുടെയും പരിപാടികളുടെയും തിരക്കുകൾക്ക് ഇടയിലും സമയം കണ്ടെത്തി പിതാവ് അവരെ സന്ദർശിച്ച് നിയോഗങ്ങൾ സമർപ്പിക്കുന്നു. രൂപതാ തലത്തിൽ പിതാവ് നേതൃത്വം കൊടുത്ത ആശ്വാസ കേന്ദ്രങ്ങൾ നിരവധിയാണ്. ഈഴക്കടവിലെ അൽഫോൻസാ അഗതി മന്ദിരം ഉദാഹരണമാണ്. കലയപുരം "സങ്കേതം", വിളക്കുടി "സ്നേഹതീരം", പത്തനാപുരം "ഗാന്ധിഭവൻ", മാവേലിക്കര "ദയാഭവൻ", "ഫ്രാൻസിസ് ഭവൻ" തുടങ്ങിയ കാരുണ്യ കേന്ദ്രങ്ങളെല്ലാം പിതാവിന്റെ ഇഷ്ട ഇടങ്ങളാണ്.


ശാരീരികവും ധാർമ്മികവും ആന്തരീകവുമായ സഹനങ്ങളെ സ്വാന്തനപ്പെടുത്താനുള്ള ഈ സ്നേഹസ്പർശം സഹനത്തിന്റെ രക്ഷാകരമൂല്യത്തിന്റെ പ്രഘോഷണമത്രേ.

സഹനവേദിയിൽ കൈത്താങ്ങായ ശ്രേഷ്ഠാചാര്യനെ സ്നേഹപൂർവ്വം സ്മരിക്കുന്നു. എന്റെ വ്യക്തിപരമായ അനുഭവത്തിൽ, നിറഞ്ഞ പുഞ്ചിരിയോടെ ത്യാഗപൂർവം കടന്നുവന്ന എത്രയേറെ സന്ദർശനങ്ങൾ. പ്രാർത്ഥനയാൽ ശക്തിപ്പെടുത്തിയ ധന്യ നിമിഷങ്ങൾ. ഒരു രൂപതയുടെ പരിധിക്കപ്പുറം അപരിമിതമായ പ്രേഷിത മേഖലയിലേക്ക് ഔദ്യോഗിക വിരമിക്കലിലൂടെ അങ്ങേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിരിക്കുന്നു. വേദനിക്കുന്ന അനേകർക്ക് ആശ്വാസം പകർന്ന അനുഗ്രഹീതമായ ഈ ശ്രേഷ്ഠാചാര്യ ശുശ്രൂഷ കാലങ്ങളെ അതിജീവിച്ച് മുന്നേറട്ടെ. മനുഷ്യത്വം മരവിച്ച വർത്തമാന കാലത്തിന് അങ്ങയെപ്പോലുള്ള പച്ചമനുഷ്യരെ ഇനിയും ആവശ്യമുണ്ട്. പ്രാർത്ഥനാ മഞ്ജരികൾ പ്രിയപ്പെട്ട പിതാവേ..



www.malankaralibrary.com





# എല്ലാവർക്കും എല്ലാമാകാൻ

**മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷസ്ഥാനത്തു നിന്ന് വിരമിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് കൃതജ്ഞതാ നിർഭരമായ പ്രാർത്ഥനകൾ**



**റവ. ഫാ. റൊമാൻസ് ആന്റണി**

"ഞാൻ എല്ലാവർക്കും വേണ്ടി എല്ലാവർക്കും ഒപ്പം ഉണ്ടാവാനാണ് ഇവിടെ വന്നത്. ഞാൻ ഇന്ന് ചെയ്യുന്നത് നാളെ ജനങ്ങൾക്കും വേണ്ടി മാറ്റൊലി കൊള്ളും" ഖലീൻ ജിബ്രാൻ.

ക്ഷീരപഥത്തിൽ നക്ഷത്രങ്ങൾ ഏറെ ഉണ്ടെങ്കിലും ചില നക്ഷത്രങ്ങൾക്ക് ശോഭ കൂടുതലാണ്. തിരുസഭാ വിഹായസിലെ ഉജ്ജ്വലശോഭയുള്ള ഒരു താരമാണ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്. മാവേലിക്കര സീറോ മലങ്കര കത്തോലിക്ക രൂപതയുടെ അതിരുകൾക്കപ്പുറമാണ് ബിഷപ്പ് ജോഷ്വായുടെ സ്ഥാനം. സീറോ മലങ്കര കത്തോലിക്കാ സഭയുടെ അതിരുകൾക്ക് അപ്പുറത്ത് സ്വന്തമായ ഒരു ഭാഗധേയം അദ്ദേഹം വെട്ടിത്തെളിച്ചു. കേരള കത്തോലിക്കാ സഭയുടെ വൃത്തത്തിനപ്പുറത്ത് വലിയ സൗഹൃദ ബന്ധങ്ങൾ അദ്ദേഹം രൂപപ്പെടുത്തി. ഭാരത കത്തോലിക്ക മെത്രാൻ സമിതിയിൽ തന്റേതായ ഒരു മുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. കേരളത്തിലെ പൊതുസമൂഹത്തിൽ ഇത്രയേറെ ആദരിക്കപ്പെടുന്ന ഒരു അജപാലകൻ വേറെയില്ല.

ഒരാളെ നമ്മൾ ഇഷ്ടപ്പെടുന്നത് അയാൾ നമ്മളോട് പ്രദർശിപ്പിക്കുന്ന സ്നേഹം കാരണമാണ്. A man for all seasons എന്ന വിശുദ്ധ തോമസ് മൂറിനെപ്പറ്റിയുള്ള വിശേഷണം ബിഷപ്പ് ജോഷ്വായ്ക്ക് ചാർത്തിക്കൊടുക്കുന്നതിൽ ശങ്ക വേണ്ട. എല്ലാവർക്കും ഒരാൾ സംലബ്ദനാകുന്നതും എല്ലാവർക്കും തന്റെ വാതിൽ തുറന്നിടുന്നതും അപൂർവ്വമാണ്. ബിഷപ്പ് ജോഷ്വായെകാണുവാനും സംസാരിക്കുവാനും പ്രത്യേക അനുവാദം ഒന്നും ആവശ്യമില്ല. അതുകൊണ്ടുതന്നെ വളരെ വിപുലമായ ഒരു സൗഹൃദ വലയം സൃഷ്ടിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. സൗഹൃദങ്ങൾ നിലനിർത്തുവാൻ എത്രദൂരം വരെ സഞ്ചരിക്കുവാനും അദ്ദേഹം തയ്യാറാണ്. സ്നേഹമുള്ളവരുടെ വീട്ടിലെ മരണത്തിൽ എത്ര രാത്രിയായാലും അദ്ദേഹം എത്തിച്ചേരും. സന്ദർശനത്തിന്റെ മാസ്മരികത അദ്ദേഹം സുവിശേഷത്തിൽ നിന്നും അടർത്തിയെടുത്തതാണ്. എലിസബത്തിനെ കാണുവാൻ യാത്ര ചെയ്ത മറിയം സൗഹൃദങ്ങൾ നിലനിർത്തിയ ഒരു കഥാപാത്രമാണ്. സ്നേഹിക്കുന്നവരുടെ വീട്ടിലെ സുഖദുഃഖങ്ങൾ ബിഷപ്പ് ജോഷ്വാ സ്വന്തമാക്കുന്നു. ഈ സന്ദർശനങ്ങൾ വഴി റീത്തുകളുടെയും മതത്തിന്റെയും വേലിക്കെട്ടുകൾ തകർത്ത് ഒരു വിശാല മാനവികത സ്വരുക്കൂട്ടുവാൻ അദ്ദേഹത്തിന് സാധിച്ചു.

ബിഷപ്പ് ജോഷ്വായ്ക്ക് സ്വന്തമായ ഒരു സാമൂഹ്യ ദൈവശാസ്ത്രം ഉണ്ട് എന്നാണ് എന്റെ

ചിന്ത. വേദപുസ്തകചിന്തകൾ ചാലിച്ചെടുത്ത് സാമൂഹ്യ യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തുന്ന ഒരു ദൈവശാസ്ത്രമാണത്. ആ ദൈവശാസ്ത്രത്തിലെ ആദ്യ പ്രമാണം എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹ സൃഷ്ടിയാണ് (an inclusive society). ദൈവരാജ്യം എന്ന സങ്കല്പം തന്നെ വേലിക്കെട്ടില്ലാത്ത ഒരു സമൂഹമാണല്ലോ.

രണ്ടാമത്തെ പ്രമാണം സാന്നിദ്ധ്യത്തിന്റെ ആദ്ധ്യാത്മികതയാണ്. കൂടെ നടക്കുന്ന ഒരു ആദ്ധ്യാത്മികതയാണത്. മരുഭൂമിയിൽ ഇസ്രായേൽ ജനത്തോടൊപ്പം നടന്ന യഹോവായുടെ അരൂപിയാണത്. നിസ്സഹായരായ മനുഷ്യരെ അനുധാവനം ചെയ്യുന്ന ആദ്ധ്യാത്മകതയാണത്. എന്ത് കൊടുക്കാനുണ്ട് എന്നതല്ല കൂടെനിൽക്കാമെന്ന ഉറപ്പാണത്. സാന്നിദ്ധ്യത്തിന്റെ ദിവ്യതയിലാണ് നമ്മുടെ ദൈവ ദർശനം പോലും രൂപപ്പെടുന്നത്. ഒരു വാഗ്ദാന പേടത്തിന്റെ പുറകെ നടന്നവരായിരുന്നു ഇസ്രായേൽ ജനം. ഇന്നിപ്പോൾ ചിലരുടെ പിറകെ നടക്കാമെന്ന് ജനം തീരുമാനിക്കുന്നത് മുമ്പേ നടക്കുന്ന ആൾ അവർക്ക് നൽകുന്ന ആത്മവിശ്വാസം മൂലമാണ്. സ്ഥലകാലബദ്ധവും സ്ഥലകാലാധീതവുമായ സാന്നിദ്ധ്യത്തിലൂടെയുമാണ് ദൈവം നമ്മളെ എല്ലാവരെയും കണ്ടുമുട്ടുന്നത്. സുഖദുഃഖങ്ങളിൽ, പ്രതിസന്ധികളിൽ ആശ്വാസത്തിന്റെയും പ്രോത്സാഹനത്തിന്റേയും സാന്നിദ്ധ്യമാണ് ബിഷപ്പ് ജോഷായുടെ സാമൂഹ്യ ദർശനത്തിൽ പ്രധാനപ്പെട്ടത്. ആകസ്മികമായി കടന്നുവരുന്ന മരണം മറ്റ് സംഭവങ്ങൾ എന്നിവയോട് അദ്ദേഹം പ്രതികരിക്കുന്നത് മുൻകൂട്ടി തയ്യാറാക്കിയ കാര്യപരിപാടിയിൽ മാറ്റം വരുത്തിയിട്ടാണ്. എല്ലാ മെത്രാന്മാർക്കും സാധ്യമായ ഒരു സിദ്ധി അല്ലത്. ഒരു ഫോൺ കോള് വഴിയുള്ള ആശ്വാസ സന്ദേശം കൊണ്ട് അദ്ദേഹം തൃപ്തനാകുന്നില്ല. നേരിട്ടുള്ള സന്ദർശനം താൻ സ്നേഹിക്കുന്നവരെ ആശ്വസിപ്പിക്കും എന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. ഒരുപാടുപേരുടെ ഹൃദയങ്ങളെ സ്പർശിക്കുവാൻ ഈ മനോഭാവം കൊണ്ട് അദ്ദേഹത്തിന് സാധിച്ചു. ഈ ദൈവശാസ്ത്രം പ്രാവർത്തികമാക്കുവാൻ അദ്ദേഹം നടത്തിയ യാത്രകൾ കേരളത്തിലെ ഏറ്റവും അധികം യാത്രചെയ്യുന്ന മെത്രാനെന്ന സ്ഥാനം അദ്ദേഹത്തിന് നൽകി.

ബിഷപ്പ് ജോഷായുടെ സാമൂഹ്യ ഇടപെടലുകളിൽ ഏറെ ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ് അദ്ദേഹം കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾക്ക് നൽകിയ നേതൃത്വം. ലഹരിയിൽ മനുഷ്യനെ മുങ്ങിത്താഴ്ത്തുന്ന ഒരു സംസ്കാരത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത ഒരു സമരമാണ് അദ്ദേഹം നയിക്കുന്നത്. മദ്യം വിതയ്ക്കുന്ന വിപത്തുകളെപ്പറ്റി ബിഷപ്പ് ജോഷായ്ക്ക് ഒരുപാട് കാര്യങ്ങൾ പറയുവാനുണ്ട്. ഇതുസംബന്ധിച്ച് അദ്ദേഹം എഴുതിയത് ഇപ്രകാരം: "മദ്യപാനം മദ്യപിക്കുന്ന ആളുകളുടെ ആരോഗ്യത്തെമാത്രമല്ല ബാധിക്കുന്നത് സമൂഹത്തെയാകെയാണ്. തൊഴിൽ ചെയ്തുകിട്ടുന്ന വരുമാനമാകെ മദ്യത്തിനുവേണ്ടി ചെലവഴിക്കുന്ന തൊഴിലാളികൾ വളരെ ഏറെയാണ്. കുടുംബത്തിന്റെ സാമ്പത്തിക ചെലവിൽ അല്പം പോലും സഹായിക്കാൻ കഴിയില്ല എന്നതാണ് ഒന്നാമത്തെ കാര്യം. മൂക്കറ്റം മദ്യപിച്ച് വീട്ടിലെത്തുമ്പോൾ കുടുംബാംഗങ്ങൾക്ക് ഏൽക്കേണ്ടിവരുന്ന ശാരീരികവും മാനസികവുമായ പീഡനങ്ങൾ ആണ് രണ്ടാമത്തേത്. മദ്യപന്മാരുടെ കുട്ടികൾ ആരോഗ്യപരമായും വിദ്യാഭ്യാസപരമായും ഏറെ പിന്നിലാകുന്നത് സ്വാഭാവികമാണ്. മൂന്നാമത്തെ ദുരന്തം പിന്നീട് വന്നുചേരുന്നതാണ്. മദ്യപാനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന രോഗം ചികിത്സിക്കേണ്ടതിന്റെ ബാധ്യതയും കുടുംബത്തിന്റെ മേലാണ് വന്നുവീഴുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ മുഖ്യ പ്രേരണ മദ്യമാണ്. കുടുംബ കലഹങ്ങളിൽ 85% ഗൃഹനാഥന്റെ മദ്യപാനം മൂലമാണ്. 30% വിവാഹമോചനത്തിന്റെ കാരണവും മദ്യപാനമാണ്. റോഡപകടങ്ങളിൽ കേരളം ഇൻഡ്യയിൽ രണ്ടാം സ്ഥാനത്താണ്. അപകടങ്ങളിൽ 60% വും മദ്യപിച്ച് വാഹനം ഓടിക്കുന്നതുകൊണ്ടാണ്. കേരളത്തിൽ മദ്യഷാപ്പുകളുടെ ഒഴിവുദിവസങ്ങളിലാണ് റോഡപകടങ്ങൾ കുറയുന്നത് എന്നത് ഈ നിരീക്ഷണത്തിന് ശക്തിപകരുന്നു. അനധികൃതമായ പ്രവർത്തികളിലൂടെ വൻതോതിൽ പണം സമ്പാദിക്കുകയും അധികാര കേന്ദ്രങ്ങളെ സ്വാധീനിച്ച് നിയമ വിരുദ്ധ പ്രവർത്തികൾ തുടരുകയും ചെയ്യുന്ന മാഫിയാ സംഘങ്ങൾ മദ്യവ്യാപാര രംഗത്ത് വളരെ മുമ്പുതന്നെ പ്രബലമാണ്."

സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യതയ്ക്ക് കുറവുവരുത്തുവാനും അതിന്റെ വ്യാപനം തടയുന്നതിനും ഒരുപാട് സമരങ്ങളിൽ അദ്ദേഹം പങ്കെടു

www.malankaralibrary.com


ത്തു. കേരളത്തിന്റെ പൊതുമനസ്സിൽ അതുമൂലം അദ്ദേഹം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു.

വിദ്യാഭ്യാസ മേഖലയിൽ സഭയുടെ നിലപാട് ഉയർത്തിപ്പിടിക്കുവാൻ ഒരുപാട് ഇടപെടലുകളിൽ അദ്ദേഹം പങ്കുചേർന്നു. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുവാനുള്ള കേരളത്തിലെ ക്രൈസ്തവ സഭകളുടെ സമരവേദികളിൽ നിത്യസാന്നിദ്ധ്യമാണ് ബിഷപ്പ് ജോഷ്വാ. സ്ത്രീ വിദ്യാഭ്യാസത്തെപ്പറ്റി അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. "ഓരോ കുട്ടിയുടെയും സർഗ്ഗശേഷിയെ അതിന്റെ സാധ്യതകൾക്കനുസരിച്ച് പരമാവധി വളർത്തുകയാണ് ആധുനിക വിദ്യാഭ്യാസ രീതിയിലൂടെ ചെയ്യുന്നത്. പാഠ്യപദ്ധതിയും സമീപന രീതിയും ആധുനികമല്ലാത്തതാണ് നാം നേരിടുന്ന വലിയ വെല്ലുവിളി. ഹൈടെക് വിദ്യാഭ്യാസം എന്ന ഒരു വാക്കിലേക്ക് ഈ ആശയത്തെ ചുരുക്കരുത്. സ്ത്രീവിദ്യാഭ്യാസം എന്നത് ലിംഗ നീതി, സ്ത്രീശാക്തീകരണം എന്നിവയുമായി ബന്ധപ്പെട്ടു മാത്രം വായിക്കപ്പെടേണ്ട ഒന്നല്ല. അത് ഒരു സമൂഹത്തിന്റെ മൊത്തം സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ വ്യവഹാരങ്ങളുടെ കേന്ദ്രസ്ഥാനത്ത് തന്നെ ചർച്ചചെയ്യേണ്ടതായിട്ടുണ്ട്.'' ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ വിദ്യാഭ്യാസകമ്മീഷന്റെ ചെയർമാൻ എന്ന നിലയിൽ അദ്ദേഹം നിസ്തുലമായ സേവനമാണ് കാഴ്ചവെച്ചത്.

നമ്മുടെ സാമൂഹ്യ ശൃഖലയിലെ മൂന്നു ഘടകങ്ങളാണല്ലോ വ്യക്തി, കുടുംബം, സമൂഹം എന്നിവ. കുടുംബ ജീവിതത്തിന്റെ മഹനീതയെക്കുറിച്ച് ബിഷപ്പ് ജോഷ്വായ്ക്ക് ഉത്തമ ബോദ്ധ്യങ്ങൾ ഉണ്ടായിരുന്നു. അതുകൊണ്ട് കുടുംബജീവിതത്തിന്റെ മാധുര്യത്തെക്കുറിച്ച് അദ്ദേഹം എല്ലായിടത്തും പ്രസംഗിച്ചിരുന്നു. സങ്കീർണ്ണമായ ആധുനിക ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്നത് കുടുംബസംവിധാനമാണ്. ഇതിനെപ്പറ്റി അദ്ദേഹം പറഞ്ഞത് ഇപ്രകാരം: "കുടുംബകലഹം, പരസ്പര വിശ്വാസമില്ലായ്മ, വിവാഹമോചനം, കുടുംബാംഗങ്ങൾക്കിടയിൽ ആശയവിനിമയത്തിന്റെ അഭാവം, സന്താനങ്ങളുമായി വേണ്ടത്ര സമയം ചെലവഴിക്കാൻ കഴിയാതിരിക്കൽ, സാങ്കേതിക വിദ്യകളുടെ അതിപ്രസരം തുടങ്ങി അനേകം പ്രശ്നങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ് കുടുംബം. ഈയോരു അവസ്ഥയ്ക്ക് മാറ്റം സംഭവിച്ചില്ലെങ്കിൽ ഭയാനകമായ വിപത്തായിരിക്കും നേരിടേണ്ടിവരിക."

ബിഷപ്പ് ജോഷ്വായുടെ സാമൂഹ്യ ദർശനത്തിൽ അവസര സമത്വവും തുല്യതയും വിട്ടുവീഴ്ച ചെയ്യാൻ പറ്റാത്ത മൂല്യങ്ങളാണ്. സാധാരണക്കാരുടെ കുടുംബങ്ങളിൽ മക്കളെക്കുറിച്ച് വലിയ സ്വപ്നങ്ങൾ മെനയുവാനദ്ദേഹം പ്രേരണ നൽകി. തന്റെ അജഗണത്തിന് വിശ്വാസ ശിക്ഷണം മാത്രമല്ല അദ്ദേഹം നൽകിയത്. സ്വപ്നങ്ങൾ കാണുവാൻ അദ്ദേഹം യുവാക്കളെ പഠിപ്പിച്ചു. ജീവിതത്തിന് പുതിയ സാദ്ധ്യതകൾ വെട്ടിത്തെളിക്കുവാൻ അദ്ദേഹം യുവജനങ്ങളോട് പറഞ്ഞു. സാധാരണക്കാരന്റെ ജീവിതം മെച്ചപ്പെടുത്തുവാൻ, അവരുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ബിഷപ്പ് ജോഷ്വാ ഭാവാത്മകമായ പല പരിപാടികൾക്കും രൂപം കൊടുത്തു. സംരംഭകത്വവികസനം ബിഷപ്പ് ജോഷ്വായുടെ സാമൂഹ്യഇടപെടലുകളിലെ ഒരു പ്രധാന അംശമായിരുന്നു. എല്ലാവരും വിദേശത്തേക്ക് പോകുവാൻ ശ്രമിക്കുമ്പോൾ നമ്മുടെ നാട്ടിലുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അദ്ദേഹം ആഹ്വാനം ചെയ്തു. തീവ്രദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുവാൻ അദ്ദേഹം മറന്നില്ല. ദാരിദ്ര നിർമ്മാജ്ജനം അദ്ദേഹത്തിന്റെ അജപാലക ധർമ്മത്തിന്റെ അഭിഭാജ്യ ഘടകമായിരുന്നു. ഇതോടൊപ്പം സാധാരണക്കാർക്ക് വൈദ്യസഹായത്തിനുള്ള സഹായം എത്തിക്കുന്നതിലും ബന്ധപ്പെട്ടവർക്ക് അദ്ദേഹം നിർദ്ദേശം നൽകി.

ഫ്രാൻസിസ് മാർപ്പാപ്പയുടെ പരിസ്തിതി സംരക്ഷണത്തെപ്പറ്റിയുള്ള പ്രതിബദ്ധത ബിഷപ്പ് ജോഷ്വാ സ്വന്തമാക്കി. ബിഷപ്പ് ജോഷ്വാ അതേപ്പറ്റി പറയുന്നത് "ജൈവവൈവിധ്യം മാത്രമല്ല, മാനവ സംസ്കാരത്തിലെ വൈവിധ്യമാർന്ന പൈതൃകങ്ങളും സംരക്ഷിക്കപ്പെടണം. ഈ ഭൂമുഖത്തുനിന്ന് കടന്നുപോകുമ്പോൾ അടുത്ത തലമുറയ്ക്കായി നാം അവശേഷിപ്പിക്കുന്നത് സുന്ദരമായ ഒരു ഭൂമിയായിരിക്കണം. ഇതാണ് തലമുറകൾക്കിടയിലെ നീതി എന്നതുകൊണ്ട് പാപ്പാ ഉദ്ദേശിക്കുന്നത്. പ്രപഞ്ചത്തോടു നമുക്കുണ്ടാകേണ്ട അടിസ്ഥാനഭാവങ്ങൾ വിസ്മയത്തിന്റെയും അവയിൽ നിന്നുളവാകുന്ന ആദരവിന്റെയും സ്നേഹ

www.malankaralibrary.com


ത്തിന്റെയും നന്ദിയുടെയും ഭാവങ്ങളാണ്."

സുറിയാനി പദമായ 'മമത്റാൻ' അഥവാ മിത്രാൻ എന്ന പദത്തിൽ നിന്നാണ് മെത്രാൻ എന്ന വാക്ക് രൂപപ്പെട്ടത്. മേൽ നോട്ടക്കാരൻ, കാവൽക്കാരൻ, പരിപാലകൻ, മേലദ്ധ്യക്ഷൻ എന്നൊക്കെയുള്ള അർത്ഥങ്ങളും ഈ പദത്തിനുണ്ട്. മെത്രാൻ കാവൽക്കാരനാണ്. വിശ്വാസ സമൂഹത്തിന്റ കാവൽക്കാരൻ മാത്രമല്ല പൊതു സമൂഹത്തിന്റെ കൂടി കാവൽക്കാരനാണ് മെത്രാൻ.ലത്തീൻ റീത്തിൽ മെത്രാന് 'പൊന്തിഫെക്സ്' എന്നൊരു വിശേഷണം ഉണ്ട്. പാലം പണിയുന്ന ജോലിക്കാരെ ഉയർന്ന കാവൽ ഗോപുരത്തിൽ നിന്നും വീക്ഷിക്കുന്ന ആളാണ് പൊന്തിഫെക്സ്. മുകളിൽ നിന്നും നിരീക്ഷിക്കുന്നത് കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനേക്കാൾ കുറവുകൾ നികത്തുവാനാണ്. പൗരസ്ത്യസഭകളിലെ മെത്രാന്മാർ ശിരോ വസ്ത്രം അണിയുന്നവരാണ്. ഗ്രീക്കുഭാഷയിൽ ശിരോ വസ്ത്രത്തിന് "മിത്ര" എന്നാണ് പറയുന്നത്. ഇതിൽ നിന്നാണ് അറബിഭാഷയിലെ മിത്രാൻ എന്ന പദവും പിന്നീട് മെത്രാൻ എന്ന പദവും ഉണ്ടായത്. അന്ത്യോക്യൻ പാരമ്പര്യം ഉള്ള സഭകളിൽ മെത്രാന്മാർ ഉപയോഗിക്കുന്ന ശിരോ വസ്ത്രത്തെ 'മസ്തപസ' എന്നാണ് വിളിക്കുന്നത്. ലത്തീൻ മെത്രാന്മാർ ശിരസിൽ വയ്ക്കുന്ന 'മൈറ്റർ' എന്ന പേരിലുള്ള തൊപ്പി ഗ്രീക്കുഭാഷയിലെ മിത്ര എന്ന വാക്കിൽ നിന്നും ഉരുവായതാണ്. മെത്രാന്റെ സ്ഥാനചിഹ്നമാണ് ശിരോവസ്ത്രം. തിന്മയുടെ സ്വാധീനത്തെ തടയുവാനുള്ള കവചമാണത്. സമൂഹത്തിൽ നന്മയുടെ പരിവേഷം നൽകുവാനുള്ള ഓർമ്മപ്പെടുത്തലാണത്. തലയിൽ ശിരോവസ്ത്രവും മുഖത്ത് മായാത്ത പുഞ്ചിരിയുമുള്ള ഇടയനാണ് ബിഷപ്പ് ജോഷ്വാ.

മെത്രാനു വിശുദ്ധീകരിക്കുവാനും പഠിപ്പിക്കുവാനും ഒരു സമൂഹത്തെ വിശ്വാസത്തിലും സ്നേഹത്തിലും രൂപപ്പെടുത്തുവാനുള്ള ദൗത്യമാണുള്ളത്. ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്ക് പ്രാദേശികാസ്തിത്വം നൽകുയാണ് മെത്രാന്റെ കടമ. ക്രിസ്തീയ പ്രബോധത്തിന് കാലിക പ്രസക്തമായ വ്യാഖ്യാനം നൽകുവാൻ മെത്രാനു സാധിക്കണം. ജനങ്ങളെ വല്ലാതെ അലട്ടുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിഷമപ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയിൽ ക്രൈസ്തവ സിദ്ധാന്തങ്ങളെ കാലോചിതമായ ആവശ്യങ്ങൾക്ക് യോജിച്ച വിധത്തിൽ അവതരിപ്പിക്കുന്നതിൽ ബിഷപ്പ് ജോഷ്വായ്ക്ക് പ്രത്യേക വൈദഗ്ദ്ധ്യം ഉണ്ട്.

മനുഷ്യസമുദായത്തെയും മനുഷ്യസമുദായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും പറ്റിയും ബന്ധപ്പെട്ടവരോട് സംവാദത്തിൽ ഏർപ്പെടുകയാണ് മെത്രാന്റെ പ്രധാന കർത്തവ്യം എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചത്. ഈ സംവാദം എപ്പോഴും സത്യത്തോടു സ്നേഹവും ബുദ്ധിയോടുള്ള ഉപവിയും ചേർന്നതായിരിക്കണം. എന്നും മാനവമൈത്രിയും സൗഹൃദവും വളർത്തുന്ന തരത്തിലുമായിരിക്കണം എന്നതും കൗൺസിൽ പ്രബോധനം.

കത്തോലിക്കാ സഭയിലെ മെത്രാൻ പുരോഹിതപ്രമുഖൻ മാത്രമല്ല പ്രവാചകൻ കൂടിയാണ്. തിന്മയ്ക്കെതിരെ പ്രതികരിക്കുവാനുള്ള ഉത്തരവാദിത്വമാണ് മെത്രാനുള്ളത്. ബിഷപ്പ് ജോഷ്വാ സമകാലീന സമൂഹത്തിലെ ഒരു പ്രവാചനകനാണ്. അദ്ദേഹത്തിന്റെ പ്രവചന ശബ്ദം നിലയ്ക്കുകയില്ല എന്ന പ്രതീക്ഷയാണ് നമുക്കുള്ളത്.



 www.malankaralibrary.com



# വിവേകിയായ വികാരി ജനറാൾ

**മാവേലിക്കര ഭദ്രാസനത്തിന്റെ പുതിയ അധ്യക്ഷനായി ശുശ്രൂഷ ആരംഭിക്കുന്ന അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് മെത്രാപ്പോലീത്തായ്ക്ക് പ്രാർത്ഥനാഭാവുകങ്ങൾ**



**റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത് കോറെപ്പിസ്കോപ്പ**
വികാർ ജനറാൾ, തിരുവനന്തപുരം മേജർ അതിഭദ്രാസനം

തിരുവനന്തപുരം മേജർ അതിരൂപതയുടെ വൈവിധ്യവും വിശാലവുമായ ശുശ്രൂഷ മേഖലകളിൽ മേജർ അതിരൂപതാധ്യക്ഷനായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്ക ബാവയ്ക്ക് വികാരി ജനറാൾ എന്ന നിലയിലും സഹായമെത്രാൻ എന്ന നിലയിലും നിർലോഭമായ സഹായവും പിന്തുണയും നൽകിയ വ്യക്തിയായിരുന്നു അഭിവന്ദ്യ പോളികാർപ്പസ് മെത്രാപ്പോലീത്ത. 2013 മുതൽ വികാരി ജനറാൾ എന്ന പദവിയിലും 2022 മുതൽ മേജർ അതിരൂപതയുടെ സഹായ മെത്രാനും മുഖ്യവികാരി ജനറാളും എന്ന നിലയിലും മേജർ അതിരൂപതയുടെ എല്ലാ ശുശ്രൂഷാ മേഖലകളിലും സജീവമായ സാന്നിധ്യവും ഇടപെടലുകളും നടത്തിയിരുന്നു. എല്ലാ കാര്യങ്ങളിലും ബാവാതിരുമേനിക്ക് വിധേയപ്പെട്ടും തിരുമേനിയോട് ആലോചന നടത്തിയും ചെയ്തിരുന്നതിനാൽ ശുശ്രൂഷ വേദികളിലെല്ലാം സമാനസമീപനവും ഏകാഭിപ്രായവും കാത്തുസൂക്ഷിക്കാൻ അഭിവന്ദ്യ പോളികാർപ്പസ്

പിതാവിന് സാധിച്ചു. അധികാരികൾക്ക് വിധേയപ്പെടുന്നതും അവരെ അനുസരിക്കുന്നതും തന്റെ വ്യക്തിത്വത്തിന് ഒരു കുറവായി പിതാവ് ഒരിക്കലും കണ്ടിരുന്നില്ല.

### വൈദികരോടും സന്യസ്തരോടുമുള്ള സമീപനം

വികാരി ജനറാൾ ആയിരുന്ന കാലയളവിൽ അഭിവന്ദ്യ പോളിക്കാർപ്പസ് പിതാവ് വളരെ സൗഹൃദ ഭാവത്തിലാണ് എല്ലാ വൈദികരോടും ഇടപെട്ടിരുന്നത്. പൗരോഹിത്യ കൂട്ടായ്മയെ ഏറെ ഇഷ്ടപ്പെട്ടിരുന്ന പിതാവ് എപ്പോഴും വൈദികരോട് ഹൃദ്യമായ ബന്ധത്തിൽ കഴിയാൻ ശ്രദ്ധിച്ചിരുന്നു. വൈദികരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ ശുശ്രൂഷകളും സഹായങ്ങളും ചെയ്തു കൊടുക്കുന്നതിനും പിതാവ് പ്രത്യേക ജാഗ്രത പുലർത്തിയിരുന്നു. വൈദികരുടെ വ്യക്തിപരവും ഔദ്യോഗികവുമായ ജീവിതത്തിൽ അവരുടെ വേദനകളിൽ സമാശ്വസിപ്പിക്കുന്നതിനും സന്തോഷത്തിൽ ഉൾച്ചേരുന്നതിനും പിതാവ് എടുത്തിരുന്ന താല്പര്യം ശ്രദ്ധേയമാണ്.

ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനോടും പിതാവിന് ഏറെ ആദരവും ബഹുമാനവും ഉണ്ടായിരുന്നു. അവരുടെ രോഗാവസ്ഥയിലും മൃത സംസ്കാര ശുശ്രൂഷയിലും ഓർമ്മ കുർബാനകളിലും സന്യാസ ഭവനങ്ങളിലെ മറ്റ് ആവശ്യങ്ങളിലും പിതാവിന്റെ സാന്നിധ്യം ഉറപ്പായിരുന്നു.

### പ്രത്യേകമായി നൽകപ്പെട്ട ശുശ്രൂഷാ വേദികൾ

വികാരി ജനറാളും സഹായമെത്രാനുമെന്ന നിലയിൽ അതിരൂപതയിലെ എല്ലാ കാര്യങ്ങളിലും തന്റെ സാന്നിധ്യവും ഇടപെടലുകളും നടത്തേണ്ടിയിരുന്നപ്പോൾ പോലും പിതാവിന് പ്രത്യേകമായ ചില ശുശ്രൂഷ വേദികൾ കൂടി നൽകപ്പെട്ടിരുന്നു. തിരുവനന്തപുരം മേജർ അതിരൂപതയിലെ എം എസ് സി കോളേജുകളുടെ സെക്രട്ടറി എന്ന നിലയിൽ വളരെ ഭാരിച്ചതും സങ്കീർണവുമായ ഉത്തരവാദിത്വങ്ങൾ പിതാവിന് പ്രത്യേകമായി നൽകിയിരുന്നു. അതോടൊപ്പം അൺ എയ്ഡഡ് സ്കൂളുകളുടെ കോഡിനേറ്റർ എന്ന ചുമതലയും ഏൽപ്പിക്കപ്പെട്ടിരുന്നു. ഏറ്റെടുത്തതും ഏൽപ്പിക്കപ്പെട്ടതുമായ എല്ലാ ഉത്തരവാദിത്വങ്ങളും നൂറു ശതമാനം വിശ്വസ്തതയോടെ നിറവേറ്റിയിരുന്നു. വൈദികരുടെയും ഇടവകകളുടെയും ഉന്നമനത്തിനും അവരുടെ കൂട്ടായ്മ വളർത്തുന്നതിനും സവിശേഷമായി നൽകപ്പെട്ട ഉത്തരവാദിത്വങ്ങളും വളരെ ശ്രദ്ധേയമായി നിറവേറ്റി. അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ സത്വരവും സമയബന്ധിതവുമായ ഇടപെടലുകൾ നടത്തിയിരുന്നു. അവയ്ക്ക് നീതിയുക്തവും നിയമാനുസൃതവുമായ പരിഹാരം കണ്ടെത്താൻ ശ്രദ്ധിച്ചിരുന്നു. ഇടവകകളിലും പ്രേഷിത കാര്യാലയ പ്രവർത്തനങ്ങളിലും ഏതെങ്കിലും പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടാൽ അഭിവന്ദ്യ ബാവ തിരുമേനിയുമായി ആലോചിച്ച് പരിഹാരം കണ്ടെത്താൻ കാലവിളമ്പം വരുത്തിയിരുന്നില്ല.

### ആത്മീയ കാര്യങ്ങളിൽ കാത്തുസൂക്ഷിച്ചിരുന്ന ജാഗ്രത

മേജർ അതിരൂപതയിലെ ആത്മീയ ശുശ്രൂഷകളെല്ലാം മുടക്കം കൂടാതെ നടക്കുന്നുണ്ട് എന്ന് പിതാവ് ഉറപ്പുവരുത്തിയിരുന്നു. ഏതെങ്കിലും ദൈവാലയത്തിൽ വൈദികരുടെ ലഭ്യത ഇല്ലാതെ വന്നാൽ പകരം ക്രമീകരണം ചെയ്യുന്നതിൽ പ്രത്യേക താൽപര്യം പ്രകടിപ്പിച്ചിരുന്നു. അപ്രതീക്ഷിതമായി ഉണ്ടാകുന്ന ഏതെങ്കിലും സാഹചര്യത്തിൽ വൈദികർക്ക് ഞായറാഴ്ച കുർബാനകളും മറ്റെന്തെങ്കിലും ശുശ്രൂഷകളും നടത്താൻ സാധിക്കാതെ വരുമ്പോൾ പകരം ക്രമീകരണം ചെയ്യുന്നതിന് പിതാവ് പ്രത്യേക താൽപര്യം എടുത്തിരുന്നു. ചിലപ്പോൾ ചില സ്ഥലങ്ങളിൽ ആവശ്യമായ ക്രമീകരണം ചെയ്യുന്നതിന് പല വൈദികരെയും വിളിക്കുകയും ബന്ധപ്പെടുകയും ചെയ്യേണ്ടി വന്നിട്ടുണ്ട്. ദൈവാലയത്തിലെ ആരാധനകളും ശുശ്രൂഷകളും മുടക്കം കൂടാതെ നടക്കുന്നതിനും വേണ്ട ഇടപെടലുകൾ ഏത് വിധേനയും നടത്തിയിരുന്നു. പിതാവ് വികാരി ജനറാൾ ആയിരുന്ന കാലത്ത് വൈദികരുടെ അഭാവം കാരണം ഏതെങ്കിലും ദൈവാലയത്തിൽ ഞായറാഴ്ച കുർബാന മുടങ്ങിയതായി അറിവില്ല. വൈദികരെ ആരെയും ലഭിക്കുന്നി



ല്ലെങ്കിൽ പിതാവ് തന്നെ നേരിട്ട് പോയി ആവശ്യമായ ശുശ്രൂഷകൾ നിറവേറ്റിയിരുന്നു.

### പ്രഥമ ഗണന മിഷനുകൾക്ക്

മാർ പോളികാർപ്പസ് മെത്രാപ്പോലീത്തയുടെ നാല് പതിറ്റാണ്ടുകളിൽ അധികമുള്ള പൗരോഹിത്യജീവിതത്തിൽ ഏറിയ കാലയളവും ശുശ്രൂഷ ചെയ്തിരുന്നത് മിഷൻ ദൈവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും ആയിരുന്നു. ആയതിനാൽ അഭിവന്ദ്യ പിതാവ് തന്റെ പൗരോഹിത്യ ജീവിതത്തിലുടനീളം പ്രത്യേകിച്ച് വികാരി ജനറാൾ ആയിരുന്ന കാലയളവിൽ പാവപ്പെട്ട മിഷൻ ദൈവാലയങ്ങളോട് സവിശേഷ ശ്രദ്ധയും പരിഗണനയും പ്രകടമാക്കിയിരുന്നു. ഹാശാആഴ്ചകളിലും ക്രിസ്തുമസിനും പിതാവ് ശുശ്രൂഷകൾക്കായി തെരഞ്ഞെടുത്തിരുന്നത് പലപ്പോഴും കൊച്ചുദൈവാലയങ്ങളും മിഷൻ ഇടവകകളും ആയിരുന്നു.

ഞായറാഴ്ചകളിലെ വി. കുർബാനകൾക്കും പിതാവ് കൂടുതലായി പോകാൻ ആഗ്രഹിച്ചിരുന്നത് മിഷൻ കേന്ദ്രങ്ങളിൽ ആയിരുന്നു. ഒരു ചെറിയ ഇടവകയ്ക്ക് ഒരു പിതാവിന്റെയോ വികാരി ജനറാളിന്റെയോ ശുശ്രൂഷ ലഭിക്കുക എന്നത് അവർക്ക് വളരെ പ്രചോദനാത്മകവും പ്രോത്സാഹനജനകവും ആണ്. ആയതിനാൽ പാവപ്പെട്ട മിഷനു കളിലുള്ളവരൊക്കെ വളരെ അഭിമാനത്തോടെയാണ് പിതാവിശുശ്രൂഷകളെ കുറിച്ച് വിവരിക്കുന്നത്.

മാത്രമല്ല, മിഷനുകളുടെയും മിഷൻ ഇടവകയിൽ ഉള്ളവരുടെയും സമഗ്ര പുരോഗതിക്ക് ആവശ്യമായ മാർഗ്ഗനിർദേശങ്ങളും സാമ്പത്തിക സഹായവും നൽകിയിരുന്നു. ധാരാളം കുഞ്ഞുങ്ങൾക്ക് അഡ്മിഷനും ജോലിയും പിതാവ് ക്രമപ്പെടുത്തി കൊടുത്തിരുന്നു.

### ആയാസരഹിത മനോഭാവം

ഒന്നിനെക്കുറിച്ചും ആകുലതകളും മാനസിക പിരിമുറുക്കങ്ങളും ഇല്ലാതിരുന്ന 'ടെൻഷൻ ഫ്രീ' ജീവിതമായിരുന്നു പിതാവിന്റേത്. ഏത് പ്രതിസന്ധികളിലും സംഘർഷ സാഹചര്യങ്ങളിലും പിതാവ് ശാന്തനും സ്വസ്ഥനുമായിരുന്നു. ഒന്നും പിതാവിനെ അലോസരപ്പെടുത്തുകയോ അസ്വസ്ഥതപ്പെടുത്തുകയോ ചെയ്തിട്ടില്ല. വികാരി ജനറാൾ എന്ന നിലയിലും സഹായ മെത്രാൻ എന്ന ഉത്തരവാദിത്വത്തിലും പല പൊതുപരിപാടികൾക്കും നേതൃത്വം നൽകേണ്ടിവരുമ്പോഴും സംഘാടനത്തിന്റെ സമ്മർദ്ദങ്ങൾ ഒന്നും പിതാവിന് ഉണ്ടായിരുന്നില്ല.

മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ, സെന്റ് തോമസ് ഹോസ്റ്റൽ വാർഡൻ തുടങ്ങിയ വലിയ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവഹിച്ചതിന്റെ ആത്മവിശ്വാസവും ആഴത്തിലുള്ള ദൈവവിശ്വാസവും എല്ലാത്തിന്റെയും മുമ്പിൽ ബാവാ തിരുമേനിയുണ്ട് എന്ന ബോധ്യവും ആയിരിക്കാം ഒന്നും പിതാവിനെ അസ്വസ്ഥതപ്പെടുത്താതിരുന്നതിന് കാരണങ്ങൾ.

2013 മുതൽ വികാരി ജനറാളായും മുഖ്യ വികാരി ജനറാളായും 2022 മുതൽ സഹായ മെത്രാനായും സ്തുത്യർഹവും മാതൃകാപരവുമായ ശുശ്രൂഷ നിർവഹിച്ച അഭിവന്ദ്യ പോളികാർപ്പസ് പിതാവ് മാവേലിക്കര ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി ചുമതല ഏൽക്കുമ്പോൾ അത് നിർവഹിക്കാനുള്ള പ്രാപ്തിയും അനുഭവസമ്പത്തും പിതാവ് ഇതിനോടകം പ്രാപ്തമാക്കിയിട്ടുണ്ട്. ദൈവനിയോഗമായി ലഭിച്ച ഈ പുതിയ ഉത്തരവാദിത്വം അതിന്റെ പൂർണ്ണതയിൽ നിർവഹിക്കാൻ അഭിവന്ദ്യ പോളികാർപ്പസ് മെത്രാപ്പോലിത്തായ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

www.malankaralibrary.com





റവ. ഫാ. ജോസഫ് പുളിമൂട്ടിൽ

# ദൈവനിയോഗത്തിന്റെ സുകൃത വഴികൾ

### അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്തായുടെ ജീവിതരേഖ

മാവേലിക്കര ഭദ്രാസനത്തിന്റെ അമരക്കാരനായി ശുശ്രൂഷ ഏറ്റെടുക്കുന്ന അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്തായുടെ ജീവിത വഴികളിൽ എന്നും നിറഞ്ഞുനിന്നിരുന്നത് ദീപ്തമായ ഒരു ദൈവനിയോഗത്തിന്റെ മനോഹാരിതയാണ് എന്ന് അദ്ദേഹത്തിന്റെ പിന്നിട്ട ജീവിത വഴികളിലൂടെ കാലം നമ്മെ ഓർമ്മപ്പെടുത്തുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി ശുശ്രൂഷ നിർവ്വഹിച്ച് മാവേലിക്കര ഭദ്രാസനത്തിന്റെ അമരക്കാരനായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവയുടെ തൃക്കയ്യാൽ അദ്ദേഹം 2025 ജ്യൂൺ 29 ന് ശുശ്രൂഷ ആരംഭിക്കുമ്പോൾ കൊല്ലം ജില്ലയുടെ സാംസ്കാരികത സമ്പന്നതയുടെ ചരിത്ര വഴികളിൽ ഇനിയുള്ള പിതാവിന്റെ കർമ്മവീഥികൾ ഏറെ പ്രാധാന്യമർഹിക്കുന്നു.



### ജനനവും ബാല്യവും

മലയാള മാസങ്ങളിൽ ചിട്ടപ്പെടുത്തിയ കലണ്ടർ പിറന്ന നാടാണ് കൊല്ലം. അങ്ങനെ ആ നാടിന്റെ പേരിൽ ഒരു വർഷം ഉണ്ടായി– കൊല്ല വർഷം. ഏറെ സമ്പന്നമായ സാമൂഹിക സാംസ്കാരിക ചരിത്രത്തിൽ അഭിമാനം കൊള്ളുന്ന കൊല്ലം ജില്ലയിലെ പുത്തൂരിൽ മനക്കരക്കാവിൽ ഗീവർഗീസിന്റെയും കുഞ്ഞമ്മ ഗീവർഗീസിന്റെയും ആറു മക്കളിൽ ഇളയവനായി സഭാ ചരിത്രത്തിന്റെ പ്രയാണത്തിൽ ഭാവിയിലേക്ക് ദൈവം കാത്തുസൂക്ഷിച്ച നിയോഗവും പേറി 1955 നവംബർ 10 ന് അദ്ദേഹം ജനിച്ചു. ഭക്തിയിലും സഹജീവികളോടുള്ള കരുണയിലും വിളങ്ങി നിന്ന ബാല്യകാലം. അപ്പന്റെയും അമ്മയുടെയും കരങ്ങൾ പിടിച്ച് തൊട്ടടുത്തുള്ള പുത്തൂർ സെൻറ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകപ്പള്ളിയിലേക്ക് വി.കുർബാനയ്ക്കും പ്രാർത്ഥനാശുശ്രൂഷകൾക്കും നടന്നുനീങ്ങിയ ബാല്യകാലത്തിന്റെ യാത്രകൾ ദൈവവിളിയിലേക്കുള്ള നടന്നടുക്കലായിരുന്നു. വെണ്ടാർ എൻ.എസ്.എസ്.എൽ.പി. സ്കൂളിലും പുത്തൂർ ലിറ്റിൽ ഫ്ളവർ യു.പി. സ്കൂളിലും പുത്തൂർ ഗവൺമെൻറ് ഹൈസ്കൂളിലും വിദ്യാഭ്യാസം നേടി അറിവിന്റെ വഴികളിൽ പഠന മികവുകൊണ്ടും അറിവിനുവേണ്ടിയുള്ള ദാഹം കൊണ്ടും അധ്യാപക മനസ്സുകളിൽ ബാല്യകാലത്തിൽ തന്നെ ഇടം പിടിച്ചു.

### ദൈവ വിളിയും സെമിനാരി പരിശീലനവും

സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മേജർ അതിഭദ്രാസനത്തിന്റെ സെൻറ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു, തികഞ്ഞ ഭക്തിയിലും പ്രാർത്ഥനയിലും ജീവിതം ചിട്ടപ്പെടുത്തി. അറിവുകൊണ്ടും കളിക്കളത്തിലെ കായിക മികവുകൊണ്ടും ഗായക സംഘത്തിലെ ശബ്ദ മാധുര്യം കൊണ്ടും സെമിനാരിയിൽ ചേർന്ന ആദ്യനാളുകളിൽ തന്നെ എല്ലാവരുടെയും ശ്രദ്ധയ്ക്ക് പാത്രമായ് മാറി. 1979–ൽ കോട്ടയം വടവാതൂർ സെൻറ് അപ്പസ്തോലിക സെമിനാരിയിൽ വൈദിക പരിശീലനത്തിന്റെ തുടർ പഠനത്തിലേക്ക് പ്രവേശിച്ചു. വൈദിക പരിശീലന കാലഘട്ടങ്ങളിലെല്ലാം അറിവിലും കലാകായിക മേഖലയിലും ശ്രദ്ധേയനായി. ശുഭാപ്തി വിശ്വാസവും ചിട്ടയായ ജീവിത ക്രമീകരണവും കഠിനാദ്ധ്വാനവും അറിവിലും കായികതയുടെ കളിക്കളത്തിലും അദ്ദേഹത്തെ അജയ്യനാക്കി. 1979 –83 കാലഘട്ടത്തിൽ ഫിലോസഫിയിലും തിയോളജിയിലും ഉന്നതമായ നിലയിൽ ബിരുദം നേടി. 1983 ഡിസംബർ 18 ന് ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. പ്രകാശത്തിന്റെ ഉത്സവവുമായി എത്തുന്ന ക്രിസ്മസിന്റെ



ഡിസംബർ മാസം അങ്ങനെ വലിയൊരു ദൈവ നിയോഗത്തിന്റെ പൂർത്തീകരണത്തിന് സാക്ഷ്യം വഹിച്ചു. അനേകരുടെ ജീവിത വഴികളിൽ നക്ഷത്ര വെളിച്ചമാകാൻ മാത്യൂസ് മനക്കരക്കാവിൽ എന്ന ശെമ്മാശൻ പൗരോഹിത്യത്തിന്റെ ദിവ്യ വെളിച്ചം സ്വീകരിച്ച് പുരോഹിതനായി.

### അറിവിന്റെ വഴികൾ

സമർപ്പണ മനോഭാവത്തിലൂടെ നേടിയെടുത്ത അറിവിന്റെ വെളിച്ചം വാക്കുകളെയും ചിന്താധാരകളെയും പ്രവർത്തിപഥങ്ങളെയും കൂടുതൽ ആഗ്നേയമാക്കി. ചെന്നൈയിലെ ലയോള കോളേജിൽ നിന്നും ചരിത്ര പഠനത്തിൽ ബിരുദവും (1988) ഫ്രഞ്ച് സാഹിത്യത്തിൽ മാസ്റ്റർ ബിരുദവും (1990) മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ഡിപ്ലോമയും (DLCF,1999) തിരുനൽവേലിയിലെ എം.എസ്.



യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും (2010) കരസ്ഥമാക്കി. അറിവിന്റെ വഴികളിലൂടെയുള്ള ഈ യാത്രയിൽ പുതിയ ദർശനങ്ങളും ബോധ്യങ്ങളും സ്വായത്തമാക്കി തന്റെ കർമ്മവീഥികളെ അദ്ദേഹം കൂടുതൽ പ്രോജ്ജ്വലമാക്കി.

### മാർ ഇവാനിയോസ് കോളേജിന്റെ അമരക്കാരൻ


തിരുവനന്തപുരം നഗരത്തിൽ അറിവിന്റെ മുഖശ്രീയായി വിളങ്ങി നിൽക്കുന്ന മാർ ഇവാനിയോസ് കോളേജിലെ അധ്യാപകനായും ബർസാറായും സെന്റ് തോമസ് ഹോസ്റ്റൽ വാർഡനായും സേവനം അനുഷ്ഠിച്ചു. തുടർന്ന് മാർ ഇവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാൾ (2007 –11) ആയി ചുമതലയേറ്റെടുത്ത് കോളേജിന്റെ അമരക്കാരനായി മാറിയപ്പോൾ സമർപ്പണ മനോഭാവത്തോടെ ആർജ്ജിച്ചെടുത്ത അറിവിന്റെ വഴിയിലെ കിരീട ധാരണമായി അത് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു. മാർ ഇവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്ന കാലഘട്ടത്തിലുടനീളം മാർ ഇവാനിയോസ് കോളേജിനെ അറിവിന്റെയും കലയുടെയും മേഖലകളിൽ വിജയങ്ങളുടെയും നേട്ടങ്ങളുടെയും ഔന്നത്യത്തിലേക്ക് കൈപിടിച്ചു നടത്തി. 2010 –ൽ മികച്ച വിദ്യാഭ്യാസ പ്രവർത്തകനുള്ള റോട്ടറി ഇന്റർനാഷണൽ അവാർഡ് അദ്ദേഹത്തെ തേടിയെത്തിയത് അദ്ദേഹത്തിന്റെ അറിവിന്റെ കിരീടത്തിലെ മനോഹാരിത പകരുന്ന പൊൻ തൂവലായി മാറി.

### ചരിത്രം സൃഷ്ടിച്ച കർമ്മ വീഥികൾ

മാർ ഇവാനിയോസ് കോളേജിന്റെ അധ്യാപകനായും ബർസാറായും പ്രിൻസിപ്പാൾ ആയും ശുശ്രൂഷ നിർവ്വഹിക്കുമ്പോൾത്തന്നെ യു.ജി.സി. നടപ്പിലാക്കിയ പതിനൊന്നാം പദ്ധതിയുടെ സൗത്ത് വെസ്റ്റേൺ റീജിയന്റെ കൺവീനറായും കേരള യൂണിവേഴ്സിറ്റിയുടെ ഫ്രഞ്ച്, ലാറ്റിൻ തുടങ്ങിയ ഭാഷാവിഭാഗങ്ങളുടെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായും പ്രവർത്തിച്ചു. കൂടാതെ ആൾ ഇന്ത്യാ ഫ്രഞ്ച് അസോസിയേൻ, കേരള പബ്ലിക് സർവീസ് കമ്മിഷൻ ഇന്റർവ്യൂ ബോർഡ്, കേരള ഹയർ എഡ്യൂക്കേഷൻ എക്സിക്യൂട്ടീവ് കൗൺസിൽ, സ്റ്റേറ്റ് കരിക്കുലം കമ്മറ്റി (SCERT), ഇൻഡോ കനേഡിയൻ അസോസിയേഷൻ എന്നിങ്ങനെ വ്യത്യസ്തത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച് തന്റേതായ ഭാഗഭാഗിത്വം നിർവ്വഹിച്ചു.

### കർമ്മനിരതനായ മിഷനറി

അക്ഷരങ്ങളുടയും അറിവുകളുടെയും ഔന്നത്യത്തിൽവിരാജിക്കുമ്പോഴുംആത്മാർപ്പണത്തോടെ നിർവ്വഹിച്ച അജപാലന ശുശ്രൂഷ അദ്ദേഹത്തിന്റെ കർമ്മവീഥിയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചു. 1983 മുതൽ 2013 വരെയുള്ള കാലയളവിൽ അവിഭക്ത തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുപ്പത്തി അഞ്ചോളം ഇടവക മിഷൻ കേന്ദ്രങ്ങളിൽ അദ്ദേഹം ശുശ്രൂഷ നിർവ്വഹിച്ചു. ദൈവത്തിന്റെ കരം പിടിച്ചുള്ള പൗരോഹിത്യ ജീവിത യാത്രയിൽ അദ്ദേഹം ദൈവജനത്തിന്റെ കരങ്ങൾ മുറുകെപിടിച്ചു. താൻ ശുശ്രൂഷ ചെയ്ത ഇടങ്ങളിലെ ദൈവമക്കളെ ജാതിമതഭേദമന്യ അറിവിലേക്കും സാമ്പത്തികമായ ഉയർച്ചയിലേക്കും കൈപിടിച്ചുയർത്തി. പൗരോഹിത്യ രജത ജൂബിലിയുടെ ഭാഗമായി തിരുവനന്തപുരത്തെ കല്ലടിച്ചവിളയിലെ ദൈവജനത്തിന് പുതിയ ഒരു ദൈവാലയം നിർമ്മിച്ചു നൽകി. മിഷൻ ഇടവകകളിലെയും പരിസര പ്രദേശങ്ങളിലെയും കുഞ്ഞുങ്ങൾക്ക് അറിവിന്റെ



വെളിച്ചം പകർന്നു കൊടുക്കുവാൻ ശാസ്തവട്ടം ഇടവകയോട് ചേർന്ന് ലിറ്റിൽ ഫ്ളവർ സ്കൂൾ അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹം ശുശ്രൂഷ ചെയ്ത ഇടവകകളുടെ മാത്രമല്ല ആ ദേശത്തിന്റെ മുഴുവൻ ഇടയനായ് തീർന്നു എന്നതാണ് അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതത്തിന്റെ പുണ്യം.

### കർമ്മവീഥിയിൽ ഇനിയും മുന്നോട്ട്...

2022 ജൂലൈ 15- ന് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ളിമിസ് കാതോലിക്കാബാവയുടെ തൃക്കയ്യാൽ അദ്ദേഹം അഭിഷേകം ചെയ്യപ്പെട്ടു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ചിന്തകളിലും പിതാവിന്റെ ശ്രദ്ധയും കരുതലും പതിഞ്ഞിരുന്നു. അതോടൊപ്പം യുവജന സിനഡൽ കമ്മീഷന്റെ ചെയർമാനായി അദ്ദേഹം സേവനം അനുഷ്ഠിച്ചു. നിസ്വാർത്ഥ സേവനവും സഭാസ്നേഹവും ദൈവമക്കളോടുള്ള വാത്സല്യവും അദ്ദേഹത്തിന്റെ കർമ്മവീഥിയെ കൂടുതൽ അഴകുള്ളതാക്കിത്തീർത്തു.

മൂന്ന് വർഷക്കാലം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി ശുശ്രൂഷ നിർവ്വഹിച്ച് മാവേലിക്കര ഭദ്രാസനത്തിന്റെ അമരക്കാരനായി അദ്ദേഹം 2025 ജൂൺ 29 ന് ശുശ്രൂഷ ആരംഭിക്കുമ്പോൾ അദ്ദേഹത്തിന്റെ ഇടയയാത്രയിൽ പിറവികൊള്ളുവാൻ വിസ്മയങ്ങൾ ഇനിയും കാത്തിരിക്കുന്നു. 2021-ൽ അഭിവന്ദ്യ മാത്യൂസ് മാർ പൊളിക്കാർപ്പസ് പിതാവിന്റെ തൂലികയിലൂടെ പിറന്ന 'Facets of Love' എന്ന പുസ്തകത്തിലൂടെ പിതാവ് ഇപ്രകാരം കുറിച്ചു വച്ചു, 'സ്നേഹത്തിന് വ്യത്യസ്ത മുഖങ്ങളാണ്, അതിന് അതിരുകളോ അതിർവരമ്പുകളോ ഇല്ല.' അതെ, അതിരുകളും അതിർവരമ്പുകളും ഇല്ലാത്ത സ്നേഹത്തിന്റെയും കരുതലിന്റെയും ആർദ്രതയുടെയും പ്രകാശനാളമായി പിതാവിന്റെ ജീവിതം വിളങ്ങി നിൽക്കട്ടെ. ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ ജന്മനാട്ടിൽ ഭക്തിയുടെയും വിശുദ്ധിയുടെയും അറിവിന്റെയും പ്രവർത്തിപഥങ്ങളുടെയും നൂലിഴകൾ ഇഴചേർത്ത് നാടിന്റെ മുഴുവൻ വെളിച്ചമാകുവാനുള്ള ദൈവനിയോഗം മാത്യൂസ് മാർ പോളിക്കാർപ്പസ് പിതാവിന്റെ വിശ്വസ്ത കരങ്ങളിൽ സുരക്ഷിതമായിരിക്കും... തീർച്ച!

---

## ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com





# ധന്യനായ വി. ബീഡ്



റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

ഏഴാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന പ്രശസ്ത സന്യാസിയും ചരിത്രകാരനുമായിരുന്ന ബീഡ് വിജ്ഞാനവും വിശുദ്ധിയും ആധ്യാത്മിക ഉൾക്കാഴ്ചയും സംയോജിപ്പിച്ച പണ്ഡിത ശ്രേഷ്ഠനാണ്. ഇംഗ്ലീഷ് ക്രൈസ്തവ ചരിത്രം മനോഹരമായി നമുക്ക് പകർന്നു നൽകിയ ബീഡിന്റെ ജീവിതവും രചനാവൈഭവവും ആധുനിക ചരിത്രാന്വേഷികളെയും പ്രചോദിപ്പിക്കുന്നതാണ്. ഇംഗ്ലണ്ടിലെ നോർത്തുംബ്രിയൻ ആശ്രമത്തിന്റെ ആവൃതിക്കുള്ളിൽ കത്തിച്ച മെഴുകുതിരിയുടെ മങ്ങിയ വെളിച്ചത്തിൽ ധന്യനായ ബീഡ് തന്റെ തൂലിക കൊണ്ടു വിരചിച്ച ചരിത്രവും, ദൈവശാസ്ത്രവും, കവിതയും ക്രിസ്തീയ സാഹിത്യത്തിലെ വിശിഷ്ട കൃതികളായി മാറി. പ്രാർത്ഥനയിലും പരിത്യാഗത്തിലും ഊന്നിയുള്ള ലളിതമായ ആശ്രമജീവിതത്തിനിടയിൽ പഠനത്തിനും ഗ്രന്ഥ രചനയ്ക്കുമായി അദ്ദേഹം സമയം കണ്ടെത്തി. 'അന്ധകാരയുഗം' എന്ന അപര നാമത്തിൽഅറിയപ്പെടുന്ന മധ്യകാലയുഗത്തിന്റെ ആരംഭത്തിൽ യുദ്ധത്തിലും കലഹത്തിലും അനേകർ അഭിരമിച്ചപ്പോൾ ആ കാലഘട്ടത്തെ വിജ്ഞാന വെളിച്ചത്താൽ ബീഡ് പ്രശോഭിതമാക്കി. ആശ്രമത്തിന്റെ മതിൽക്കെട്ടിനുള്ളിൽ ജീവിതത്തിന്റെ അധികസമയവും ചിലവഴിച്ചവൻ തന്റെ ബുദ്ധിവൈഭവത്താലും വിശുദ്ധ ജീവിതത്താലും ഇംഗ്ലീഷ് സഭയുടെ ചരിത്രവും ദൈവശാസ്ത്രവും രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു. അദ്ദേഹത്തിന്റെ രചനകളിൽ ഒരു പ്രശോഭിത മനസ്സിന്റെ പ്രകാശനം മാത്രമല്ല, ഒരു അജപാലകന്റെ ആർദ്രതയും അടങ്ങിയിരിക്കുന്നു. സഭയെ പടുത്തുയർത്തുക മാത്രമല്ല, ഓരോ ആത്മാവിനെയും നിത്യസത്യത്തിലേക്ക് ആനയിക്കുന്നതിനുള്ള ആദ്ധ്യാത്മിക അഭിനിവേശവും അദ്ദേഹം പ്രകടമാക്കി. പിതാക്കന്മാരുടെ പ്രബോധനങ്ങളെ അടിസ്ഥാനപ്പെടുത്തി വി. ബീഡ് ദൈവശാസ്ത്രം രൂപപ്പെടുത്തിയപ്പോഴും ഒരു പ്രവാചകനെപ്പോലെ ഭാവിയിലെ സഭയുടെ നിലനിൽപ്പും വളർച്ചയും അദ്ദേഹം മുന്നേ കണ്ടിരുന്നു. തലമുറകളെ പ്രചോദിപ്പിച്ച, ഇന്നും പ്രസക്തമായ, അദ്ദേഹത്തിന്റെ ജീവിതത്തെയും ചിന്തകളെയും ചുരുക്കി വിവരിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

www.malankaralibrary.com




### ജനനം, ബാല്യം, വിദ്യാഭ്യാസം


വി. ബീഡിന്റെ ജന്മവർഷമായി അദ്ദേഹത്തിന്റെ ജീവചരിത്ര ഗ്രന്ഥങ്ങളിൽ പറയുന്നത് എ. ഡി. 672-673 ആണ്. ഇംഗ്ലണ്ടിന്റെ വടക്ക് കിഴക്കൻ ഭാഗത്തുള്ള മങ്ക് വെയർ മൗത്ത് -ജാരോ ആശ്രമത്തിനടുത്താണ് അദ്ദേഹം ജനിച്ചത്. ഇക്കാലത്തു ആംഗ്ലോ-സാക്സൺ രാജവംശത്തിന്റെ ഭരണത്തിൻ കീഴിൽ ആയിരുന്നു നോർത്തുംബ്രിയയും സമീപ പ്രദേശങ്ങളും. അക്കാലത്തെ സമ്പന്ന കുടുംബങ്ങൾ തങ്ങളുടെ മക്കളുടെ ഭാവി ശോഭനമാക്കുന്നതിനായി പേരുകേട്ട ആശ്രമങ്ങളിൽ പഠനത്തിനായി അയച്ചിരുന്നു. ആശ്രമത്തിൽ പഠിക്കുകയും പിന്നീട് ആ ജീവിതത്തിലേക്ക് നയിക്കപ്പെടുകയും ചെയ്തതു വഴി ബീഡിന്റെ ജീവിതം മാറി മറിയുകയും വലിയ വിജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും വഴിയിലൂടെ യാത്ര ചെയ്യുകയും ചെയ്തു.

വി. ബീഡിന്റെ ജീവിതത്തെക്കുറിച്ചുള്ള അറിവുകൾ പിൽക്കാല തലമുറയ്ക്ക് ലഭ്യമായിരിക്കുന്നത് അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതിയായ 'ഇംഗ്ലീഷ് ജനതയുടെ സഭാചരിത്രം' എന്ന ഗ്രന്ഥത്തിൽ നിന്നാണ്. എ.ഡി. 731-ൽ ഈ ഗ്രന്ഥം പൂർത്തീകരിക്കുന്ന അവസരത്തിൽ തനിക്ക് 59 വയസ്സാണെന്ന് ബീഡ് തന്നെ പറയുന്നു. ഇതിൽ തന്റെ ജന്മസ്ഥലമായി അദ്ദേഹം കൊടുത്തിരിക്കുന്നത് 'ആശ്രമങ്ങളുടെ നാട്' എന്നറിയപ്പെടുന്ന പ്രദേശം എന്നാണ്. തന്റെ കുടുംബത്തെക്കുറിച്ചു അദ്ദേഹം ഒന്നും തന്നെ പറയുന്നില്ലെങ്കിലും ചെറുപ്പത്തിൽ തന്നെ വിദ്യാഭ്യാസത്തിനായി ആശ്രമത്തിൽ ചേർത്തതിൽ നിന്നും ഇംഗ്ലണ്ടിലെ പ്രഭുകുടുംബത്തിലെ അംഗമായിരുന്നു ബീഡ് എന്ന് അനുമാനിക്കാം.

ഏഴാമത്തെ വയസ്സിലാണ് മാതാപിതാക്കൾ ബീഡിനെ വെയർമൗത്തിലെ സെന്റ് പീറ്റർ ആശ്രമത്തിൽ ചേർത്തത്. പ്രശസ്ത പണ്ഡിതനും ആബട്ടുമായിരുന്ന ബെനഡിക്റ്റ് ബിസ്കോപ്പാണ് ഈ ആശ്രമം അവിടെ സ്ഥാപിച്ചത്. ഈ ആശ്രമത്തിന്റെ ഗ്രന്ഥശാലയിൽ റോമിൽ നിന്നും യൂറോപ്പിലെ മറ്റു പ്രദേശങ്ങളിൽ നിന്നും കൊണ്ടുവന്ന അനേകം ഗ്രന്ഥങ്ങളുടെ വലിയ ശേഖരം ഉണ്ടായിരുന്നു. അറിവിന്റെ വിശാല ലോകത്തിലേക്ക് വി. ബീഡിനെ കൈപിടിച്ചു നടത്തിയത് ഈ ഗ്രന്ഥശാലയാണ്. കുറച്ചു നാളുകൾക്ക് ശേഷം ഈ ആശ്രമത്തിന്റെ സാമന്ത ഭവനമായിരുന്ന ജാരോയിലെ വി. പൗലോസിന്റെ ആശ്രമത്തിലേക്ക് വി. ബീഡിനെ അധികാരികൾ അയക്കുകയും തന്റെ ശിഷ്യകാലം മുഴുവൻ ഇവിടെ പ്രാർത്ഥനയും പഠനവുമായി അദ്ദേഹം ജീവിക്കുകയും ചെയ്തു.

ഇവിടുത്തെ ആശ്രമ സ്കൂൾ ഇംഗ്ലണ്ടിലെ ഏറ്റം മികച്ചതായിരുന്നു. ആബട്ട് ചെയോൾഫ്രിത്തിന്റെ ശിക്ഷണത്തിൽ ലത്തീൻ, ഗ്രീക്ക്, വി. ഗ്രന്ഥം എന്നിവ കൂടാതെ വിവിധ ശാസ്ത്ര വിഷയങ്ങളിലും ബീഡിന് പരിശീലനം ലഭിച്ചു. ബെനഡിക്റ്റീൻ സന്യാസ സമൂഹത്തിന്റെ ആപ്തവാക്യമായ 'പ്രാർത്ഥിക്കുക, ജോലി






ചെയ്യുക' (Ora et labora) എന്ന തത്വം ബീഡിന്റെ ഭാവി ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. ഗഹനമായ കാര്യങ്ങൾ പെട്ടെന്ന് മനസ്സിലാക്കാൻ തുടങ്ങിയ ബീഡ്, വിശുദ്ധ ഗ്രന്ഥവും സഭാ പിതാക്കന്മാരെയും ആഴത്തിൽ പഠിക്കാൻ തുടങ്ങി. അഗസ്തീനോസ്, ജെറോം, മഹാനായ ഗ്രിഗറി തുടങ്ങിയ പണ്ഡിതന്മാരുടെ ആശയങ്ങളും അദ്ദേഹം വേഗത്തിൽ ഹൃദിസ്ഥമാക്കി. അസാമാന്യ പഠന വൈഭവം പ്രകടിപ്പിച്ച ബീഡ് പത്തൊമ്പതാമത്തെ വയസ്സിൽ ഒരു ഡീക്കനായി അഭിഷിക്തനായി. ഇതിന് ശേഷവും അദ്ദേഹം തന്റെ പഠനം തുടരുകയും നിരവധി വിഷയങ്ങളിൽ അതിശയിപ്പിക്കുന്ന പ്രാവീണ്യം കൈവരിക്കുകയും ചെയ്തു. എ.ഡി. 703-ൽ മുപ്പതിനോടടുത്തു പ്രായമുള്ളപ്പോൾ അദ്ദേഹം ഒരു വൈദികനായി അഭിഷിക്തനായി. വൈദികനായതിന് ശേഷം അദ്ദേഹം ചരിത്രം, ശാസ്ത്രം, കവിത, കാലഗണനവിദ്യ തുടങ്ങിയ വിഷയങ്ങൾ പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തു. അങ്ങനെ അക്കാലത്തെ ഏറ്റം വിജ്ഞാനിയായ മനുഷ്യനായി വി. ബീഡ് വളരുകയും അനേകം ഗ്രന്ഥങ്ങളുടെ രചയിതാവായി മാറുകയും ചെയ്തു.

### ഒരു പ്രതിഭയുടെ ഉദയം

നോർത്തുംബ്രിയായിലെ ജാരോ ആശ്രമത്തിലാണ് വി. ബീഡ് തന്റെ ജീവിതകാലമത്രയും ചിലവഴിച്ചത്. ആശ്രമത്തിലെ എല്ലാ കർമ്മങ്ങളിലും ജോലികളിലും നിഷ്ഠയോടെ പങ്കുചേരുകയും ബാക്കി സമയം പഠനത്തിനും എഴുത്തിനുമായി അദ്ദേഹം മാറ്റി വയ്ക്കുകയും ചെയ്തു. ബീഡ് ഒരു അധ്യാപകനും അതുപോലെതന്നെ ഒരു ഗ്രന്ഥകർത്താവും ആയിരുന്നു. സംഗീതം വളരെയധികം ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം പ്രാദേശിക ഭാഷയിൽ കവിതകൾ ചൊല്ലിയിരുന്നു. വിശുദ്ധ ഗ്രന്ഥവും പിതാക്കന്മാരുടെ പ്രബോധനങ്ങളും അദ്ദേഹം ധാരാളമായി വായിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആശ്രമത്തിലെ അറിവും അനുഭവജ്ഞാനവുമുള്ള സന്യാസികളുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. സാവധാനം പണ്ഡിതനായ ഈ സന്യാസിയുടെ അറിവിന്റെയും വിശുദ്ധിയുടെയും പരിമളം ആശ്രമത്തിൽ പുറത്തു രാജ്യാതിർത്തികൾ കടന്നു യൂറോപ്പിലാകമാനം പ്രസരിച്ചു.


സഭയുടെ ആരാധന-പ്രബോധന ഭാഷയായിരുന്ന ലത്തീനിൽ വിവിധ വിഷയങ്ങളെക്കുറിച്ചു മനോഹരമായി അദ്ദേഹം എഴുതി. മൃഗങ്ങളുടെ തുകൽ ഉപയോഗിച്ചുണ്ടാക്കിയ ചർമ്മപത്രങ്ങളിൽ (parchments) അദ്ദേഹം അറുപതോളം ഗ്രന്ഥങ്ങൾ ഇങ്ങനെ രൂപപ്പെടുത്തി. ചരിത്രപരമായ വിവരണങ്ങൾ ഉൾകൊള്ളുന്ന അദ്ദേഹത്തിന്റെ പ്രധാന ഗ്രന്ഥങ്ങൾക്ക് ഗഹനമായ പഠനം ആവശ്യമായിരുന്നു. അതിനായി വിവിധ ആശ്രമങ്ങളുടെ ഗ്രന്ഥശാലകൾ അദ്ദേഹം ഉപയോഗിക്കുകയും ആശ്രമങ്ങളിലെ മുതിർന്ന സന്യാസിമാരോട് ഇത്തരം കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കുകയും ചെയ്തു. തന്റെ ഗ്രന്ഥങ്ങൾ മറ്റുള്ളവർ പാരായണം ചെയ്യുന്നതുവഴി അവർ അറിവുള്ളവരായി തീരുക മാത്രമല്ല, ദൈവത്തെ അടുത്തറിയുന്നവരായി മാറണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഇക്കാരണത്താൽ വി. ബീഡിന്റെ കൃതികൾ പകർത്തിയെഴുതി മറ്റു ആശ്രമങ്ങളിലെല്ലാം വ്യാപകമായി ഉപയോഗിച്ചിരുന്നു. അങ്ങനെ സാവധാനം അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ഇംഗ്ലണ്ടിലെയും യൂറോപ്പിലെ

മറ്റനേക ആശ്രമങ്ങളിലെയും ലൈബ്രറികളിൽ എത്തിപ്പെട്ടു.

തനിക്കു ചുറ്റും നടക്കുന്നതൊന്നും അറിയാതെയും ശ്രദ്ധിക്കാതെയും ധ്യാനനിമഗ്നനായിരിക്കുന്ന ഒരു സന്യാസിയെപ്പോലെ ജീവിതകാലം മുഴുവൻ എഴുത്തിൽ മുഴുകിയിരുന്ന ആളായിരുന്നു വി. ബീഡ്. അദ്ദേഹത്തിന്റെ ചില കൃതികൾ നീണ്ട വർഷങ്ങളിലെ സമർപ്പണത്തിന്റെ ഫലമായി രൂപപ്പെടുത്തിയതാണ്. ബീഡിന്റെ അവസാന ഗ്രന്ഥമായി പിൽക്കാല തലമുറകൾക്ക് ലഭ്യമായിട്ടുള്ളത് 734-ൽ തന്റെ ഒരു ശിഷ്യന് എഴുതിയ കത്താണ്. കൂടാതെ ആറാം നൂറ്റണ്ടിൽ ഗ്രീക്ക്-ലത്തീൻ ഭാഷകളിൽ എഴുതിയ, ബീഡ് ഉപയോഗിച്ചതായി കരുതുന്ന, അപ്പസ്തോല പ്രവർത്തനങ്ങളുടെ ഒരു കൈയെഴുതി പ്രതി ഓക്സ്ഫോർഡ് സർവ്വകലാശാല ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. അദ്ദേഹം താമസിച്ചിരുന്ന ജാരോ ആശ്രമത്തിൽ സൂക്ഷിച്ചിരുന്ന ലത്തീൻ ബൈബിളിന്റെ പല കൈയെഴുത്തു പ്രതികളും ബീഡിന്റെ സഹായം കൊണ്ട് പകർത്തി എഴുതിയിട്ടുള്ളവയാണ്. ഇവിടെയുണ്ടായിരുന്ന 'കോഡക്സ് അമിയാത്തീനുസ്' എന്നറിയപ്പെടുന്ന ബൈബിൾ ഇന്ന് ഇറ്റലിയിലെ ഫ്ലോറൻസ് നഗരത്തിലെ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

### ചില തെറ്റിദ്ധാരണകൾ, ചില സൗഹൃദങ്ങൾ

708-ൽ ഹെക്സാമിലെ ചില സന്യാസിമാർ അദ്ദേഹത്തിന്റെ ഗ്രന്ഥമായ 'ദെ തെംപോറിബൂസി'ൽ വേദവിപരീത ആശയങ്ങൾ ഉണ്ടെന്ന് പ്രചരിപ്പിച്ചു. ഇത് സെവില്ലിലെ വി. ഇസിദോറിന്റെ ആശയങ്ങളിൽ നിന്നും വ്യത്യസ്തമായ രീതിയിൽ അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ ചരിത്രത്തെ വിഭജിച്ചു എന്നതിന്റെ പേരിൽ ഉണ്ടായ തെറ്റിദ്ധാരണയാണ്. ഹെക്സമിലെ ബിഷപ്പായ വിൽഫ്രിഡ് ആശ്രമത്തിലെ ഒരു ആഘോഷത്തിന് വന്നപ്പോൾ അവർ ഇക്കാര്യം ഉന്നയിക്കുകയും ബീഡിനെ ഇതിന്റെ പേരിൽ ചോദ്യം ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ബിഷപ്പ് ഈ ആരോപണങ്ങൾ അവഗണിക്കുകയാണ് ഉണ്ടായത്. പിന്നീട് വി. ബീഡ് ഇതേക്കുറിച്ചു അറിഞ്ഞപ്പോൾ തന്റെ ആശയങ്ങളെ സാധൂകരിക്കുന്ന രീതിയിൽ ഒരു കത്ത് തയ്യാറാക്കി ബിഷപ്പിന് അയച്ചുകൊടുത്തു. അങ്ങനെ കത്തിടപാടുകൾ വഴി ബിഷപ്പും ബീഡും സുഹൃത്തുക്കളാവുകയും സഭാസംബന്ധിയായ പല കാര്യങ്ങളും ചർച്ച ചെയ്യുകയും ചെയ്തു.



എ.ഡി. 706-ലും 709-ലും വി. എത്തൽദ്രെയയുടെ (636-679) ജീവിതത്തെക്കുറിച്ചും അവരുടെ ശരീരം മരണശേഷവും അഴുകാതിരിക്കുന്നതിനെക്കുറിച്ചും ഇവർ സംസാരിച്ചു. (വി.എത്തൽദ്രെയ നോർത്തംബ്രിയായിൽ നിന്നുള്ള ഒരു രാജകുമാരിയും പിന്നീട് തന്റെ പദവികൾ ഉപേക്ഷിച്ചു സന്യാസം സ്വീകരിക്കുകയും ഏലി ആശ്രമത്തിന്റെ അധിപയാവുകയും ചെയ്തു). ബിഷപ്പ് വിശുദ്ധയുടെ ജീവിതത്തെ അടുത്തറിഞ്ഞിരുന്ന ആളായിരുന്നതിനാൽ അദ്ദേഹത്തിന് വ്യക്തിപരമായി അറിയാവുന്ന പല കാര്യങ്ങളും വി. ബീഡിനോട് പങ്കുവച്ചു. എ.ഡി. 733-ൽ അദ്ദേഹം യോർക്ക് സന്ദർശിക്കുകയും അവിടുത്തെ ബിഷപ്പിനെ കണ്ടു രൂപതയെ ഒരു അതിരൂപതയായി ഉയർത്തുന്നതിനെക്കുറിച്ചു ചർച്ച ചെയ്യുകയും ചെയ്തു. രാജ്യത്തിന്റെ ചില

ഭാഗങ്ങളിൽ വി. ബീഡ് സന്ദർശിച്ചിട്ടുണ്ടെങ്കിലും അവയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ നമുക്ക് ലഭ്യമല്ല. സഭയെക്കുറിച്ചു ആഴമായും ആധികാരികമായും എഴുതിയിട്ടുണ്ടെങ്കിലും അദ്ദേഹം ഒരിക്കൽ പോലും റോം സന്ദർശിച്ചിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ സുഹൃത്തായ നോത്ഹേം റോം സന്ദർശിക്കുകയും മടങ്ങി വന്നു തന്റെ അനുഭവങ്ങൾ ബീഡുമായി പങ്കുവയ്ക്കുകയും വിലപിടിപ്പുള്ള രേഖകളും ആധികാരിക വിവരങ്ങളും കൈമാറുകയും ചെയ്തിട്ടുണ്ട്.

### മരണം, വിശുദ്ധൻ, വേദപാരംഗതൻ

വി. ബീഡിന്റെ അവസാന നാളുകൾ ശാരീരികമായി വലിയ സഹനത്തിന്റെയും വേദനയുടേതുമായിരുന്നു. ഈ അവസരത്തിലും അദ്ദേഹം തന്റെ ആത്മീയ കർമ്മങ്ങൾ ഭക്തിയോടെയും നിഷ്ഠയോടെയും നിർവഹിക്കാൻ പരിശ്രമിക്കുകയും തന്റെ രചനകൾ തുടരുകയും ചെയ്തു. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന കത്ബർട്ട് പറയുന്നത് എ.ഡി. 735-ൽ ഈസ്റ്ററിന് മുൻപായി ബീഡ് കാൽവഴുതി വീഴുകയും തത്ഫലമായി മറ്റുള്ളവരെ ആശ്രയിച്ചു കാര്യങ്ങൾ ചെയ്യേണ്ടി വരികയും ചെയ്തു എന്നാണ്. എന്നാൽ ഈ അവസരത്തിലും തന്റെ ശിഷ്യന്മാരുടെ സഹായത്തോടെ എഴുതുന്നത് തുടരുകയും ചിലതൊക്കെ പൂർത്തിയാക്കുകയും ചെയ്തു.



മരിക്കുന്നതിന് രണ്ടു ദിവസം മുൻപ് അദ്ദേഹത്തിന് ശ്വാസതടസ്സം ഉണ്ടാവുകയും കാലിൽ നീര് പ്രത്യക്ഷപ്പെടുകയും ചെയ്തു. ഈ സമയത്തും രാത്രി പ്രാർത്ഥനയിലും പകൽ സമയത്തു പുസ്തക രചനയിലും അദ്ദേഹം മുഴുകി എന്നാണ് അദ്ദേഹത്തെ സഹായിച്ചിരുന്ന മറ്റു സന്യാസിമാരുടെ സാക്ഷ്യം. തന്റെ വിളിയോടുള്ള ബീഡിന്റെ അകമഴിഞ്ഞ വിശ്വസ്തത ആശ്രമത്തിലെ മറ്റുള്ള സന്യാസികളെ അത്ഭുതപ്പെടുത്തുന്ന തരത്തിൽ ഉള്ളതായിരുന്നു. മരിക്കുന്നതിന് മുൻപായി തന്റെ ചെറിയൊരു പെട്ടി കൊണ്ടുവരാൻ അദ്ദേഹം ആവശ്യപ്പെട്ടു. അതിൽ ഉണ്ടായിരുന്ന തൂവാല, സുഗന്ധ ദ്രവ്യങ്ങൾ, കുരുമുളക് തുടങ്ങിയ സാധനങ്ങൾ തന്റെ അടുത്തുണ്ടായിരുന്ന സന്ന്യാസിമാർക്ക് അദ്ദേഹം വിതരണം ചെയ്തു. ഇത് ഒരു വിടവാങ്ങൽ സമ്മാനവും നന്ദി പ്രകടനവും കൂടിയായിരുന്നു.

എ.ഡി. 735 മെയ് 26-ന് വി. ബീഡ് സമാധാനത്തോടെ തന്റെ നിത്യസമ്മാനത്തിനായി യാത്രയായി. ആ ദിവസം നമ്മുടെ കർത്താവിന്റ സ്വർഗ്ഗാരോഹണ തിരുനാൾ ദിനം ആയിരുന്നു. തന്റെ ജീവിതത്തിന്റെ സഹനങ്ങളിലും വേദനകളിലും പോലും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു എളിമയോടെ ജീവിക്കുകയും അവസാന നിമിഷം വരെ അങ്ങനെ മാതൃകയാവുകയും ചെയ്ത വിശുദ്ധനാണ് ബീഡ്. മരണക്കിടക്കയിൽ വച്ച് അഞ്ച് വരികൾ മാത്രമുള്ള ഒരു കവിത അദ്ദേഹം രൂപപ്പെടുത്തി. ഇത് 'ബീഡിന്റെ മരണകാവ്യം' എന്നാണ് പിന്നീട് അറിയപ്പെട്ടത്. മരണത്തെക്കുറിച്ചുള്ള ഈ ആഴത്തിലുള്ള ധ്യാനചിന്ത ഇംഗ്ലീഷ് സാഹിത്യത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം പകർത്തിയെഴുതിയിട്ടുള്ള പുരാതന ചെറുകവിതയാണ്. അതിന്റെ 45 കൈയെഴുത്തു പ്രതികൾ ഇന്ന് നിലവിലുണ്ട്... അതിപ്രകാരമാണ് (എന്റെ സ്വതന്ത്ര പരിഭാഷ).

*അനിവാര്യമായ അന്ത്യ പ്രയാണത്തിൻ മുൻപേ,*
*ആകുലതയാൽ ഒരുവനും വിജ്ഞാനിയാവില്ല,*
*ധ്യാനിക്ക നീ നിൻ യാത്രയ്ക്കു മുൻപേ,*
*നിന്നാത്മാവിനുള്ളിലെ നന്മയും തിന്മയും,*
*കർമ്മത്തിലധിഷ്ഠിതം അന്ത്യവിധിയൊക്കെയും.*




പതിനൊന്നാം നൂറ്റാണ്ടിൽ വി. ബീഡിന്റെ ശരീര തിരുശേഷിപ്പുകൾ ദുർഹമിലെ കത്തീഡ്രൽ ദേവാലയത്തിലേക്ക് മാറ്റി അടക്കം ചെയ്തു. എന്നാൽ 1541-ൽ പ്രോട്ടസ്റ്റന്റ് നവീകരണ കാലഘട്ടത്തിൽ ഈ വിശുദ്ധന്റെ കല്ലറ അക്രമിക്കപ്പെടുകയും പിന്നീട് കത്തീഡ്രലിൽ തന്നെയുള്ള ഗലീലി ചാപ്പലിൽ പുനഃസ്ഥാപിക്കുകയും ചെയ്തു. ഇന്നും ധാരാളം തീർത്ഥാടകർ ഈ പുണ്യപിതാവിന്റെ സവിധത്തിലെത്തി പ്രാർത്ഥിക്കുന്നു.

അക്കാലത്തെ രീതിയനുസരിച്ചു ജനങ്ങൾ തന്നെ ബീഡിനെ വിശുദ്ധനായി കരുതി വണങ്ങുകയായിരുന്നു. (എന്നിരുന്നാലും 1899-ൽ ലിയോ പതിമൂന്നാമൻ മാർപാപ്പ ഔദ്യോഗികമായി അദ്ദേഹത്തെ സഭയിലെ വിശുദ്ധനായി പ്രഖ്യാപിച്ചിട്ടുണ്ട്). ആഗ്ലോ-സാക്സൺ പ്രദേശങ്ങളിൽ മാത്രമല്ല, യൂറോപ്പിലുടനീളം വി. ബീഡിന്റെ പ്രശസ്തി വർധിക്കുകയും അദ്ദേഹത്തിന്റെ വണക്കം ആരംഭിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ തിരുനാൾ മെയ് 26-നാണ് സഭ ആഘോഷിക്കുന്നത്.

ലിയോ പതിമൂന്നാമൻ മാർപാപ്പയാണ് വി. ബീഡിനെ സഭയിലെ വേദപാരംഗതനായി പ്രഖ്യാപിച്ചത്. ഇത് ആഗോളസഭയിൽ അദ്ദേഹത്തിന് വലിയ പേരും പെരുമയും ഉണ്ടാകുന്നതിന് ഇടയാക്കി. വി. ബീഡിന്റെ രചനകളെ കൂടുതൽ അറിയുന്നതിനും പഠനവിധേയമാക്കുന്നതിനും അദ്ദേഹത്തിന് സഭയിൽ ലഭിച്ച വലിയ അംഗീകാരം കാരണമായി. ജന്മം കൊണ്ട് ഇംഗ്ലണ്ടിൽ നിന്നുള്ള ഒരേയൊരു വേദപാരംഗതനാണ് വി. ബീഡ്.

### വി. ബീഡിന്റെ സാഹിത്യ-ദൈവശാസ്ത്ര സംഭാവനകൾ


മധ്യകാലയുഗത്തിലെ ആദ്യ ശതകങ്ങളിലെ സഭയിലെ പ്രശസ്ത പണ്ഡിതരിലൊരാളാണ് ധന്യനായ വി. ബീഡ്. ദൈവശാസ്ത്രം, ചരിത്രം, ശാസ്ത്രം, സാഹിത്യം തുടങ്ങിയ മേഖലകളിൽ എല്ലാം തന്റെ പ്രതിഭ തെളിയിച്ച വിശുദ്ധനാണ് അദ്ദേഹം. ബൈബിൾ വ്യാഖ്യാനങ്ങൾ, ചരിത്ര വിവരണങ്ങൾ, സങ്കീർത്തനങ്ങൾ, കാലഗണനകൾ, കവിതകൾ, സമയക്രമീകരണം പോലുള്ള ശാസ്ത്രീയ വിഷയങ്ങൾ ഇവയെല്ലാം അദ്ദേഹത്തിന്റെ പഠനവിഷയങ്ങളായിരുന്നു. അദ്ദേഹം എഴുതിയ നിരവധി ഗ്രന്ഥങ്ങൾ വി. ബീഡിന്റെ ബൗദ്ധിക വ്യാപ്തിയുടെ തെളിവുകളായി നിലനിൽക്കുന്നു. തന്റെ അസാമാന്യ രചനകളിലൂടെ ഇക്കാലത്തെ മതപരവും ബൗദ്ധികവുമായ മണ്ഡലങ്ങളെ പരിവർത്തനപ്പെടുത്തുന്നതിൽ അദ്ദേഹം നിർണ്ണായക സ്വാധീനം ചെലുത്തി.

### ചരിത്ര രചനകൾ

'ഇംഗ്ലീഷ് ജനതയുടെ ചരിത്രം' എന്ന ബൃഹത്തായ ഗ്രന്ഥം അദ്ദേഹം എ.ഡി. 731-ലാണ് എഴുതി പൂർത്തിയാക്കിയത്. ഇത് പിന്നീട് വന്ന ഇംഗ്ലീഷ് ചരിത്ര ഗ്രന്ഥങ്ങളെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. റോമൻ ഭരണ കാലയളവു മുതൽ അദ്ദേഹത്തിന്റെ ജീവിതകാലം വരെയുള്ള ഇംഗ്ലീഷ് സഭയുടെ ഒരു സമഗ്ര വിവരണമാണ് ഈ ഗ്രന്ഥത്തിൽ നൽകിയിരിക്കുന്നത്. റോമൻ ചക്രവർത്തി ആയിരുന്ന ജൂലിയസ് സീസർ ബ്രിട്ടൻ കീഴടക്കുന്നിടത്തു നിന്നാണ് (55 BC) ഈ ഗ്രന്ഥം ആരംഭിക്കുന്നത്. ഇത് സഭയുടെ

www.malankaralibrary.com





St. Bede the Venerable

ചരിത്രം പറയാനുള്ള പരിശ്രമം ആണെങ്കിലും അതിനോടനുബന്ധിച്ചു പ്രതിപാദിച്ചിരിക്കുന്ന രാഷ്ട്രീയ, സാമൂഹിക സംഭവങ്ങൾ ആഗ്ലോ-സാക്സൺ ചരിത്ര ശാഖയ്ക്ക്തന്നെ വിലപ്പെട്ട സംഭാവനകളാണ് നൽകിയിരിക്കുന്നത്.

ഒന്നാം പുസ്തകത്തിൽ റോമൻ സാമ്രാജ്യത്തിന്റെ അധീനതയിൽ ആയിരുന്നപ്പോൾ ഇംഗ്ലണ്ടിൽ നടന്ന മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചു വിവരിക്കുന്നു. മഹാനായ ഗ്രിഗറി മാർപാപ്പ വി. അഗസ്റ്റിനെ (കാന്റർബറിയിലെ) ആംഗ്ലോ-സാക്സൺ ജനങ്ങളെ ക്രിസ്തീയ വിശ്വാസത്തിലേക്ക് കൊണ്ടുവരുന്നതിനായി അയക്കുന്നിടത്ത് ഈ ഭാഗം അവസാനിക്കുന്നു. വി. അഗസ്റ്റിന്റെ മിഷൻ പ്രവർത്തനങ്ങൾ ഇംഗ്ലീഷ് സഭയ്ക്ക് അടിസ്ഥാനമായി മാറുന്നതും എതൽബെർത്ത് രാജാവിന്റെ ഭരണത്തിൽ ക്രിസ്തീയ വിശ്വാസം വ്യാപിക്കുന്നതും രണ്ടാം പുസ്തകത്തിൽ വിവരിക്കുന്നു. മൂന്നാം പുസ്തകത്തിൽ ഇംഗ്ലണ്ടിന്റെ വടക്കുഭാഗത്തേയ്ക്ക്, എഡ്വിൻ രാജാവ്, വി. പൗളീനൂസ് എന്നിവരുടെ നേതൃത്വത്തിൽ വിശ്വാസം വ്യാപിക്കുന്നതും പേഗൻ-ക്രിസ്തീയ വിശ്വാസങ്ങൾ തമ്മിലുള്ള സംഘർഷവും ചർച്ച ചെയ്യുന്നു. വി. കത്ബർട്ടിന്റെ പ്രവർത്തനങ്ങളും സഭയുടെ വളർച്ചയും നാലാം ഭാഗത്തു അദ്ദേഹം വിവരിക്കുന്നു. ബീഡിന്റെ ജീവിതകാലത്തു ഇംഗ്ലണ്ടിലെ സഭയുടെ ഘടനയും വളർച്ചയും ചർച്ച ചെയ്തുകൊണ്ട് ഇംഗ്ലണ്ടിന്റെ സാംസ്കാരിക വളർച്ചയ്ക്ക് സഭ നൽകുന്ന വലിയ സംഭാവനകൾ എടുത്തുപറയുന്ന അദ്ധ്യായമാണ് അഞ്ചാമത്തേത്.

വി. ബീഡ് തന്റെ ഗ്രന്ഥ രചനയ്ക്കായി പ്രാഥമിക ഉറവിടങ്ങളെയാണ് ആശ്രയിച്ചത്. അതിനായി രാജകീയ വിളംബരങ്ങൾ, ദേവാലയ രേഖകൾ, വാമൊഴികൾ, ഈ വിഷയത്തിലുള്ള മുൻകാല ഗ്രന്ഥങ്ങൾ എന്നിവയെല്ലാം പഠനവിധേയമാക്കി. ഇംഗ്ലണ്ടിലെ ബിഷപ്പുമാരുമായും ആബട്ടുമാരുമായും അദ്ദേഹം കത്തിലൂടെയും നേരിട്ടും ആശയവിനിമയം നടത്തി അവരുടെ കൈവശമുണ്ടായിരുന്ന ഗ്രന്ഥങ്ങളും രേഖകളും തന്റെ ഗ്രന്ഥരചനയ്ക്കായി ഉപയോഗിച്ചു. അങ്ങനെ ബീഡിന്റെ രചനകൾ ചരിത്രഗ്രന്ഥ രചനകൾക്ക് ഒരു മാതൃകയായി മാറുകയും ചെയ്തു.

തന്റെ ഗ്രന്ഥത്തിൽ വി. ബീഡ് കാലക്രമമനുസരിച്ചുള്ള ഒരു ചരിത്ര വിവരണം മാത്രം നൽകുകയല്ല ചെയ്യുന്നത്. ചരിത്രത്തിൽ ദൈവീക ഇടപെടലിലൂടെ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള ഒരു ദൈവശാസ്ത്ര വിശകലനം കൂടിയാണ് അദ്ദേഹത്തിന്റെ ഗ്രന്ഥം. ഇംഗ്ലണ്ടിന്റെ ക്രിസ്തീയവത്ക്കരണം ദൈവീക നടത്തിപ്പായി അദ്ദേഹം കാണുകയും വിശ്വാസം വഴി ഇംഗ്ലീഷ് ജനതയ്ക്ക് ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളുടെ സംക്ഷിപ്ത രൂപമായി അദ്ദേഹത്തിന്റെ ചരിത്ര വിവരണം മാറുകയും ചെയ്തു. ഇംഗ്ലണ്ടിനെക്കുറിച്ചുള്ള വിലയേറിയ വിവരങ്ങൾ നൽകുന്ന ഒരു ഗ്രന്ഥമായി



ചരിത്രകാരന്മാർ ഇതിനെ കണക്കാക്കുന്നു. ഭാഷയിലും ദൈവശാസ്ത്രത്തിലും അദ്ദേഹത്തിനുള്ള പ്രാവീണ്യം വെളിപ്പെടുത്തുന്ന ഒരു ഉത്തമ കൃതികൂടിയാണ് ഇത്.

വി. ബീഡിന്റെ മറ്റു രണ്ടു ചരിത്ര ഗ്രന്ഥങ്ങളാണ് 'വലിയ ചരിത്രരേഖയും' (*Chronica Maiora*) 'കാലങ്ങളെക്കുറിച്ച്' (*De Temporibus*) എന്നതും. ബൈബിളിലെ വംശാവലിയുടെ അടിസ്ഥാനത്തിൽ, എവുസേബിയസ്, സെവില്ലിലെ ഇസിദോർ എന്നിവരെപ്പോലെ, കാലഗതി നിർണ്ണയിക്കുകയാണ് ഈ ഗ്രന്ഥങ്ങളിൽ അദ്ദേഹം. ബീഡിന്റെ വീക്ഷണത്തിൽ യേശുവിന്റെ ജനനം സൃഷ്ടിക്ക് ശേഷം 3952 വർഷങ്ങൾ കഴിഞ്ഞു സംഭവിച്ചതാണ്. ഇത് അന്ന് നിലവിലുണ്ടായിരുന്ന ചിന്താഗതികളിൽ നിന്നും വ്യത്യസ്തമായിരുന്നു. അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യം ദൈവ കേന്ദ്രീകൃതമായി കാലഗതികൾ മുന്നോട്ട് പോകുന്നു എന്ന് ദൈവശാസ്ത്രപരമായി പറയുക മാത്രമായിരുന്നു. അതിനായി അദ്ദേഹം 'കർത്താവിന്റെ കാലം' (*Anno Domini*) എന്ന പ്രയോഗം എല്ലാവരും ഉപയോഗിക്കണമെന്ന് തന്റെ ഗ്രന്ഥത്തിൽ എഴുതി. ഇത് പാശ്ചാത്യ കലണ്ടറിന്റെ രൂപപ്പെടുത്തലിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ കാര്യമാണ്. ('കർത്താവിന്റെ കാലം' എന്ന പ്രയോഗം എ.ഡി. 525-ൽ ഡയനീഷ്യസ് എക്സിഗൂസ് എന്ന സന്യാസി ആവിഷ്ക്കരിച്ചതാണെങ്കിലും അതിന് ലോകം മുഴുവൻ പ്രചാരം ലഭിക്കുന്നതിന് ഇടയാക്കിയത് വി. ബീഡിന്റെ രചനകളാണ്).

### ബൈബിൾ വ്യാഖ്യാനങ്ങൾ

ബീഡ് ധാരാളം ബൈബിൾ വ്യാഖ്യാന കൃതികൾ എഴുതിയിട്ടുണ്ട്. വി. അഗസ്റ്റിൻ, വി. ജെറോം, മഹാനായ ഗ്രിഗറി എന്നിവരുടെ പ്രബോധനങ്ങൾ അടിസ്ഥാനമാക്കിയത് അദ്ദേഹം ഈ ഭാഷ്യങ്ങൾ രചിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ സമീപനം ദൃഷ്ടാന്തപരമായും ധാർമികമായും വിശുദ്ധ ഗ്രന്ഥത്തെ വ്യാഖ്യാനിച്ചു അതിൽ അന്തർലീനമായ ആത്മീയ അർത്ഥം വിവരിക്കുക എന്നതായിരുന്നു. മർക്കോസിന്റെ സുവിശേഷ വ്യാഖ്യാനം ലത്തീൻ ഭാഷയിലുള്ള ആദ്യകാല വ്യാഖ്യാനങ്ങളിൽ ഒന്നാണ്. ഇവിടെ ക്രിസ്തുവിന്റെ ദൈവീകതയും അവിടുത്തെ പ്രബോധനങ്ങളുടെ ധാർമ്മിക മാനദണ്ഡവും അദ്ദേഹം എടുത്തു കാട്ടുന്നു. വെളിപാടു പുസ്തകത്തിന്റെ വ്യാഖാനത്തിൽ അവസാനകാല ദർശനങ്ങളെ ആത്മീയവും സഭാപരവുമായ കണ്ണുകളോടെ കാണുന്നു. ക്രിസ്തുവിന്റെ സഹസ്രാബ്ദ ഭരണത്തിൽ വിശ്വസിച്ചുകൊണ്ടുള്ള ഒരു നിർവചനമാണ് അദ്ദേഹം ഇവിടെ നടത്തുന്നത്. അതുകൂടാതെ ഉല്പത്തി, സാമുവേലിന്റെ പുസ്തകം, രാജാക്കന്മാരുടെ പുസ്തകം, തുടങ്ങിയവയെകുറിച്ചെല്ലാം അദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതി. പിതാക്കന്മാരുടെ പഠനങ്ങളെ അടിസ്ഥാനപ്പെടുത്തി വളരെ ശ്രദ്ധയോടെ തയ്യാറാക്കിയിരിക്കുന്ന ഭാഷ്യങ്ങളാണ് ഇവയെല്ലാം. സന്യാസ ഭാവനങ്ങളിലെ അർത്ഥികളുടെ പരിശീലനത്തെ സഹായിക്കുന്ന വിധത്തിൽ തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥങ്ങൾ ബീഡിന്റെ കാലത്തു തന്നെ വ്യാപകമായി ഉപയോഗിച്ചിരുന്നു.


### ദൈവശാസ്ത്ര-പ്രസംഗ പ്രബോധനങ്ങൾ


അദ്ദേഹത്തിന്റെ ദൈവശാസ്ത്ര രചനകളുടെ ഉദ്ദേശം സഭയുടെ പ്രാമാണിക പ്രബോധനങ്ങൾ, ധാർമ്മിക നിലപാടുകൾ, പ്രസംഗങ്ങൾ എന്നിവ വെളിപ്പെടുത്തുക എന്നതായിരുന്നു. ബീഡിന്റെ പ്രസംഗങ്ങൾ, പ്രത്യേകിച്ചും സുവിശേഷ വായനയെ അടിസ്ഥാനമാക്കിയുള്ളവ, ധാരാള

മായി വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. ക്രിസ്തീയ പ്രസംഗങ്ങൾക്ക് മാതൃകയായ അദ്ദേഹത്തിന്റെ ഈ രചനകൾ ആരാധനക്രമവർഷ വായനകളെ അധികരിച്ചു ചിട്ടപ്പെടുത്തിയിട്ടുള്ളതാണ്. വി. ബീഡിന്റെ അജപാലനപരമായ സമീപനത്തെ ഈ ഗ്രന്ഥം വെളിവാക്കുന്നതോടൊപ്പം അദ്ദേഹം ജീവിച്ച കാലഘട്ടത്തിലെ സമൂഹത്തിന്റെ ആത്മീയ രൂപീകരണവും ഈ ഗ്രന്ഥം ലക്ഷ്യം വയ്ക്കുന്നു. ബീഡ് തന്റെ പ്രബോധനത്തിൽ ദൈവകൃപ, മാനസാന്തരത്തിന്റെ പ്രാധാന്യം, നിത്യജീവിതത്തിനുള്ള ഒരുക്കം തുടങ്ങിയവ പഠനവിധേയമാക്കുന്നു. വ്യക്തതയോടെയും കൃത്യതയോടെയും ദൈവശാസ്ത്ര അവധാനതയോടെയും സാധാരണക്കാർക്കും പണ്ഡിതർക്കും മനസ്സിലാകുന്ന രീതിയിലാണ് അദ്ദേഹം ഈ പ്രസംഗങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

### വിശുദ്ധന്മാരുടെ ചരിത്രം, കവിത

വിശുദ്ധന്മാരുടെ ദൈവാശ്രയവും താപസ ജീവിതവും ബീഡിനെ വലുതായി ആകർഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ഈ മേഖലയിലെ ഏറ്റം പ്രശസ്തമായ കൃതി 'കത്ബർട്ടിന്റെ ജീവചരിത്ര' മാണ്. അത് ഗദ്യരൂപത്തിലും അതേസമയം കവിതാത്മകമായും എഴുതിയിരിക്കുന്ന ഒരു ഗ്രന്ഥമാണ്. ലിൻഡിഫാർനെയിലെ ബിഷപ്പായിരുന്ന ഒരു സന്യാസ വര്യനായിരുന്നു വി. കത്ബർട്ട്. ആംഗ്ലോ-സാക്സൺ സംസ്കാരത്തിൽ വലിയ രീതിയിൽ ബഹുമാനം നേടിയ വ്യക്തിയായിരുന്നു ഇദ്ദേഹം. ബീഡിന്റെ ഈ രചന ചരിത്ര അംശങ്ങൾ ഉൾക്കൊള്ളുന്നതുപോലെ ഒരു ദൈവശാസ്ത്ര വിശകലനം കൂടിയാണ്. വി. കത്ബർട്ടിനെ ഈ ഗ്രന്ഥത്തിൽ ആശ്രമജീവിതത്തിന്റെ മാതൃകയും എളിമയുടെ പ്രതീകവും ദൈവീക അനുഗ്രഹങ്ങളുടെ ഉറവിടവുമായി ബീഡ് അവതരിപ്പിച്ചിരിക്കുന്നു. ധാരാളം പ്രവചങ്ങൾ, അത്ഭുതങ്ങൾ, ദർശനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഈ ഗ്രന്ഥത്തിൽ കത്ബർട്ടിന്റെ കരങ്ങളിലൂടെ ദൈവം അതിശയകരമായ കാര്യങ്ങൾ പ്രവർത്തിക്കുന്നു എന്ന് സമർത്ഥിക്കുന്നു.


OPERA
BEDAE VENERABILIS PRESBYTERI, ANGLOSAXONIS: VIRI IN DIVINIS ATQVE HVmanis literis exercitatissimi: omnia in octo Tomos distincta, prout statim post Præfationem suo Elencho enumerantur.
Addito Rerum & Verborum Indice copiosissimo.
Cum Cæsareæ Maiestatis gratia & priuilegio, Regisque Galliarum ad decennium.
BASILEAE, PER ... Anno M. D. LXIII.


BEDAE ANGLOSAXONIS DE NATVRA RERVM LIBER.

ARGVMENTVM.

*Naturas rerum uarias, labentis & æui,*
*Perstrinxi titulis tempora lata citis.*

DE QVADRIFARIO OPERE DEI. CAPVT PRIMVM.

OPERATIO diuina, quæ secula creauit & gubernat, quadriformi ratione distinguitur. Primo, quod hæc in uerbi dei dispensatione non facta, sed æterna sunt: qui nos, Apostolo teste, ante tempora secularia prædestinauit in regnum. Secundo, quod in materia informi pariter elementa mundi facta sint, ubi qui uiuit in æternum, creauit omnia simul. Tertio, quod eadem materies, secundum causas simul creatas, non iam simul, sed distinctione sex primorum dierum in cœlestem, terrestremque creaturam formatur. Quarto, quod ex eiusdem creaturæ seminibus, & primordialibus causis totius seculi tempus naturali cursu peragitur, ubi pater usque nunc operatur & filius, ubi etiam coruos pascit, & lilia uestit deus.

DE MVNDI FORMATIONE. CAP. II.

B IN ipso quidem principio conditionis facta sunt cœlum, terra, angeli, aër, & aqua de nihilo. Die autem primo lux facta est, & ipsa de nihilo. Secundo, firmamentum in medio aquarum. Tertio, species maris & terræ, cum eis quæ terræ radicitus inhærent. Quarto, luminaria cœli de lumine primo die facto. Quinto, natatilia & uolatilia de aquis. Sexto reliqua animalia de terra, & homo: carne quidem de terra, anima uero de nihilo creatus: qui in Paradiso, quam dominus à principio plantauerat, cōstituitur. Septimo dominus requieuit, non à creaturæ gubernatione, cum in ipso uiuamus, moueamur, & simus, sed à nouæ substantiæ creatione. *Requies d... septimo di...*

QVID SIT MVNDVS. CAP. III.

MVndus est uniuersitas omnis, quæ constat ex cœlo & terra, quatuor elementis in speciem orbis absoluti globata: Igne, quo sydera lucent: aëre, quo cuncta uiuentia spirant: aquis, quæ terram cingendo, & penetrando communiunt: atque ipsa terra, quæ mundi media atque ima, librata uolubili circa eam uniuersitate pendet immobilis. Verum Mundi nomine etiam cœlum à perfecta absolutaque elegantia uocat: Nam & apud Græcos ab ornatu κόσμος appellatur. *Mundus ... elegantia*

DE ELEMENTIS. CAP. IIII.

ELementa sibimet sicut natura, sic etiam situ differunt. Terra enim ut grauissima, & quæ ab alia natura sufferri non possit, imum in creaturis obtinet locum. Aqua uero quanto leuior terra, tanto est aëre grauior: Qui si forte aquis in uase aliquo subdatur, statim ad superiora ut leuior euadit. Ignis quoque

a materialiter

www.malankaralibrary.com





കൂടാതെ ധാരാളം ആരാധന ക്രമഗീതങ്ങളും കവിതകളും അദ്ദേഹം രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആരാധനക്രമ ഗീതങ്ങൾ ലത്തീനിൽ ആശ്രമത്തിലെ യാമപ്രാർഥനകൾക്കും മറ്റു ഭക്താനുഷ്ഠാനങ്ങൾക്കും ഉപയോഗിക്കത്തക്ക രീതിയിൽ എഴുതിയിരിക്കുന്നു. ഗഹനമായ ദൈവശാസ്ത്രസത്യങ്ങൾ കാവ്യാത്മകമായി വിശുദ്ധ ലിഖിതങ്ങളെ അടിസ്ഥാനപ്പെടുത്തി മനോഹരമായി അദ്ദേഹം ചിട്ടപ്പെടുത്തി. 'ഹിമ്നും കനാമൂസ് ഗ്ലോറിയെ' എന്ന ഗീതം പരിശുദ്ധ ത്രിത്വത്തെ മഹത്വപ്പെടുത്തിക്കൊണ്ട് എഴുതിയിരിക്കുന്നതാണ്. ദൈവത്തിന്റെ മനുഷ്യാവതാരം, ക്രിസ്തുവിന്റെ സഹനം, വിശുദ്ധന്മാരുടെ ജീവിതം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചൊക്കെ അദ്ദേഹം ഗീതങ്ങൾ രചിച്ചിട്ടുണ്ട്. ഭക്തി വർദ്ധിപ്പിക്കുക എന്നതുപോലെ തന്നെ വിശ്വാസികളെ ദൈവശാസ്ത്രപരമായ അറിവിൽ ആഴപ്പെടുത്തുക എന്നതും ഇവിടെ അദ്ദേഹം ലക്ഷ്യം വച്ചിരുന്നു. സങ്കീർണ്ണമായ പ്രബോധനങ്ങളും ആശയങ്ങളും കവിതയിലൂടെ ചുരുക്കി പറയാൻ സാധിക്കും എന്ന് അദ്ദേഹം കാണിച്ചു തന്നു. ആരാധനക്രമ സംഗീതത്തിനും ആശ്രമങ്ങളിലെ പ്രാർത്ഥനാ ചൈതന്യത്തിനും തന്റെ കൃതികളിലൂടെ വി. ബീഡ് നിർണ്ണായക സംഭാവന നൽകിയിട്ടുണ്ട്.

### ശാസ്ത്രീയ-വിദ്യാഭ്യാസ കൃതികൾ

വി. ബീഡിന്റെ അധികം പ്രശസ്തമല്ലാത്ത കൃതികളാണ് ഈ വിഭാഗത്തിലുള്ളത്. 'വസ്തുക്കളുടെ സ്വഭാവത്തെക്കുറിച്ച്' 'സമയഗണനയെക്കുറിച്ച്' എന്നീ ഗ്രന്ഥങ്ങൾ നാം ജീവിക്കുന്ന സ്വാഭാവിക ലോകത്തെക്കുറിച്ചും അത് ആരാധനാക്രമവുമായി എങ്ങനെ ബന്ധപ്പെടുത്താൻ സാധിക്കും എന്ന ചിന്തയും ഉൾക്കൊള്ളുന്നതാണ്. ഈസ്റ്റർ തീയതി കണക്കാക്കുന്നതിന് അവലംബിച്ചിരുന്ന രീതി ഇക്കാലഘട്ടങ്ങളിൽ വലിയ ചർച്ചാവിഷയമായിരുന്നതിനാൽ ഈ പുസ്തകങ്ങൾ ഈ മേഖലയിൽ വളരെ പ്രാധാന്യമുള്ളവ ആയിരുന്നു. കൂടാതെ വാനഗണിതം, സൗരയൂഥം, കലണ്ടർ, സമയത്തിന്റെ വിഭജനം തുടങ്ങിയ കാര്യങ്ങൾ ബീഡ് ഈ ഗ്രന്ഥങ്ങളിൽ ചർച്ച ചെയ്യുന്നു. ബീഡിന്റെ അസാമാന്യ ബുദ്ധിവൈഭവം വെളിപ്പെടുത്തുന്ന ഗ്രന്ഥങ്ങളാണ് ഇവ. യുക്തിയും വിശ്വാസവും എത്ര ഭംഗിയായി സംയോജിപ്പിച്ചുകൊണ്ടുപോകാൻ സാധിക്കും എന്ന് അദ്ദേഹം കാണിച്ചുതരികയും ചെയ്യുന്നു. നമ്മൾ ജീവിക്കുന്ന ഈ ഭൗമീക ലോകത്തെക്കുറിച്ചുള്ള അറിവ് ദൈവത്തെ മഹത്വപ്പെടുത്താനും സഭയുടെ ആരാധനയെ കൂടുതൽ അർത്ഥവത്താക്കാനും സഹായിക്കും എന്ന് അദ്ദേഹം തെളിയിച്ചു.

### ലേഖനങ്ങളും വ്യക്തിപരമായ എഴുത്തുകളും

ബീഡിന്റെ വ്യക്തി ജീവിതത്തെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചുമുള്ള ഉൾക്കാഴ്ചകൾ നമുക്ക് നൽകുന്ന ലേഖനങ്ങളും എഴുത്തുകളുമാണ് ഇവ. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന കത്ബർട്ട് എഴുതിയ ഒരു കത്തും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നാണ് അദ്ദേഹത്തിന്റെ അന്ത്യനാളുകളെക്കുറിച്ചുള്ള അറിവ് നമുക്ക് ലഭിച്ചിരിക്കുന്നത്. അസാധാരണ വിശ്വാസവും, എളിമയും മരണ സമയത്തു പോലും ശാന്തത കൈവിടാത്ത വ്യക്തിയുമായി അദ്ദേഹത്തെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നു.

ബീഡിന്റെ കൃതികൾ മധ്യകാലയുഗത്തിൽ വ്യാപകമായി പകർത്തി എഴുതപ്പെടുകയും അനേകർ അത് പഠനത്തിനായും അറിവിനായും ഉപയോഗിക്കുകയും ചെയ്തു. വി. ബീഡ് അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിലെ ഏറ്റം അറിവുള്ള വ്യക്തിയായി സമകാലീനർ കരുതിയിരുന്നു. അദ്ദേഹത്തിന്റെ പ്രശക്തി ഇംഗ്ലണ്ടിന് പുറത്തേയ്ക്കും ജീവിതകാലത്തു തന്നെ ചെന്നെത്തിയിരുന്നു. വി. ബീഡിന്റെ കൃതികളിലൂടെ ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചുള്ള അറിവും തുടർപഠനവും അനേകർക്ക് ലഭ്യമാകുന്നതിന് ഇടയായി.

വിശുദ്ധ ബീഡ് ലത്തീൻ ഭാഷയിൽ എഴുതിയ ഒരു പ്രാർത്ഥനയുടെ മലയാള പരിഭാഷ:

ഓ ക്രിസ്തുവേ, ഞങ്ങളുടെ പ്രഭാത നക്ഷത്രമേ,
ഈ ലോകത്തിന്റെ രാത്രികാലം കടന്നുപോയ ശേഷം,
നിൻ വിശുദ്ധന്മാർക്ക് ജീവന്റെ പ്രകാശം വാഗ്ദാനം ചെയ്യുന്നവനേ,
അവർക്കായി നിത്യ പ്രകാശ ദിനം തുറക്കുന്നവനേ,

ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു,
നിന്റെ ജ്യോതിയാൽ ഞങ്ങളെ
പ്രകാശിപ്പിക്കണമേ,
നിൻ പ്രകാശത്തിൽ ഞങ്ങൾ സഞ്ചരിക്കട്ടെ,
എപ്പോഴും നിൻ നാമ മഹത്വത്തിനായ്.
ആമ്മേൻ.

## ഉപസംഹാരം

ഒരു ക്രിസ്തീയ വിശ്വാസിയുടെ യഥാർത്ഥ മഹത്വം അത്ഭുതങ്ങളിലും അമാനുഷിക പ്രവർത്തികളിലും അധികാരപദവികളിലും എന്നതിനേക്കാൾ ശാന്തതയോടെയുള്ള സമർപ്പണത്തിലും, ക്ഷമയോടെയുള്ള പഠനത്തിലും, വിശ്വസ്ത സേവനത്തിലുമാണെന്ന് വി. ബീഡിന്റെ ജീവിതം നമ്മോട് പറയുന്നു. തന്റെ ജീവിതകാലം മുഴുവൻ ഒരു ആശ്രമത്തിനുള്ളിൽ ചിലവഴിക്കുകയായിരുന്നെങ്കിലും അദ്ദേഹത്തിന്റെ സ്വാധീനം ആ മതിലുകളെ മറികടന്ന് യൂറോപ്പിന്റെ തന്നെ ആത്മീയ-ബൗദ്ധിക ഭൂപടം രൂപപ്പെടുത്താൻ സഹായിച്ചു. യാതൊരു പ്രശസ്തിയും ആഗ്രഹിക്കുകയോ അന്വേഷിക്കുകയോ ചെയ്യാതെ തന്നെ താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ഏറ്റവും അറിയപ്പെടുന്നതും ആദരിക്കപ്പെടുന്നതുമായ വ്യക്തിയായി വി. ബീഡ് മാറി. ചരിത്രത്തെ ആയിരിക്കുന്ന രീതിയിൽ വരച്ചുകാട്ടുക മാത്രമല്ല, അവയിലുണ്ടാകുന്ന ദൈവീക പ്രവർത്തനങ്ങളെ മനുഷ്യജീവിതവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുകയും ചെയ്ത വ്യക്തിയായിരുന്നു വി. ബീഡ്. ഇന്നും സഭയുടെ വിളങ്ങുന്ന താരമായി അദ്ദേഹം വിരാചിക്കുന്നതിന്റെ കാരണം അദ്ദേഹത്തിന്റെ അമാനുഷിക അറിവ് മാത്രമായിരുന്നില്ല, അത് നേടിയെടുക്കുന്നതിനും പകർന്ന് നൽകുന്നതിനും അദ്ദേഹം പ്രകടിപ്പിച്ച ആത്മസമർപ്പണവുമാണ്. ഒരു സന്യാസിയുടെ ഗൗരവത്തോടെ ജീവിതത്തെ കൈകാര്യം ചെയ്തപ്പോഴും ശാന്തമായും സരസമായും മറ്റുള്ളവരെ ചിന്തിപ്പിച്ച പണ്ഡിതൻ കൂടിയാണ് വി. ബീഡ്. ലത്തീൻ ഭാഷ പഠിക്കാൻ ബുദ്ധിമുട്ടുന്ന യുവസന്യാസാർത്ഥിയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: “ശാന്തതയോടെ പഠിക്കൂ, മാലാഖമാർ പോലും ഒരുദിവസം കൊണ്ട് എല്ലാം മനസ്സിലാക്കുന്നില്ല.” ദൈവം അദ്ദേഹത്തിന് എഴുതാനുള്ള അനുഗ്രഹം നല്കിയതിനെക്കുറിച്ചു പ്രശംസിച്ച ആളിനോട് അദ്ദേഹം ഇപ്രകാരം പ്രതിവചിച്ചു: “ദൈവം എനിക്ക് മഷിയും ശാന്തതയുള്ള മണിക്കൂറുകളും തന്നു.” അനുദിന ജീവിതത്തിന്റെ കഷ്ടപ്പാടും പ്രയാസങ്ങളും ഉൾക്കൊള്ളാൻ കഴിവുള്ള വലിയൊരു മനസ്സിന്റെ ഉടമകൂടിയായിരുന്നു അദ്ദേഹം. വി. ബീഡിന്റെ ശാശ്വത സംഭാവന അദ്ദേഹം വിരചിച്ച പുസ്തകങ്ങളിലെ ആയങ്ങളേക്കാൾ ജീവിതത്തിലൂടെ വെളിപ്പെടുത്തിയ വിശുദ്ധിയുടെ പരിമളമാണ്. വിശുദ്ധ ബീഡ് നമ്മെ പഠിപ്പിക്കുന്നതും ഇത് തന്നെയാണ്- വിശുദ്ധി ശാന്തമായി ക്രിസ്തീയ ജീവിതം വിശ്വസ്തതയോടെ ജീവിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. ഇംഗ്ലണ്ടിൽ നിന്നുള്ള ഒരു സന്യാസിയുടെ കഥ മാത്രമല്ല നാമിപ്പോൾ അറിഞ്ഞിരിക്കുന്നത്. ‘അന്ധകാരയുഗ’ത്തിൽ വിശുദ്ധിയുടെയും വിജ്ഞാനത്തിന്റെയും പ്രകാശം പരത്തിയതുവഴി തലമുറകൾക്ക് വെളിച്ചമായി മാറിയ ഒരു പുണ്യവാന്റെ കഥകൂടിയാണ്. അദ്ദേഹത്തിന്റെ അന്ത്യവചസ്സുകൾ നമ്മുടെ ജീവിതത്തിന്റെ ആപ്തവാക്യമായി സ്വീകരിക്കാവുന്ന വചനങ്ങളാണ്: “പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും മഹത്വമുണ്ടായിരിക്കട്ടെ!”

വി. ബീഡിനെപ്പോലെ ജ്ഞാനത്തോടെ ജീവിക്കാനും, ആഴത്തിൽ സ്നേഹിക്കാനും, അക്ഷരങ്ങൾ കൊണ്ട് ഈ ലോകത്തെ മനോഹരമാക്കാനും നമുക്കും പരിശ്രമിക്കാം.



www.malankaralibrary.com




# അവാർഡിന്റെ ന്യായാന്യായങ്ങൾ



ബോബി ഏബ്രഹാം

അഖിൽ പി.ധർമജൻ ഒരു യുവസാഹിത്യകാരനാണ്. അദ്ദേഹം എഴുതിയ റാം കെയർ ഓഫ് ആനന്ദി എന്ന നോവൽ ലക്ഷക്കണക്കിനു കോപ്പി വിറ്റഴിഞ്ഞു. പുസ്തക മേളകളിലും പുസ്തകശാലകളിലുമൊക്കെ അഖിൽ പി. ധർമജന്റെ പുസ്തകങ്ങൾക്ക് പ്രത്യേകം കോർണർ അനുവദിക്കുന്നുമുണ്ട്. അതായത് വലിയതോതിൽ അഖിലിന്റെ പുസ്തകങ്ങൾ വിൽക്കുന്നുണ്ട് എന്നു സാരം. പ്രത്യേകിച്ച് വിവാദങ്ങളൊന്നുമുണ്ടാക്കുന്ന എഴുത്തുരീതികളൊന്നും ഇല്ല അഖിലിന്റെ പുസ്തകങ്ങളിൽ അദ്ദേഹത്തിന്റെ റാം കെയർ ഓഫ് ആനന്ദി എന്ന നോവൽ ഞാൻ വായിച്ചിട്ടുണ്ട്. മറ്റൊന്നും വായിച്ചിട്ടില്ല. അഖിൽ അടുത്തിടെ പെട്ടെന്നു ശ്രദ്ധാ കേന്ദ്രമായത് യുവസാഹിത്യകാരന്മാർക്കുള്ള കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചപ്പോഴാണ്. കൽപറ്റ നാരായണൻ, ഇന്ദു മേനോൻ തുടങ്ങി പലരും അഖിലിന് അവാർഡ് കൊടുത്തതിനെതിരെ രംഗത്തു വന്നു. സ്റ്റാർട്ടപ്പിനു ലഭിച്ച സമ്മാനമായാണ് പുരസ്കാരത്തെ കാണുന്നതെന്നും ഏറെ നിരാശപ്പെടുത്തി കൃതിയാണതെന്നും കൽപറ്റ പറഞ്ഞു. കൃതിക്കു പിന്നിൽ കച്ചവട താൽപര്യം മാത്രമാണെന്നും ഇത്തരം പ്രവണത കേരളത്തിലെ എഴുത്തിന് ഭാവിയിൽ വലിയ ദോഷം ചെയ്യുമെന്നും കൽപറ്റ പറഞ്ഞുവച്ചു. പൈങ്കിളി കൃതിക്ക് ഇങ്ങനെ പ്രാമുഖ്യം കിട്ടുന്നത് വലിയ ദോഷം ചെയ്യും. ആ നോവലിൽ നിന്ന് ഒന്നും കിട്ടാനില്ല. സ്വന്തമായി ഒരു ഭാഷയില്ലാത്ത, പ്രമേയമില്ലാത്ത, ലോകഗതിയെക്കുറിച്ച് ഒരു ധാരണയുമില്ലാത്ത ഒരാളുടെ കൃതി മാത്രമാണത്. സുഗമമായി വായിച്ചുപോകാമെന്നതു മാത്രമാണ് അതിന്റെ ഗുണം. മികച്ച യുവ എഴുത്തുകാർ ധാരാളമുള്ളിടത്ത് ഇത്തരം ഒരു എഴുത്തുകാരൻ അംഗീകരിക്കപ്പെടുന്നത് ശരിയല്ല. ഒരു പ്രചോദനവും തരാത്ത എഴുത്താണ് അത്. സർഗാത്മകമായ ഒരു പ്രവർത്തനവുമുള്ള കൃതികളല്ല അദ്ദേഹത്തിന്റേത്. കൽപറ്റ പറഞ്ഞുവച്ചു. സാമ്പത്തിക വിജയം മറ്റെല്ലാ വിജയങ്ങളെയും മറികടക്കുന്ന മാർക്കറ്റ് ഇക്കോണമിയുടെ സ്വാധീനമാവാം ഇത്തരം കൃതികൾക്ക് പുരസ്കാരം ലഭിക്കാൻ കാരണമെന്നും അദ്ദേഹം പറഞ്ഞു.

സാഹിത്യം തന്നെ ചർച്ച ചെയ്യപ്പെടാതായ ഒരു കാലത്ത് ഒരു സാഹിത്യ കൃതിക്ക് അവാർഡ് ലഭിച്ചതിന്റെ ന്യായാന്യായങ്ങളെപ്പറ്റി സമൂഹം ചിന്തിക്കുന്നു എന്നതു തന്നെ വലിയ കാര്യം. സാഹിത്യത്തെക്കുറിച്ചു ഗൗരവമായി സമൂഹം ചിന്തിച്ചു തുടങ്ങിയ കാലത്തുതന്നെ സാഹിത്യ കൃതികളുടെ മേന്മയെപ്പറ്റി ചർച്ചകൾ ഉണ്ടായിട്ടുണ്ട്. അത് സിനിമയെപ്പറ്റിയും ചിത്രകലയെപ്പറ്റിയും സംഗീതത്തെപ്പറ്റിയും ഉണ്ടായിട്ടുണ്ട്. കല കലയ്ക്കു വേണ്ടിയോ സമൂഹത്തിനു വേണ്ടിയോ എന്ന തർക്കം കുറേക്കാലം കേരള സാഹിത്യ മണ്ഡലത്തെ ഇളക്കിമറിച്ചിരുന്നു. പൈങ്കിളി സാഹിത്യം എന്നു വിളിച്ച് ചിലതിനെയൊക്കെ അധിക്ഷേപിച്ചിരുന്ന കാലമുണ്ടായിരുന്നു. എന്നാൽ എല്ലാവരും മറന്നുപോകുന്ന ഒരു കാര്യം പൈങ്കിളി എന്നു വിശേഷിപ്പിക്കുന്ന സാഹിത്യവും മഹത്തായ സാഹിത്യം എന്നു വിശേഷിപ്പിക്കുന്ന സാഹിത്യവും തമ്മിലുള്ള അതിർവരമ്പ് നേർത്തതാണ് എന്നതാണ്. എന്നാൽ ആ വ്യത്യാസം അറിയാവുന്നവർക്ക് നന്നായി മനസ്സിലാകുമെന്നു മാത്രം. അല്ലാത്ത

വരെ സംബന്ധിച്ചിടത്തോളം എല്ലാം അക്ഷര ങ്ങൾ മാത്രം.

എന്നാൽ ആ അതിർവരമ്പ് തിരിച്ചറിയാൻ കഴിയാത്തവരെല്ലാം മോശക്കാരാണ് എന്ന് അർഥമില്ല. പ്രയോഗിക്കുന്ന ഭാഷ ഉന്നതനില വാരത്തിലാണെങ്കിലും കണ്ടന്റ് പൈങ്കിളി എന്നു വ്യവഹരിക്കപ്പെടുന്ന തലത്തിലാവുന്നതും അപൂർവമല്ല. ജനങ്ങൾക്കു മനസ്സിലാകുന്ന തരത്തിൽ എഴുതുന്നവരെല്ലാം മോശക്കാരാണോ എന്ന ചോദ്യവും ഉയരാറുണ്ട്.

ഈ വിഷയങ്ങൾ ഏറ്റവും കൂടുതൽ ഉയർന്നു വരുന്നത് കവിതയുടെ കാര്യത്തിലും നോവ ലിന്റെ കാര്യത്തിലുമാണ്. കവിതയും പാട്ടും രണ്ടാണെന്ന് അറിയാത്തവരുമുണ്ട്. 'നേരംപോയ് നേരം പോയ് പൂക്കൈത മറ പറ്റി' എന്ന വരികളിൽ കവിതയും ഭാഷാ ഭംഗിയും യോജി ച്ചുവരുന്നു. ആ കവിത നമ്മുടെ മുന്നിൽ ഒട്ടേറെ ബിംബങ്ങൾ പ്രതിഷ്ഠിക്കുന്നു. പലതലങ്ങളി ലുള്ള വ്യാഖ്യാനത്തിന് അവസരം നൽകുന്നു. എന്നാൽ 'സന്ധ്യ മയങ്ങും നേരം, ഗ്രാമച്ചന്ത പിരിയുന്ന നേരം' എന്ന സിനിമാ ഗാനത്തിന് ആ ഗാന ചിത്രീകരണം കൂടിയുണ്ടെങ്കിലേ അസ്തി ത്വമുള്ളു. എന്നാൽ ആ പാട്ട് മോശമാണ് എന്നല്ല അർഥം. 'ഒന്നുമില്ലൊന്നുമില്ലൊന്നുമില്ല' എന്നു തുടങ്ങുന്ന കവിത ആർ. രാമചന്ദ്രന്റേതാണ്. ആ കവിത ഏറെ അർഥതലങ്ങളുള്ളതാണ്. എന്നാൽ ആർ. രാമചന്ദ്രൻ അങ്ങനെ ഏറെ അറിയപ്പെട്ട കവിയല്ല. അദ്ദേഹം കവിതകളെ അറിഞ്ഞാസ്വദി ക്കുന്നവർക്കിടയിൽ ഏറെ പ്രിയങ്കരനായിരു ന്നുതാനും. ഒഎൻവി യും കവിയായി തന്നെ നിലനിന്നയാളാണ്. അതിമനോഹരമായി വാക്കുകൾ യോജിപ്പിച്ച് ഗാനങ്ങൾ എഴുതാൻ കഴിഞ്ഞിരുന്നു അദ്ദേഹത്തിന്. ആർ. രാമ ചന്ദ്രനേക്കാൾ കവിയെന്ന നിലയിൽ അറിയ പ്പെട്ടിരുന്നതും അദ്ദേഹമാണ്. എന്നാൽ ആർ. രാമചന്ദ്രന്റെ കവിതകളിലുള്ള ആഴം ഒഎൻവി കവിതകൾക്കില്ല എന്നു പറയുമ്പോൾ പരിഭവ മെന്തിന്?

അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ കവിതകളും ശബ്ദ സൗന്ദര്യത്തേക്കാൾ ദാർശ നിക സൗന്ദര്യമുള്ളവയാണ്. 'വെളിച്ചം ദുഃഖമാ ണുണ്ണി, തമസ്സല്ലോ സുഖപ്രദം' എന്ന വരികൾ ചൊല്ലാത്തവരായി ആരും ഉണ്ടാവില്ല. എന്നാൽ ശബ്ദസൗന്ദര്യമുള്ള പാട്ട് എഴുതുന്നയാൾ മോശ ക്കാരനെന്നോ ദാർശനിക കവിതകൾ എഴുതു ന്നവർ ഉയർന്നവരോ എന്ന് അർഥമില്ല. രണ്ടും രണ്ടു തലങ്ങളിലുള്ള ആളുകളോടാണ് സംവദി ക്കുന്നതെന്നു മാത്രം. അതുകൊണ്ടാണ് കവി തയും പാട്ടും രണ്ടായി നിൽക്കുന്നത്. കവിത ഏകാന്തതയിലുരുവിട്ട് വീണ്ടും വീണ്ടും മനസ്സിൽ ചൊല്ലി അനുഭവിക്കാനുള്ളതാണ്. അത്തരം ആസ്വാദകർ ഇന്നും ധാരാളമുണ്ട്. കവിത ചൊല്ലിക്കേൾപ്പിക്കേണ്ടതാണ് എന്നു പറയുന്ന വരുണ്ട്. ആശയഗരിമയില്ലാത്ത കവിതകൾ കുറേക്കാലം ചൊല്ലിനടക്കുമെങ്കിലും വിസ്മൃത മാകും. എഴുത്തച്ഛൻ എഴുതിയതൊക്കെ ഇന്നും നിലനിൽക്കുന്നത് അതിലെ ആശയ ഗരിമ കൊണ്ടുകൂടിയാണ്. എന്നാൽ സിനിമാ ഗാനങ്ങൾ നിലനിൽക്കുന്നത് അതിന്റെ ഭാഷയുടെയും സംഗീതത്തിന്റെയും പിൻബലത്തിലാണ്. അതു ജനങ്ങൾക്കിഷ്ടമായാൽ അവർ പാടിനടക്കും. എങ്കിലും പഴയ സിനിമാഗാനങ്ങൾ ഇന്നും നിലനിൽക്കുമ്പോൾ അടുത്ത കാലത്ത് ഹിറ്റ് ആയ പല സിനിമാ ഗാനങ്ങൾക്കും ഏതാനും ദിവസത്തെ ആയുസ് മാത്രമേ ഉണ്ടായിരുന്നുള്ളു എന്നത് വിസ്മരിക്കരുത്. മാർക്കറ്റിനു വേണ്ടി മാത്രം ഉണ്ടാക്കുന്ന സാഹിത്യ ഉൽപന്നങ്ങൾക്ക് ആയുസ് കുറവാണെന്നു കാണുന്നു.

ഏറ്റവും കൂടുതൽ വായനക്കാരുള്ള എഴുത്തു കാരിൽ ഒരാളാണ് എം.ടി. വാസുദേവൻ നായർ. മുട്ടത്തു വർക്കിയും വായനക്കാരുടെ എണ്ണത്തിൽ സമ്പന്നനായിരുന്നു. എന്നാൽ പ്രമേയവൈവിധ്യം കൊണ്ടും ഭാഷാ ശൈലി കൊണ്ടും എംടി വേറിട്ടു നിന്നു. പക്ഷേ, സൂക്ഷ്മാർഥത്തിലെടുത്താൽ ഇരുവരും കൈകാര്യം ചെയ്ത വിഷയങ്ങൾക്ക് സമാനതയുണ്ട്. ഒരാളുടെ നോവലിന്റെ പശ്ചാ ത്തലം മധ്യതിരുവിതാംകൂറും മലയോരവും ആയിരുന്നെങ്കിൽ മറ്റേയാളുടേത് വള്ളുവനാട് ആയിരുന്നു. ഇരുവരും പ്രണയത്തെക്കുറിച്ച് വ്യത്യസ്ത ഭാഷയിൽ സംസാരിച്ചു. പക്ഷേ ഒരാളുടെ കൃതി മഹത്തായതും മറ്റേയാളുടേത് പൈങ്കിളിയും ആയി മുദ്രകുത്തപ്പെട്ടു. എംടിയുടെ ഏറെ വിറ്റഴിഞ്ഞ നോവലാണ് 'മഞ്ഞ്.' അതിൽ പറയുന്നതും പ്രണയം തന്നെയാണ്. 'വരും, വരാതിരിക്കില്ല' എന്ന അതിലെ പ്രതീക്ഷയുടെ ഭാഷ പങ്കുവച്ചു സംസാരിക്കാത്ത യുവാക്കൾ

www.malankaralibrary.com



അക്കാലത്തുണ്ടായിരുന്നില്ല. എങ്കിലും എംടിയുടെ നോവലുകൾ കാലാതിവർത്തിയായില്ലെന്നു തന്നെ പറയേണ്ടിവരും. മഹാഭാരതത്തെ അധികരിച്ചെഴുതിയ 'രണ്ടാമൂഴത്തിനു' പോലും പി.കെ. ബാലകൃഷ്ണനെഴുതിയ 'ഇനി ഞാനുറങ്ങട്ടെ', വി.എസ്. ഖണ്ഡേക്കർ എഴുതിയ 'യയാതി' തുടങ്ങിയ മഹാഭാരതാധിഷ്ഠിത നോവലുകളുടെ ഗരിമ ഇല്ലെന്നുതന്നെ പറയണം. പക്ഷേ അതുകൊണ്ട് എംടി മികച്ച എഴുത്തുകാരനല്ല എന്നു വരുന്നില്ല. തന്റെ കാലഘട്ടത്തിലെ ആസ്വാദകരുമായി അദ്ദേഹത്തിനു സംവദിക്കാൻ കഴിഞ്ഞതിന്റെ അടയാളമാണ് അദ്ദേഹത്തിന്റെ കൃതികൾക്കുണ്ടായ വിൽപന. എന്നാൽ ജ്ഞാനപീഠം വരെ നേടിയ അദ്ദേഹത്തിന്റെ സാഹിത്യത്തിൽ കാലാതിവർത്തിയായ എന്തെങ്കിലും ഉണ്ടായിരുന്നോ എന്ന് പറയേണ്ടത് വരുംതലമുറയാണ് .

എംടി വള്ളുവനാടൻ പശ്ചാത്തലത്തിലെഴുതിക്കൊണ്ടിരുന്നപ്പോൾ അതിനപ്പുറം മറ്റൊരു ലോകത്തേക്ക് പോയ ആളാണ് ടി. പത്മനാഭൻ. അദ്ദേഹത്തിന്റെ 'മഖൻ സിങ്ങിന്റെ മരണം' എന്ന കഥ ഇന്നും പ്രസക്തമാണ്. ഇന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളുമായി ആ കഥ സംവദിക്കുന്നുണ്ട്. അതുപോലെയാണ് ഒ.വി. വിജയൻ. വിജയന്റെ മറ്റെല്ലാ കൃതികളും വിസ്മൃതമായാലും 'ധർമപുരാണം' നിലനിൽക്കും. കാരണം അത് അധികാരത്തിന്റെ ധാർഷ്ട്യങ്ങളെ അതിനിശിതമായി വിമർശിച്ച കൃതിയാണ്. ജനാധിപത്യത്തിന്റെ മറ പിടിച്ച ഏകാധിപത്യം അരങ്ങേറുന്ന ഏതുകാലത്തും ആ കൃതി മുന്നോട്ടുവച്ച ആശയങ്ങൾ പ്രസക്തമാകുന്നു. അതുപോലെ 'ആനന്ദിന്റെ മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലും ഭരണകൂടം എങ്ങനെ മനുഷ്യജീവിതത്തിന്റെ വിവിധ തലങ്ങളെ വരിഞ്ഞുമുറുക്കുന്നു എന്നു വ്യക്തമാക്കുന്ന കൃതിയാണ്. പക്ഷേ, ആനന്ദ് തന്നെ എഴുതിയ 'ആൾക്കൂട്ടം' വായിക്കപ്പെട്ടതുപോലെ ഈ കൃതി വായിക്കപ്പെട്ടില്ല. ഒരുപക്ഷേ നാളെകളിൽ ഈ കൃതി വീണ്ടും വായിക്കപ്പെടും എന്നുതന്നെ കരുതേണ്ടിവരും. ഇവരാരും മാർക്കറ്റിനു വേണ്ടിയല്ല എഴുതിയതെന്നു ചുരുക്കം.

മാർക്കറ്റ് അറിഞ്ഞ് എഴുതുന്ന രീതി ഉണ്ടായത് വിദേശത്താണ്. അവിടെ പ്രസിദ്ധീകരണ ശാലകളും മികച്ച എഡിറ്റർമാരും ചേർന്നു നടത്തുന്ന പഠനത്തിനനുസരിച്ച് കൃതികൾ രചിക്കുന്നവരുണ്ട്. ചില എഴുത്തുകാർ ചില ഗവേഷണങ്ങളൊക്കെ നടത്തി അത് ആധികാരികമെന്ന നിലയിൽ അവതരിപ്പിക്കാൻ മിടുക്കുള്ളവരാണ്. ഡാവിഞ്ചി കോഡ് പോലെയുള്ള കൃതികൾ അങ്ങനെ രചിക്കപ്പെടുന്നവയാണ്. മലയാളത്തിൽ ടി.ഡി. രാമകൃഷ്ണൻ ഇത്തരത്തിൽ എഴുതുന്നയാളാണ്. അവരുടെ കൃതികളും വ്യാപകമായി സ്വീകരിക്കപ്പെടുന്നു. നോവലിന്റെ പരമ്പരാഗത രീതികളെ നിരാകരിക്കുന്നവയാണ് ഇവയൊക്കെ. ഇതിൽ ഏതു സ്വീകരിക്കണം, ഏതു നിരാകരിക്കണം എന്നു തീരുമാനിക്കുന്നത് ആത്യന്തികമായി വായനക്കാരാണ്. പക്ഷേ, മിടുക്കുള്ള എഴുത്തുകാരും പ്രസിദ്ധീകരണശാലക്കാരും വിദഗ്ധമായ വിപണന തന്ത്രങ്ങളിലൂടെ വായനക്കാരിലേക്ക് ഇവ എത്തിക്കുന്നു. ഇങ്ങനെ കൊട്ടിഗ്ഘോഷിക്കപ്പെട്ട പല കൃതികളും വായിച്ചുകഴിഞ്ഞപ്പോൾ ഉള്ളി പൊളിച്ചതുപോലെയാവും.

വീണ്ടും കൽപറ്റ ഉയർത്തിയ വിമർശനത്തിലേക്കു വരാം. അഖിലിന്റെ നോവലിന് പരമ്പരാഗതമായ നോവൽ സങ്കൽപങ്ങളോട് നീതിപുലർത്താനാവുന്നില്ലെന്നും അതിൽ പ്രമേയപരമായ മൗലികത ഒന്നുമില്ലെന്നും സുഗമമായ വായനക്കപ്പുറം ഒന്നുമില്ലെന്നും കൽപറ്റ വിമർശിക്കുന്നു. അത്തരം ഒരു കൃതിക്ക് അക്കാദമി അവാർഡ് നൽകുന്നത് ന്യായീകരിക്കാനാവില്ലെന്നും അദ്ദേഹം പറയുന്നു. അപ്പോൾ ഒരു ചോദ്യം ഉയരുന്നു. സാഹിത്യത്തിന്റെ ഘടനയും മൗലികതയും പ്രമേയപരമായ ഔന്നത്യവും നിശ്ചയിക്കുന്നത് ആരാണ്. സയൻസിലെപ്പോലെ ഇതിനു കൃത്യമായ കണക്കും കാര്യങ്ങളുമുണ്ടോ? ജനങ്ങളുടെ നികുതിപ്പണം കൊണ്ടു നടത്തുന്ന അക്കാദമികൾ ജനപ്രിയ സാഹിത്യത്തെ അംഗീകരിക്കുന്നത് വലിയ കുറ്റമാണോ? കൽപറ്റയുടെ പ്രതികരണത്തിൽ നിന്നു മനസ്സിലാകുന്നത് സാഹിത്യത്തിലും വരേണ്യതയുണ്ടെന്നാണ്. ചില ഭാഷാ രീതികൾ, പ്രമേയ സ്വീകരണം, ഘടനാ രീതികൾ ഇവയൊക്കെ ഉണ്ടെങ്കിലേ സാഹിത്യം സാഹിത്യമാകൂ എന്നാണ്. അത് സാഹിത്യത്തെ ചിലരുടെ നാലുകെട്ടിൽ കൊണ്ടു പ്രതിഷ്ഠിക്കാനുള്ള നീക്കമാണ്. ഇത് പണ്ടേയുണ്ട്. അടുത്തകാലത്താണ് സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ക്രിസ്തീയ ഗാനങ്ങളെക്കുറിച്ചുള്ള

പഠനം ശ്രദ്ധയിൽപ്പെട്ടത്. നൂറ്റാണ്ട് കഴിഞ്ഞിട്ടും നിലനിൽക്കുന്ന അദ്ദേഹത്തിന്റെ ഗാനങ്ങളൊന്നും കേരളത്തിലെ സാഹിത്യ വരേണ്യ സമൂഹം അംഗീകരിച്ചുകൊടുത്തിട്ടില്ല. എന്നാൽ അദ്ദേഹത്തെ കേരളം കണ്ട മികച്ച മിസ്റ്റിക് കവി എന്നാണ് ആ പഠനത്തിൽ വിശേഷിപ്പിക്കുന്നത്. സാഹിത്യത്തിലെ തമ്പുരാക്കന്മാർ അത് അംഗീകരിച്ചില്ലെങ്കിലും ക്രിസ്തീയ മേഖലകളിൽ സാധു കൊച്ചുകുഞ്ഞുപദേശി ഇന്നും സ്മരിക്കപ്പെടുന്നു.

അഖിൽ ധർമജന്റെ നോവലിന് വലിയ സ്വീകാര്യത ലഭിച്ചത് മാർക്കറ്റിങ് തന്ത്രം കൊണ്ടു മാത്രമാണെന്ന് വിശ്വസിക്കാൻ സാഹിത്യ ലോകത്തെ പ്രഭുക്കന്മാർക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ അതിൽ തങ്ങളോട് സംവദിക്കുന്നതെന്തെങ്കിലും ഉണ്ടെന്നു വിചാരിക്കുന്നവർക്ക് അത് നെഞ്ചേറ്റി നടക്കാനും സ്വാതന്ത്ര്യമുണ്ട്. ആ കൃതിക്ക് അവാർഡ് കൊടുക്കാനും അക്കാദമിക്ക് സ്വാതന്ത്ര്യമുണ്ട്. അക്കാദമി അവാർഡ് ഒന്നിന്റെയും അവസാന വാക്കല്ല. അവാർഡ് ചെന്നെത്തുന്നതെല്ലാം അർഹതപ്പെട്ടവർക്കു മാത്രമാണെന്നും കരുതരുത്. വായനക്കാർ വിവരമുള്ളവരാണ്. അവർ അവർക്കാവശ്യമുള്ളത് എടുത്തുകൊള്ളും. കാലാതിവർത്തിയായത് അങ്ങനെതന്നെ നിലനിന്നുകൊള്ളും. കൂടുതൽ വേവലാതിപ്പെടേണ്ടതില്ല. ലേഖം നീണ്ടുപോകുമെന്നതിനാൽ കൂടുതൽ ഉദാഹരണങ്ങളിലേക്കൊന്നും കടക്കുന്നില്ല. തങ്ങളെഴുതുന്നതെല്ലാം മഹത്തരമായതാണെന്ന് അഖിലിന്റെ വിമർശകർക്ക് വിശ്വസിക്കാൻ അവകാശമുണ്ട്. പക്ഷേ. അത് എല്ലാവരും അംഗീകരിക്കണമെന്ന് നിർബന്ധം പിടിക്കരുതെന്നു മാത്രം.

**മേമ്പൊടി**

ജൂൺ 25 സംവിധാൻ ഹത്യ ദിനമായി ആചരിക്കുകയാണ് കേന്ദ്ര സർക്കാർ. 1975 ജൂൺ 25ന് പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി ഭരണഘടന സസ്പെൻഡ് ചെയ്തുകൊണ്ട് അടിയന്തരാവസ്ഥ ഏർപ്പെടുത്തിയതിന്റെ ഓർമ പുതുക്കാനാണ് ഈ ദിനാചരണം. ഇന്ത്യ കണ്ട ഏറ്റവും വലിയ ജനാധിപത്യ ധ്വംസനങ്ങളിലൊന്നായിരുന്നു അന്നുണ്ടായത്. പ്രധാനമന്ത്രിയുടെ മകനായ സഞ്ജയ് ഗാന്ധിയുടെ നേതൃത്വത്തിൽ ഒരു സംഘം രാജ്യത്തെ ഭരണവ്യവസ്ഥയെ നിയന്ത്രിച്ചു. പത്രങ്ങൾക്ക് യഥാർഥ വസ്തുതകൾ റിപ്പോർട്ട് ചെയ്യാനുള്ള അവകാശം നിഷേധിച്ചു. സെൻസർഷിപ് ഏർപ്പെടുത്തി. രാഷ്ട്രീയ നേതാക്കളെ തടങ്കലിലാക്കി. അടിയന്തരാവസ്ഥ നീണ്ടുപോകുമെന്ന് ജനം കരുതിയെങ്കിലും അപ്രതീക്ഷിതമായി ഇന്ദിരാ ഗാന്ധി തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. 1977ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് ഭരണം നഷ്ടപ്പെടുകയും ചെയ്തു.

ജനാധിപത്യ ധ്വംസനത്തെ ഓർമപ്പെടുത്താനാണ് ബിജെപി നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ 'സംവിധാൻ ഹത്യ ദിനം' ആചരിക്കുന്നത്. 1977 കഴിഞ്ഞ് 48 വർഷം കഴിഞ്ഞിരിക്കുന്നു. ജനാധിപത്യ രീതിയിൽ ഇന്നും ഇന്ത്യ നിലനിൽക്കുന്നു. പക്ഷേ, അപ്രഖ്യാപിത അടിയന്തരാവസ്ഥ രാജ്യത്തുണ്ട് എന്നു പറയാതെ വയ്യ. ഇന്ദിരാ ഗാന്ധി ഇറക്കുന്ന ഉത്തരവുകളിൽ ബാത്ത് റൂമിലെ ടബ്ബിൽ കിടന്ന് ഒപ്പിട്ടു കൊടുക്കുന്ന രാഷ്ട്രപതിയെ ചിത്രീകരിച്ച് കാർട്ടൂൺ വരച്ചത് അബു ഏബ്രഹാമാണ്. പക്ഷേ, അബു ഏബ്രഹാം കൊടിയ പീഡനത്തിനൊന്നും വിധേയനായില്ല. എന്നാൽ ആധുനിക ഇന്ത്യയിൽ പ്രധാനമന്ത്രി ഉൾപ്പെടെയുള്ള അധികാര കേന്ദ്രങ്ങളെ വിമർശിക്കുന്നവർ ഭയക്കണം. അന്ന് സഞ്ജയ് ഗാന്ധിയുടെ കിങ്കരന്മാരാണ് ഉണർന്നിരുന്നതെങ്കിൽ ഇന്ന് ഭരണവർഗത്തിന്റെ മന:സാക്ഷി സൂക്ഷിപ്പുകാർ നോക്കിയിരിക്കുകയാണ്. അവർ നിങ്ങൾക്കെതിരെ കേസ് കൊടുത്തു കഷ്ടപ്പെടുത്തും. വർഗീയതയെ വിമർശിക്കുന്നവർക്ക് ഗൗരി ലങ്കേഷിനുണ്ടായ അനുഭവം ആവർത്തിക്കും. മാധ്യമങ്ങൾക്ക് സെൻസർഷിപ് വേണ്ടാതായിരിക്കുന്നു. അല്ലാതെ തന്നെ വരുതിക്കു നിർത്താൻ ഭരണകൂടത്തിനറിയാം. ഭരണകൂടത്തിന്റെ ഏറ്റവും വലിയ വാഴ്ത്തുപാട്ടുകാരായി മാധ്യമങ്ങൾ മാറിയിരിക്കുന്നു. ഈ തന്ത്രം ഇന്ദിരാ ഗാന്ധിക്ക് അറിയാമായിരുന്നെങ്കിൽ അടിയന്തരാവസ്ഥ ഒരിക്കലും പ്രഖ്യാപിക്കില്ലായിരുന്നു. അതുകൊണ്ടുതന്നെ സംവിധാൻ ഹത്യ ദിനം ആചരിക്കുന്നവർ ഇത്തരം ജനാധിപത്യ ധ്വംസനങ്ങളെപ്പറ്റിക്കൂടി ചിന്തിക്കണം. ഏകാധിപത്യം പിൻവാതിലിലൂടെ അടിച്ചേൽപിക്കുന്നതും അംഗീകരിക്കാനാവില്ലല്ലോ.

www.malankaralibrary.com



# ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)

## വാദെ ദൽമീനോ-ജീവൽ തുറമുഖ പ്രാപ്തി (2)





റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി

വാദെ ദൽമീനോ ശുശ്രൂഷയുടെ സന്ദേശം ഉൾക്കൊള്ളുന്ന സാരവത്തായ മറ്റൊരു വിശേഷണമാണ് പ്രകാശത്തിന്റെ സന്ധ്യ (റമ്ശോ ദ് നാഹീറോ) എന്നത്. പ്രസ്തുത ശീർഷകം പ്രകാശീകരണത്തിന്റെ അർത്ഥതലങ്ങൾ വ്യക്തമാക്കുന്നു. പ്രകാശരശ്മികളാൽ ദൈവാലയ അന്തരീക്ഷം നിറയപ്പെടുവാൻ പര്യാപ്തമായ രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇരുളിന്റെ പ്രകരണത്തിൽ നടത്തപ്പെടുന്ന മെഴുകുതിരി പ്രദക്ഷിണം, ക്രിസ്തീയ തീർത്ഥയാത്രയുടെ ആഴമേറിയ ദൈവശാസ്ത്രം പ്രഖ്യാപിക്കുകയാണ്. ഭൂമിയിൽ ഭക്തർ നടത്തുന്ന ആത്മീയയാത്രയും സമാപ്തിയായ പ്രാപ്യസ്ഥാനവും  അത് ധ്യാനവിഷയമാക്കുന്നു. നാടകീയമായിനടത്തപ്പെടുന്ന ഈ ക്രമീകരണവും ഉച്ചരിക്കപ്പെടുന്ന പ്രാർത്ഥനാമഞ്ജരികളും ബുദ്ധിയുള്ള

കന്യകമാരുടെ ലക്ഷ്യപ്രാപ്തിയും ആഗ്രഹസാക്ഷാത്കാരവും പ്രകടമാക്കുന്നു. അടക്കപ്പെട്ട വാതിലും അന്തകാരവും പര്യവസാനത്തിൽ തുറക്കപ്പെടുകയും തീർത്ഥാടകർ പ്രകാശിതരാകുകയും ചെയ്യുന്നു. പ്രകാശത്തിന്റെ തിരുനാളായ ഉത്ഥാന പെരുന്നാളിലേക്ക് ഭക്തരെ നയിക്കുകയാണിവിടെ. ദൈവസാന്നിദ്ധ്യത്തെ പ്രകാശത്തിന്റെ അടയാളത്താൽ അനുഭവവേദ്യമാക്കുന്നു. ദുഃഖവെള്ളിയിൽ സംഭവ്യമായ അന്ധകാരത്തെ ഉത്ഥാന ഞായർ തോൽപ്പിച്ചിരിക്കുന്നുവെന്ന് പ്രാർത്ഥനകൾ സാക്ഷിക്കുന്നു. കൈകളിലേന്തുന്ന കത്തിച്ച തിരി, ലോകത്തിന്റെ പ്രകാശം ആയത്തീരേണ്ടതായ ജീവിതാവസ്ഥയെ ദൃഷ്ടാന്തമാക്കുന്നു. ഒരു വേറിട്ട ജീവിതശൈലിയാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. പ്രകാശത്തിന്റെ അനുഭവത്താൽ, ആയിത്തീരുന്ന സൗഭാഗ്യാവസ്ഥയാണിത്. പ്രകാശത്തിന്റെ ഭാവങ്ങൾ പ്രാപിച്ച് അനുഗ്രഹീതരായിത്തീരുവാൻ ഈ ശുശ്രൂഷക്രമം പ്രേരിപ്പിക്കുന്നു. പ്രകാശിതജീവിതത്തെ പുണ്യങ്ങളാൽ അലംകൃതമായ ജീവിതസംഹിതയായിട്ട് അവതരിപ്പിക്കുന്നു. ദൈവ സ്തുതിപ്പിന്റെ ജീവിതക്രമമായിട്ടും പ്രകാശിതജീവിതം ചിത്രീകരിക്കപ്പെടുന്നു. ആരാധകർ, പ്രകാശത്തിന്റെ മക്കളെന്ന് വിളിക്കപ്പെടുന്നു; ആദ്യവസ്ഥയായ പറുദീസായിലേക്ക് നയിക്കപ്പെടുന്നു.

**കന്യാത്വം**

സുറിയാനി സഭ അതിന്റെ പൗരാണിക കാലഘട്ടം മുതൽ തന്നെ പ്രാമുഖ്യം നല്കുന്ന താപസ ചൈതന്യമാണ് കന്യാത്വം. പ്രോട്ടോമൊണാസ്റ്റിക് പരിവൃത്തിയിൽ പ്രസ്തുത ജീവിതശൈലിയ്ക്കും അനുബന്ധ ദർശനങ്ങൾക്കും സഭാശാസ്ത്ര വിഷയങ്ങളിൽ അപരിഹാര്യമായ പ്രാമാണ്യത ലഭിച്ചിരുന്നു. ആരാധനാ-ദൈവശാസ്ത്രത്തിലും ഈ ജീവിതമുന്നേറ്റം പ്രത്യേക സ്ഥാനം പിടിച്ചു. വാദെ ദൽമീനോ ശുശ്രൂഷാക്രമം ആഴമേറിയ ചിന്തകൾ കന്യാത്വ ദർശനങ്ങൾക്ക് പകർന്ന് നൽകുന്നു. സ്വർഗ്ഗീയ ജീവിതമായും സ്വർഗ്ഗത്തിന്റെ സൂക്ഷിപ്പുകാരായും കന്യാത്വത്തെയും കന്യകകളെയും പ്രകീർത്തിക്കുവാൻ വി.അഫ്രാത്ത് പരിശ്രമിക്കുന്നു. ജീവിതം ഒരു നല്ല തെരഞ്ഞെടുപ്പിന്റെ അനുഭവമെങ്കിൽ കന്യാത്വം അതിലെ സ്വതന്ത്രമായ തെരഞ്ഞെടുപ്പാണെന്ന് വി.നർസായിയും അവതരിപ്പിക്കുന്നു. ഈ ശുശ്രൂഷാക്രമം ആരംഭം മുതൽ ത്തന്നെ ഈ ജീവിതത്തിന്റെ ആദർശശുദ്ധിയെ ശ്ലാഘിക്കുന്നുണ്ട്. പ്രാകാശമുള്ള ദീപയഷ്ടിയുള്ളവരും പ്രസന്നമുഖമുള്ളവരുമാണവർ. ദൈവീകദർശനത്തിന് അവർ യോഗ്യരാണ്. കാരണം ഉണർവ്വ്, ശോഭ, വെടിപ്പ് എന്നിവയാൽ ജീവിതത്തെ ജാഗ്രതയോടെ സംരക്ഷിക്കുന്നവരാണവർ. ഒരുവൻ സ്വയം കണ്ടെത്തുവാൻവേണ്ടി നടത്തുന്ന വിശുദ്ധ ഉടമ്പടി എന്നും ഈ ജീവിതമാർഗ്ഗത്തെ പ്രകീർത്തിക്കുന്നു. കൃപ, സന്തോഷം, സ്നേഹം, കരുണ, സമാധാനം, ബലി എന്നീ വസ്ത്രങ്ങളാൽ മണവാളനായക്രിസ്തുവിനെ പ്രതീക്ഷിച്ചുകൊണ്ട്, സൗന്ദര്യവതികളായി കന്യകമാർ പരിലസിക്കുന്നുവെന്ന് ആരാധനക്രമം സാക്ഷിക്കുന്നു. ദൈവപ്രീതിക്കും ശുശ്രൂഷയ്ക്കും ഉപയുക്തമായ ജീവിതശൈലിയാണിത്. ഉടമ്പടിയുടെ മക്കൾ എന്ന സ്ഥാനം പ്രാപിക്കുവാനുള്ള അനുഗുണ ജീവിതമുന്നേറ്റമാണിത്. വിവാഹവിരുന്നിൽ പങ്കെടുക്കുവാനും മണവറയിൽ പ്രവേശിക്കുവാനും പ്രസ്തുത ജീവിതക്രമം സഹായിക്കുന്നു. മാമ്മോദീസായുടെ നൽവരങ്ങളുടെയും പ്രതിജ്ഞയുടെയും പൂർണ്ണതയും സാക്ഷാത്ക്കാരവുമാണീ ജീവിതമെന്നും ശുശ്രൂഷക്രമം വ്യക്തമാക്കുന്നു. സ്വർഗ്ഗത്തിലേക്ക് പറന്നുയരുന്ന പക്ഷിയുടെ ചിറകുകളായി, കന്യാത്വത്തെ പ്രകീർത്തിക്കുന്ന പിതാക്കന്മാരുടെ ദർശനം, വാദേ ദൽമീനോ ശുശ്രൂഷ മനോഹരമായി അവതരിപ്പിക്കുന്നു. പ്രകാശീകരണത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ജീവിതാവസ്ഥയായി ഈ ദർശനം ഇവിടെ മഹത്വീകരിക്കപ്പെടുന്നു.

**ജ്ഞാനത്താൽ ശ്രേഷ്ഠമാകുന്ന സ്നേഹമാർഗ്ഗം**

വാദേ ദൽമീനോ ശുശ്രൂഷ പ്രകീർത്തിക്കുന്നത് ജ്ഞാനിയായ കന്യകമാരെയാണ്; കാരണം മണവാളനെ കണ്ടുമുട്ടുവാനും മണവറയിൽ പ്രവേശിക്കുവാനും അവർക്കാണ് സാധിച്ചത്. പത്ത് കന്യകമാരുടെ ഉപമ, യുഗാന്ത്യോന്മുഖമായ ദർശനങ്ങൾ വിവരിക്കുന്നുണ്ട്. ആയിത്തീരേണ്ടതായ സ്വഭാവസവിശേഷതകളും അത് വ്യക്തമാക്കുന്നു. ബുദ്ധിയുള്ള എന്ന വിശേഷണംസവിശേഷമായ പ്രാധാന്യത്തോടെയാണ്

അവതരിപ്പിക്കുന്നത്. പ്രഥമവും പ്രധാനവുമായി ബുദ്ധിയുള്ളവർ എന്ന പ്രയോഗത്തിന് കന്യക മാർ യോഗ്യരായിത്തീർന്നത് കത്തിച്ച തിരികളുടെ സ്വന്തമാക്കലിലാണ്. പ്രകാശം തന്നെയായ മണ വാളനെ എതിരേൽക്കാൻ കത്തുന്ന വിളക്ക് അനി വാര്യമാണെന്ന് അവർ തിരിച്ചറിയുന്നു. എണ്ണയുടെ പര്യാപ്തത ഇവിടെ സഹായക ഘടകമാണ്. എണ്ണയുടെ പ്രതീകാത്മകമായ അർത്ഥങ്ങൾ കന്യാത്വത്തിന്റെ ജീവിതക്രമത്തോട് ചേർത്തുവ ച്ചുകൊണ്ട്, പിതാക്കന്മാർ അവതരിപ്പിക്കുന്ന, കൃപ യാൽ നിറയപ്പെട്ട ജീവിതമാണിത്. ജീവിതത്തിൽ പുലർത്തുന്ന നന്മയുടെ ആദർശഭാവമാണ് എണ്ണ. പ്രകാശീകരണത്തിനുള്ള ജീവിതക്രമീകരണമാ ണിത്. കരുണ, സ്നേഹം, നീതി, ജാഗ്രത ഇത്യാതി ക്രിസ്തീയ ചൈതന്യങ്ങളുടെ സ്വന്തമാക്കലാണ് ഇത് വിവക്ഷിക്കുന്നത്. പ്രകാശിത ജീവിതത്തിന്റെ അനന്തര ഫലമായ ഉണർവ്, ദൈവസ്തുതിപ്പിനു കാരണമാകുന്നു. ദൈവസാന്നിദ്ധ്യത്തിലായിരി ക്കുന്ന ജാഗ്രതയുടെ മുന്നേറ്റമാണിത്. ആരാധന ക്രമം, ജ്ഞാനത്തിന്റെ ഉറവിടമായി ക്രിസ്തുവിനെ ത്തന്നെ അവതരിപ്പിക്കുന്നുണ്ട്. ബുദ്ധിയുള്ള ജീവി തക്രമം പ്രാപിക്കുവാൻ എല്ലാ ആരാധകരെയും ഇവിടെ ആഹ്വാനം ചെയ്യുന്നു. അവരാണ് സ്വർഗ്ഗരാജ്യം അവകാശമാക്കുന്നതും സഭയുടെ യഥാർത്ഥ അംഗങ്ങളായിരിക്കുന്നതുമെന്ന് ഈ ശുശ്രൂഷക്രമം ഓർമ്മപ്പെടുത്തുന്നു. ദൈവ മഹത്വത്തിൽ വസിക്കുന്നതിനുള്ള ഉദ്ബോധനവും ഇവിടെ സംഭവ്യമാകുന്നു. അത്മീയ വിരുന്നിലേ ക്കുള്ള പ്രോത്സാഹനം നല്കികൊണ്ട്, രണ്ടാം വര വിനു വേണ്ടി പ്രത്യേക തയ്യാറെടുപ്പ് ഇവിടെ നട ത്തുകയാണ്. ജ്ഞാനിയായ കന്യകമാർക്ക് ലഭി ക്കുന്ന സൗഭാഗ്യം ആനന്ദമാണെന്നും ഈ ശുശ്രൂ ഷക്രമം പഠിപ്പിക്കുന്നു.

**ജാഗ്രതയോടുകൂടിയ കാത്തിരിപ്പ്**

വാദേ ദൽമീനോ ശുശ്രൂഷക്രമം പ്രത്യേകം ശ്രദ്ധയോടുകൂടി അവതരിപ്പിക്കുന്ന മറ്റൊരു യുഗാന്ത്യ ദൈവശാസ്ത്ര വിശകലനമാണ്, ജാഗ്ര തയോടുകൂടിയ കാത്തിരിപ്പ്. ബുദ്ധിമതികളായി തെരഞ്ഞെടുക്കപ്പെട്ടവർ തങ്ങളുടെ നിദ്രാവ സ്ഥയെ അതിജീവിച്ച് മണവാളനെ കാത്തിരുന്നു. നിദ്രയെ, മരണത്തോട് സദൃശ്യപ്പെടുത്തുന്ന സുറി



യാനി ദൈവശാസ്ത്രം ഇവിടെ അന്തർലീനമാണ്. ഈ ആരാധനക്രമം ഭക്തരെ ജാഗ്രതയുള്ള ഭൃത്യന്മാർ ആയിത്തീരുവാൻ ആഹ്വാനം ചെയ്യുന്നു. മണവാളനെ എതിരേൽപ്പാനും മണവറയിൽ പ്രവേശിക്കുവാനുമുള്ള അപരിഹാര്യമായ മനോഭാവമാണ് ഉണർവ്വ്. വിളക്കുകൾ തെളിയിക്കുവാൻ ജാഗരണം അനിവാര്യമാണ്. ജാഗ്രതയുടെ ഭാവത്തെ യുഗാന്ത്യോന്മുഖമായ ഉൽകൃഷ്ടതയായി ഈ ആരാധനാക്രമം പുകഴ്ത്തുന്നു. ഇപ്രകാരമുള്ള യോഗ്യതാക്രമം ഉത്തരവാദിത്വബോധം, വിശ്വസ്തത, സർഗ്ഗാത്മകത എന്നിവ വെളിവാക്കുന്നു. നിതാന്ത ജാഗ്രതയും സന്നദ്ധതയും ക്രിസ്തു തന്നെ ആവശ്യപ്പെടുന്ന ജീവിത ഭാവങ്ങളാണ്. യജമാനൻ വരുമ്പോൾ ഉണർവ്വോടെ ശുശ്രൂഷിക്കുന്ന ഭൃത്യൻ ഭാഗ്യവാനെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. ആത്മീയ അത്യുൽസാഹമാണ് ഈ ശുശ്രൂഷക്രമം, ഭക്തരിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഉണർവ്വിനെ ദൈവീക സ്വഭാവമായി അവതരിപ്പിച്ചുകൊണ്ട്, അതിൽ പങ്കുചേരുവാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. മാലാഖമാരോടുള്ള സഖിത്വം ഇവിടെ ഭക്തർക്ക് പ്രാപ്യമാകുകയാണ്. ഈറേ മാലാഖമാരുടെ, ഉറക്കമില്ലായ്മയിലേക്ക് ആരാധകർ ചേർക്കപ്പെടുകയാണ്. ഉണർവിന്റെ കാരണം ദൈവാരാധനയും ദൈവസാന്നിദ്ധ്യ സ്മരണയുമാണ്. ക്രിസ്തീയ ജീവിതത്തിന്റെ അവിഭാജ്യ ഭാവമായ പ്രത്യാശയുടെ ആഴങ്ങളിലേയ്ക്ക് വാദേ ദൽമീനോ ഭക്തരെ നയിക്കുന്നു. മണവാളനോടുള്ള കലർപ്പില്ലാത്ത സ്നേഹം ഇവിടെ അനിവാര്യ ജീവിതക്രമമായി അവതരിപ്പിക്കപ്പെടുന്നു. പറുദീസായുടെ പ്രതീകാത്മക അവതരണമായ മണവറയാണ് ജാഗ്രതയോടുകൂടിയ കാത്തിരിപ്പ് പ്രദാനം ചെയ്യുന്നത്. അപ്രകാരം ജീവിച്ച, വിശുദ്ധ സാക്ഷ്യങ്ങളോട്- പരിശുദ്ധ ദൈവമാതാവ്, പ്രവാചകന്മാർ, അപ്പസ്തോലന്മാർ, രക്തസാക്ഷികൾ, സത്യോപദേഷ്ടാക്കൾ, വേദപാരംഗതർ, സന്ന്യാസികൾ-സഹവാസം സ്ഥാപിക്കുവാനും ആരാധനക്രമം പ്രചോദിപ്പിക്കുന്നു.

**നീതിയുടെ കവാടം**

നീതി എന്ന സങ്കല്പം, വാദെ ദൽമീനോ ശുശ്രൂഷയിലെ ഏറ്റവും ഉത്തുംഗമായ ആശയമാണ്. കന്യകമാരുടെ ഉപമയുടെ ആത്യന്തികമായ സന്ദേശമായത് നിലകൊള്ളുന്നു. പ്രാരംഭ പ്രാർത്ഥന തന്നെ മ്ശിഹായെ എതിരേല്ക്കുവാനും മണവറയിൽ പ്രവേശിക്കുവാനുമുള്ള അപരിഹാര്യ പുണ്യമായി അതിനെ അവതരിപ്പിക്കുന്നു. പ്രകാശീകരണ പ്രക്രിയയോട് അനുരൂപമായി എണ്ണ നിറഞ്ഞ ദീപയഷ്ടികളെ താരതമ്യപ്പെടുത്തുന്നു. രണ്ടാം വരവിൽ ഭക്തർ സ്വായത്തമാക്കേണ്ടതായ ജീവിതശൈലിയാണ് ഇവിടെ അന്തർലീനമായിരിക്കുന്നത്. ഉണർവ്വും കാത്തിരിപ്പും, നീതി നിർവ്വഹണത്തിൽ സംഭവിക്കുന്നു. ശോഭ, സന്തോഷം, വെടിപ്പ് എന്നിവ അവർ പ്രാപിക്കുകയാണ്.പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ എന്ന അഭിധാനം നീതിമാന്മാർ സ്വന്തമാക്കുന്നു. മത്തായി സുവിശേഷകൻ, മാനുഷിക മൂല്യങ്ങൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് നീതിമാന്മാർക്ക് ലഭ്യമാകുന്ന വലത്തുഭാഗത്തെ സ്ഥാനക്കയറ്റത്തിന്റെ കാരണങ്ങൾ വിവരിക്കുന്നുണ്ട്. വിശപ്പ്, ദാഹം, നഗ്നത, രോഗാവസ്ഥ, തടവറവാസം ഇത്യാദി ജീവിതസാഹചര്യങ്ങളിൽ പുലർത്തുന്ന സഹോദരഭാവത്തെ നീതിനിർവ്വഹണത്തിന്റെ മാനദണ്ഡമായി അവതരിപ്പിക്കുന്നു. ജീവിതത്തിൽ ഒരുവൻ പ്രദർശിപ്പിക്കുന്ന മാനുഷിക നന്മകളാണിവ. ബുദ്ധിയുള്ള കന്യകളുടെ ജീവിതമാഹാത്മ്യത്തിന് വിപുലമായ വിശദീകരണമാണ് നീതിയെന്ന സങ്കല്പം. കർത്താവിനോടൊപ്പമുള്ള മഹത്വവാസത്തിന് അത്യന്താപേക്ഷിതമായി ഇത് അവതരിപ്പിക്കുന്നു. ദൈവത്തിന് ഏറെ വാത്സല്യഭാജനങ്ങളായി നീതിമാന്മാർ പരിലസിക്കുന്നു. അഫ്രാത്ത്, നീതിമാന്മാരെ മനുഷ്യ ശരീരത്തിലെ നയനങ്ങളോടും ജീവന്റെ ഔഷധമായും പ്രകീർത്തിക്കുന്നു. ലോകത്തെ അപചയത്തിൽ നിന്നും മാർഗ്ഗഭ്രംശത്തിൽ നിന്നും സംരക്ഷിക്കുന്ന ഉപ്പായും അവതരിപ്പിക്കുന്നു. മനുഷ്യശരീരത്തിന് ആത്മാവ് എപ്രകാരം അനിവാര്യമാണോ അപ്രകാരം ലോകത്തിന് നീതിയും അത്യന്താപേക്ഷിതമാണെന്നും ഈ പേർഷ്യൻ കവി വിവരിക്കുന്നു.സംരക്ഷണവും വഴിനടത്തലും നീതി നിർവ്വഹണത്തിൽ സംജാതമാകുന്നു. ജീവന്റെ തുറമുഖത്തേക്ക് നൗകയെ എത്തിക്കുന്ന നാവികരായും നീതിമാന്മാർ ശ്ലാഘിക്കപ്പെടുന്നു. ആത്യന്തികമായി ദൈവഹിതം തിരിച്ചറിഞ്ഞ് അത് പ്രായോഗിക തലത്തിൽ എത്തി

ക്കുവാൻ അവർ പരിശ്രമശാലികളാകുന്നു. അക്കാരണത്താൽ വാദെ ദൽമീനോ പ്രത്യേക താല്പര്യത്തോടെ നീതി എന്ന ദർശനത്തെ അവതരിപ്പിക്കുന്നു.

**ആഘോഷപൂർവ്വമായ പ്രദക്ഷിണം**

വാദെ ദൽമീനോ ശുശ്രൂഷയിലെ പ്രതീകാത്മകമായ കർമ്മമാണ് പ്രദക്ഷിണം. പാശ്ചാത്യ സുറിയാനി പാരമ്പര്യം അതിപ്രാധാന്യത്തോടെ അനുഷ്ഠിക്കുന്ന ഒരു ശുശ്രൂഷ ക്രമീകരണമാണിത്. ആഴമേറിയ ദൈവശാസ്ത്ര അർത്ഥങ്ങൾ ഇത് വെളിപ്പെടുത്തുന്നു. ക്രിസ്തീയ ജീവിതത്തെ ഒരു തീർത്ഥാടനമാക്കി പ്രകടിപ്പിച്ചുകൊണ്ട് യുഗാന്ത്യോന്മുഖമായ കാഴ്ച്ചപ്പാടുകൾ ഈ യാത്ര പ്രദാനം ചെയ്യുന്നു. പഴയനിയമ ജനത, വാഗ്ദാന നാട്ടിലേക്ക് നടത്തിയ തീർത്ഥാടനമാണിതിന്റെ തിരുവചനാടിസ്ഥാനം. രക്ഷയും വിമോചനവും ഇവിടെ പ്രതിപാദ്യവിഷയമാകുന്നു. പുതിയ ജനത, ക്രിസ്തുവിന്റെ ജീവിതത്തെയും സഭാ ജീവിതത്തെയും ഒരു തീർത്ഥാടനമായിട്ടാണ് ദർശിക്കുന്നത്. കുരിശിന്റെ തണലിൽ സ്വർഗ്ഗീയ ജെറുസലേമിലേക്കുള്ള യാത്ര ഇവിടെ ധ്യാനചിന്തയാകുന്നു. ആരാധനക്രമം ദൈവരാജ്യ പ്രവേശനത്തിന് അനുയോജ്യമായ തീർത്ഥാടനം, പെരുന്നാൾക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മനുഷ്യജീവിതത്തിന്റെ പ്രവാസകാലഘട്ടവും അകൽച്ചയുടെ അനുഭവം-മടങ്ങിവരവും ഈ യാത്രയുടെ പശ്ചാത്തലത്തിലാണ് വിവക്ഷിക്കുന്നത്. ആരാധനാവത്സരം തന്നെ ക്രിസ്തു സംഭവങ്ങളുടെ ഒരു തീർത്ഥാടനമായിട്ടാണ് സഭ ക്രമീകരിച്ചിരിക്കുന്നത്. ഉത്ഥാനമെന്ന ജീവൽ തുറമുഖത്തേക്കാണ് ഈ യാത്ര കടന്ന് പോകുന്നത്. വാദേ ദൽമീനോ ശുശ്രൂഷയുടെ പ്രദക്ഷിണ വേളയിൽ ഉരുവിടുന്ന 118-ാം സങ്കീർത്തനം അതിന്റെ സാംഗത്യം വെളിവാക്കുന്നു: കർത്താവാണ് ദൈവം; അവിടുന്നാണ് നമുക്ക് പ്രകാശം നല്കിയത്; ....... ബലിപീഠത്തിങ്കലേക്കു നീങ്ങുവിൻ . കത്തിച്ച തിരികളുമായുള്ള യാത്ര പ്രകാശീകരണത്തിനുള്ള ആഹ്വാനമാണ് നല്കുന്നത്. നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു എന്നുള്ള സുവിശേഷ പ്രഘോഷണമാണ് ഇവിടെ അനുവർത്തിക്കുന്നത്. ദൈവസാന്നിദ്ധ്യം ലോകത്തിന് പകരാനും ദൈവ മഹത്വം പ്രഖ്യാപിക്കുവാനുള്ള സാദ്ധ്യതയാണിവിടെ സംഭവ്യമാകുന്നത്. ക്രിസ്തുവിന് മുന്നോടിയായ സ്നാപക യോഹന്നാന്റെ ദൗത്യവും, തിരികളുമായി മുന്നേറുന്ന ആരാധകർ വെളിപ്പെടുത്തുന്നു. രണ്ടാം വരവിനുള്ള തയ്യാറെടുപ്പായും പ്രസ്തുത ശുശ്രൂഷ ക്രമം അവതരിപ്പിക്കപ്പെടുന്നു. ക്രിസ്തീയ ജീവിതം തന്നെ ഒരു പ്രദക്ഷിണമായി അവതരിപ്പിച്ചു കൊണ്ട് പവിത്രീകരണം, പ്രകാശീകരണം, ദൈവീകരണം എന്നീ ആത്മീയ പ്രക്രിയകളെ ഇവിടെ നാടകീയമായി അവതരിപ്പിക്കുന്നു. യുഗാന്ത്യോന്മുഖമായ പറുദീസാ വാസത്തിലേക്ക് പ്രദക്ഷിണം ആരാധകരെ ആനയിക്കുന്നു.

**പ്രകാശിതമായ മണവറ**

വാദേ ദൽമീനോ ശുശ്രൂഷ വ്യക്തമായ ദർശനത്തോടെ അവതരിപ്പിക്കുന്ന ഒരു സങ്കല്പമാണ് മണവറ. ഗ്നൂനോ എന്ന സുറിയാനിപദം സ്വർഗ്ഗ മണവറ എന്ന് അർത്ഥമാക്കുമ്പോൾ ആവൃതിയുള്ള കൂടാരം എന്ന് പദാനുപദമായി സൂചിതമാകുന്നു. ഈ ശുശ്രൂഷ ക്രമം മണവറയെ, കത്തുന്ന വിളക്കുകളേന്തിയ ബുദ്ധിയുള്ള കന്യകമാർക്ക് ലഭ്യമായ സന്തോഷ-സൗഭാഗ്യങ്ങളുടെ ഇടമായി അവതരിപ്പിക്കുന്നു. മണവാളനെ ദർശിക്കുവാൻ ഇടം ലഭിക്കുന്ന സ്ഥലമാണിത്. സ്നേഹ വിരുന്നിന് ക്ഷണിക്കപ്പെട്ടവർ ആയിരിക്കുന്ന ഭാഗ്യാവസ്ഥയാണിത്. വിശിഷ്ട ഭോജ്യങ്ങൾ ലഭ്യമാകുന്നതുമിവിടെയാണ്. ആത്മീയ തുറമുഖവും വിശുദ്ധന്മാരുടെ ആശ്വാസസ്ഥലവുമാണിത്. തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്രമേ ഇവിടെ പ്രവേശനം അനുവദനീയമായിട്ടുള്ളു. പ്രകാശത്തിന്റെ മണവറയെന്നും ആനന്ദത്തിന്റെ മണവറയെന്നും ആരാധനക്രമം ഇതിനെ പ്രകീർത്തിക്കുന്നുണ്ട്. ദൈവരാജ്യത്തിനുള്ള മഹനീയ രൂപകാലങ്കാരമായി സുറിയാനി പിതാക്കന്മാർ മണവറയെ പ്രയുക്തമാക്കുന്നു. ക്രിസ്തുവെന്ന മണവാളൻ, ക്ഷണിച്ചവരെ, അതിഥികളായി സ്വീകരിക്കുന്നു. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതും അവനോടൊപ്പമുള്ള ഐക്യം പൂർണ്ണത പ്രാപിക്കുന്നതുമായ ഇടമാണിത്. സമർപ്പണ ജീവിതം, മണവറ പ്രവേശനത്തിനുള്ള മാർഗ്ഗമായിട്ടാണ് ദർശിക്കുന്നത്. മണവറക്ക് നല്കപ്പെടുന്ന അക്ഷയ സ്ഥലം എന്ന പ്രയോഗം നിത്യജീവിതാവസ്ഥയെ പ്രത്യേകം പരാമർശിക്കുന്നു.



യുഗാന്ത്യോന്മുഖമായ ജീവിതഭാഗ്യത്തെയാണ് പ്രമാണീകരിക്കുന്നത്. പറുദീസാവാസത്തോടും മണവറയെ താരതമ്യ പരിചിന്തനം നടത്തുന്നുണ്ട്. ചില പൗരാണിക ഗ്രന്ഥങ്ങളിൽ ക്രിസ്തുവുമായുള്ള പരിപൂർണ്ണ ഐക്യമാണ് വിശകലനമാക്കുന്നത്. വിശുദ്ധീകരണത്തിന്റെ ഇടമായി മണവറയെ ശ്ലാഘിക്കുമ്പോൾ മാലാഖമാർ, കന്യകകൾ, വിശുദ്ധർ എന്നിവരുടെ വാസസ്ഥലമായും ആരാധനക്രമം ഇതിനെ വർണ്ണിക്കുന്നുണ്ട്.

**അടച്ചിട്ട വാതിലും തുറക്കപ്പെടുന്ന ദൈവാലയവും**

വാതിൽ പ്രത്യേകം പരാമർശിക്കപ്പെടുന്ന മറ്റൊരു രൂപകാലങ്കാരമാണ്. വാദെ ദൽമീനോ ശുശ്രൂഷയുടെ ആദ്യഭാഗത്ത് ദൈവാലയ വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കുകയാണ്. വി. നർസായ്, അടയ്ക്കപ്പെട്ട വാതിലുകളെപറ്റി വിവരിക്കുന്നുണ്ട്. ബുദ്ധിയുള്ള കന്യകമാർക്ക് മാത്രമേ പ്രവേശനാനുമതിയുള്ളു എന്ന് വ്യക്തമാക്കുവാനാണ് ഇപ്രകാരമുള്ള ക്രമീകരണം. ബുദ്ധിയില്ലാത്തവർ വാതിലിന് പുറത്ത് സ്ഥിതിചെയ്യുന്നുവെന്നും അദ്ദേഹം പഠിപ്പിക്കുന്നു. അത് ഭൗതികവാസത്തെയാണ് ദൃഷ്ടാന്തീകരിക്കുന്നത്. എണ്ണയുടെ അപര്യപ്തത കാരണമാണ് ഇപ്രകാരം വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കുന്നത് എന്നും വിശദമാക്കുന്നു. ദൈവാലയത്തിന് പുറത്തുള്ള കാത്തിരിപ്പ്, മണവാളൻ എത്തുന്നു എന്നുള്ള പ്രഖ്യാപനം ശ്രവിക്കുവാനാണ്. പ്രകാശിതഭാവത്തെ സൂചിപ്പിക്കുന്ന, കത്തിച്ച മെഴുകുതിരികളുമായി, ഭക്തർ ദൈവാലയത്തിന് പുറത്ത് നിലക്കുന്നത്, മണവറയായ ദൈവാലയത്തിലേക്ക് മണവാളൻ പ്രത്യക്ഷപ്പെടുമ്പോൾ പ്രവേശിക്കുവാനാണ്. പൗരസ്ത്യ സന്ന്യാസ പാരമ്പര്യത്തിൽ നിലനിന്നിരുന്ന ഈ ആചാരം അതിന്റെ തനിമയിൽ ക്രമീകൃതമായ വാദേ ദൽമീനോ ശുശ്രൂഷയിലും സ്ഥാനം പിടിച്ചു. സന്ന്യാസ ജീവിതം ആഗ്രഹിച്ച് കടന്നു വരുന്ന അർത്ഥി, ഇപ്രകാരം സന്ന്യാസ ഭവനത്തിന് പുറത്ത് കാത്തിരിക്കുകയും വാതിലിൽ മുട്ടുകയും സന്ന്യാസാധിപൻ വാതിൽ തുറന്നു കൊടുക്കുകയും ചെയ്തിരുന്നു. സുറിയാനി പാരമ്പര്യത്തിൽ, സഭയും സന്ന്യാസവും

www.malankaralibrary.com



തമ്മിലുള്ള പാരസ്പര്യതയിൽ ഈ ശുശ്രൂഷ ക്രമീകരണവും സജ്ജീകൃതമായി. ദൈവാലയത്തിനുള്ളിലേക്കുള്ള യാത്ര, പ്രദക്ഷിണത്തിന്റെ അന്ത്യക്രമീകരണമാണ്; യുഗാന്ത്യോന്മുഖമായ മണവറയിൽഭക്തർ എത്തിച്ചേരുന്നുവെന്ന വിശ്വാസപ്രഘോഷണമാണ് ഇവിടെ ആഘോഷിക്കപ്പെടുന്നത്.

വാതിലുകൾ മുട്ടുന്നത്, വി. കുരിശു കൊണ്ടാണ്. മൂന്ന് പ്രാവശ്യം പ്രധാനശുശ്രൂഷകൻ ഇത് അനുഷ്ഠിക്കുന്നു. മുട്ടുവിൻ തുറക്കപ്പെടും എന്നുള്ള സുവിശേഷവാക്യം ഇവിടെ ചിന്തനീയമാകുന്നു. ക്രിസ്തുവിനെത്തന്നെ വാതിലായി പിതാക്കൻമാർ അവതരിപ്പിക്കുന്നു. കുരിശു കൊണ്ടുള്ള മുട്ടൽ, ഹാശായിലേക്കുള്ള പ്രവേശനത്തെ സദൃശ്യമാക്കുന്നു. കുരിശിനെ, രക്ഷയുടെ തുറമുഖമായിട്ട് ആരാധനക്രമം പുകഴ്ത്തുന്നുണ്ട്. വാദേ ദൽമീനോ ശുശ്രൂഷ, ക്രിസ്തുവിന്റെ പീഡാ-സഹനങ്ങളിലേക്കും ഉത്ഥാനത്തിലേക്കുമുള്ള അനുസ്മരണയുടെ വാതായനങ്ങൾ തുറക്കുകയാണ്. കുരിശ് പ്രതിനിധാനം ചെയ്യുന്ന ഹാശാ- ഉയിർപ്പ് എന്നീ ക്രിസ്തു രഹസ്യങ്ങളിലേക്ക് പ്രസ്തുത കർമ്മം വിരൽചൂണ്ടുന്നു. അനുതാപ ഹൃദയത്തെ വർണ്ണിക്കുവാൻ കുരിശു കൊണ്ടുള്ള മുട്ടൽകർമ്മം സൂചിപ്പിക്കുന്നു. അനുതാപത്തിന്റെ ചൈതന്യത്തിലേക്കുള്ള തീർത്ഥാടനമായും ഇതിനെ വിവക്ഷിക്കാവുന്നതാണ്.

**ഉപസംഹാരം**

ദർശനത്തിലും അവതരണത്തിലും വ്യത്യസ്തമായ ശുശ്രൂഷക്രമമാണ് വാദെ ദൽമീനോ. ഓശാന മുതൽ ഉത്ഥാനം വരെയുള്ള ക്രിസ്തു സംഭവങ്ങളെ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രസ്തുത ആരാധനക്രമത്തെ വിശേഷിപ്പിക്കാം. ആദിമ സഭയിൽ ക്രിസ്തുവിന്റെ രണ്ടാം വരവ് പെട്ടെന്നുള്ള സംഭവ്യതയായി പ്രത്യാശിച്ചിരുന്നു. ആയതിനാൽ പ്രാർത്ഥനകളും ആരാധനാ രീതികളും അതിനുള്ള പ്രത്യേക ക്രമീകരണങ്ങളായി രൂപവത്ക്കരിച്ചു. ജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും തയ്യാറെടുപ്പ് നടത്തുവാനും പ്രത്യേകം ആഹ്വാനവും ചെയ്തു. വിശുദ്ധ ആഴ്ച്ചയുടെ ആരാധന ക്രമീകരണം പൊതുവായും ജീവൽ തുറമുഖ പ്രാപ്തി എന്ന ശുശ്രൂഷക്രമം പ്രത്യേകമായും മേൽ വിവരിച്ച ചിന്തയ്ക്ക് അനുരൂപമായി ക്രമീകരിക്കപ്പെട്ടു. കുരുത്തോല പെരുന്നാൾ മുതൽ പെരുന്നാളുകളുടെ പെരുന്നാളായ ഉത്ഥാന തിരുനാൾ വരെ വിശ്വാസികൾ, ക്രിസ്തീയ ജീവിതസംഹിതയുടെ വിശ്വാസ സത്യങ്ങൾ ആഘോഷമാക്കി പ്രഘോഷിക്കുന്നു. വാദേ ദൽമീനോ ശുശ്രൂഷ ഈ ആരാധന കാലഘട്ടത്തെ കൂടുതൽ സമ്പന്നമാക്കുകയും വിശ്വാസികളെ ആഴമേറിയ ബോധ്യങ്ങളിൽ ഉറപ്പിക്കുകയും ചെയ്യുന്നു. ക്രിസ്താനുഗമനത്തിൽ ഭക്തർ സ്വായത്തമാക്കേണ്ടതായ മൂല്യങ്ങളെ ഈ ക്രമം പ്രത്യേക ശ്രദ്ധയോടെ വിവരിക്കുന്നു. യുഗാന്ത്യോന്മുഖമായ ജീവിതത്തിന് അനുയോജ്യമായ ആത്മീയത പ്രദാനം ചെയ്യുകയും ചെയ്യുന്നു. പ്രകാശിതമായിത്തീരേണ്ടതായ ക്രിസ്തീയ ജീവിതത്തെ ഇത് പ്രത്യേകമായി സ്വാധീനിക്കുന്നു. സ്വർഗ്ഗീയാനന്ദത്തിനും ഭാഗ്യത്തിനും ഭക്തരെ ഇത് സഹായിക്കുന്നു. ക്രിസ്തുശാസ്ത്രം, യുഗാന്ത്യോന്മുഖശാസ്ത്രം, സഭാശാസ്ത്രം, താപസ ജീവിതക്രമം, ധാർമ്മീക ജീവിത വീക്ഷണം എന്നീ മേഖലകളിൽ അനിവാര്യമായ ദർശനങ്ങൾ ഈ ശുശ്രൂഷക്രമം പ്രദാനം ചെയ്യുന്നു.

**ഉപകാരസ്മരണ**



**ഒരു വിശ്വാസി**

www.malankaralibrary.com



മാവേലിക്കര ഭദ്രാസനത്തിന്റെ
പുതിയ അധ്യക്ഷനായി ശുശ്രൂഷ ആരംഭിക്കുന്ന
അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ്
മെത്രാപ്പോലീത്തായ്ക്ക്
പ്രാർത്ഥനാഭാവുകങ്ങൾ

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-6-2025

www.malankaralibrary.com

**Christavakahalam Monthly, JULY 2025**
Annual Subscription Rs. 150/-
Single Copy Rs. 15/-




Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com